പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 62 ലക്കം 2 മേയ് 2022

## നൂറിന്റെ നിറവിൽ

### നാനൂറ്റി നാൽപ്പത് ഗ്രാമപഞ്ചായത്തുകൾ

**ദേശീയ കുടുംബാരോഗ്യ സർവേയും കേരളവും**

**പതിനാലാം പഞ്ചവത്സര പദ്ധതി പ്രാദേശിക പദ്ധതികളിലെ സാമ്പത്തിക പിന്തുണകൾ**

'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം
പകർച്ചവ്യാധികളെ അകറ്റി നിർത്തുക പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

മേയ് 2022


## അകത്ത്

നൂറിന്റെ നിറവിൽ നാനൂറ്റി നാൽപ്പത് ഗ്രാമപഞ്ചായത്തുകൾ 5

പതിനാലാം പഞ്ചവത്സര പദ്ധതി പ്രാദേശിക പദ്ധതികളിലെ സാമ്പത്തിക പിന്തുണകൾ
ഹുസൈൻ എം. മിന്നത്ത് 11

നാടാകെ നവകേരളം പച്ചത്തുരുത്തുകൾ
അന ലിയ ജോസ് 17

ദേശീയ കുടുംബാരോഗ്യ സർവേയും കേരളവും
അനീഷ് കുമാർ ബി. 21

സ്ത്രീശക്തിയുടെ മഹാസംഗമം കുടുംബശ്രീ രജതജൂബിലി ആഘോഷങ്ങൾക്ക് നിറപ്പകിട്ടാർന്ന തുടക്കം
ആശ എസ്. പണിക്കർ 25

സംരംഭക സൗഹൃദപഞ്ചായത്താവാൻ വെള്ളാങ്ങല്ലൂർ
എം.എം. മുകേഷ് 27

ആദിവാസി യുവജനങ്ങൾക്കായി കുടുംബശ്രീയുടെ ഗോത്രകിരണം പദ്ധതി
ആശ എസ്. പണിക്കർ 29

സബ്സിഡിയും 2022-23 വാർഷിക പദ്ധതിയും
ദീപു പി. 32

അന്യംനിന്നുപോകുന്ന പൈതൃക ഭക്ഷണങ്ങൾ
ടി. ഷാഹുൽ ഹമീദ് 35

ഗൃഹപാഠമായി മാറേണ്ട ശുചിത്വശീലങ്ങൾ
മുരളീധരൻ തഴക്കര 40


### പംക്തികൾ


വാർത്തകൾ വിശേഷങ്ങൾ 31

ഊരും പേരും -22 37

എന്റെ മലയാളം 38

എന്ന് വായനക്കാർ 42

മേയ് 2022
പുസ്തകം 62 ലക്കം 2
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എം.വി. ഗോവിന്ദൻ മാസ്റ്റർ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. എം. ഉഷ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ഷിബു കെ.കെ.
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ഷിബു കെ.കെ.
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9847235884

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത്‌രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, കവടിയാർ പി.ഒ.
തിരുവനന്തപുരം 695003

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

# പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിന് വേണ്ടി നമുക്ക് കൈകോർക്കാം

പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി വൈവിദ്ധ്യമാർന്ന വികസന പരിപാടികൾ ആസൂത്രണം ചെയ്യാനും പ്രാവർത്തികമാക്കാനുമുള്ള ശേഷി ഇതിനോടകം തന്നെ നമ്മുടെ തദ്ദേശസ്ഥാപനങ്ങൾ ആർജ്ജിച്ച് കഴിഞ്ഞു. പട്ടികജാതി വിഭാഗക്കാരുടെ വികസനം ലക്ഷ്യം വച്ചിട്ടുള്ള പട്ടികജാതി ഉപപദ്ധതി (Scheduled Caste Sub Plan), പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസനം ലക്ഷ്യംവച്ചിട്ടുള്ള പട്ടികവർഗ്ഗ ഉപപദ്ധതി (Tribal Sub Plan) എന്നിവയിൽ സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തി. 2021-22 വാർഷിക പദ്ധതിയിൽ നൂറ് ശതമാനം നിർവ്വഹണ പുരോഗതി കൈവരിച്ച എൺപത്തിയഞ്ച് ഗ്രാമപഞ്ചായത്തുകൾ, പട്ടികജാതി ഉപപദ്ധതിയിൽ മാത്രം നൂറ് ശതമാനം നിർവ്വഹണ പുരോഗതി കൈവരിച്ച ഇരുനൂറ്റി എൺപത്തിയൊമ്പത് ഗ്രാമപഞ്ചായത്തുകൾ, പട്ടികവർഗ്ഗ ഉപപദ്ധതിയിൽ മാത്രം നൂറ് ശതമാനം നിർവ്വഹണ പുരോഗതി കൈവരിച്ച അറുപത്തിയാറ് ഗ്രാമപഞ്ചായത്തുകൾ എന്നിവ ഉൾപ്പെടെ നാനൂറ്റി നാൽപ്പത് ഗ്രാമപഞ്ചായത്തുകളുടെ പ്രതിനിധികൾ 2022 മെയ് 21 ന് തൃശ്ശൂർ കേരള ബാങ്ക് ആഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ ബഹു. തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്ററിൽ നിന്ന് ആദരം ഏറ്റുവാങ്ങിയപ്പോൾ പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമം ലക്ഷ്യം വച്ചുള്ള പദ്ധതി നിർവ്വഹണ തലത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തുകൾ മറ്റൊരു നാഴികക്കല്ല് കൂടി പിന്നിടുകയായിരുന്നു.

പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമം ഉന്നം വച്ചുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിൽ നമ്മുടെ തദ്ദേശ സ്ഥാപനങ്ങളിൽ ജന പ്രതിനിധി- ഉദ്യോഗസ്ഥ തലത്തിൽ വ്യക്തമായ ഇഴയടുപ്പം രൂപപ്പെട്ടിട്ടുണ്ടെന്നുള്ളതിന്റെ വ്യക്തത തന്നെയാണ് ഈ നേട്ടം. അത് കൊണ്ട് തന്നെയാണ് ജനപ്രതിനിധികൾക്കൊപ്പം നിർവ്വഹണ ഉദ്യോഗസ്ഥർ കൂടി ആദരിക്കപ്പെട്ടത്. പിന്നോക്ക വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികളുടെ പ്രധാന നിർവ്വഹണ ഉദ്യോഗസ്ഥരായ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിമാർ സർക്കാർ തലത്തിൽ ഇത്തരം ഒരു ബൃഹത് ചടങ്ങിൽ അനുമോദിക്കപ്പെട്ടത് വേറിട്ട അനുഭവമായി മാറി.

പിന്നോക്ക വിഭാഗങ്ങളുടെ യഥാർത്ഥ ഉന്നമനം സാദ്ധ്യമാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ പ്രതിബദ്ധതക്ക് ചരിത്രപരമായ നേട്ടങ്ങളോടെ തദ്ദേശ സ്ഥാപനങ്ങൾ കരുത്ത് പകരുന്നത് ഏറെ ആശാവഹമായ കാര്യം തന്നെയാണ്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിന് വേണ്ടി വരും സാമ്പത്തിക വർഷങ്ങളിലും നേട്ടം ആവർത്തിക്കുന്നതിന് നമുക്ക് കൈകോർക്കാം.

**എച്ച്. ദിനേശൻ ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

**നിർമലമായ സ്നേഹത്താൽ നേടാനാവാത്തതായി ഒന്നുമില്ല.**
- ഗാന്ധിജി

# നൂറിന്റെ നിറവിൽ
## നാനൂറ്റി നാൽപ്പത് ഗ്രാമപഞ്ചായത്തുകൾ

സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം നയങ്ങളുടെ കാതലായി സ്വീകരിച്ചിട്ടുള്ള ഒരു സർക്കാരിന്റെ ഇച്ഛാശക്തി പിൻതുടർന്ന് പിന്നോക്ക വിഭാഗങ്ങൾക്ക് വേണ്ടി വൈവിദ്ധ്യമാർന്ന വികസന പരിപാടികൾ മികവാർന്ന രീതിയിൽ ആസൂത്രണം ചെയ്യാനും പ്രാവർത്തികമാക്കാനുമുള്ള ശേഷി തദ്ദേശസ്ഥാപനങ്ങൾ ആർജ്ജിച്ച് കഴിഞ്ഞു എന്നുള്ളതിന്റെ നേർക്കാഴ്ചയാണ് 2022 മെയ് 21 ന് തൃശ്ശൂർ നഗരം സാക്ഷ്യം നിന്നത്. പട്ടികജാതി വിഭാഗക്കാരുടെ വികസനം ലക്ഷ്യം വച്ചിട്ടുള്ള പട്ടികജാതി ഉപപദ്ധതി (Scheduled Caste Sub Plan), പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസനം ലക്ഷ്യം വച്ചിട്ടുള്ള പട്ടികവർഗ്ഗ ഉപപദ്ധതി (Tribal Sub Plan) എന്നിവയിൽ സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തി 2021-22 വാർഷിക പദ്ധതിയിൽ നൂറ് ശതമാനം നിർവ്വഹണ പുരോഗതി കൈവരിച്ച എൺപത്തിയഞ്ച് ഗ്രാമപഞ്ചായത്തുകൾ, പട്ടികജാതി ഉപപദ്ധതിയിൽ മാത്രം നൂറ് ശതമാനം നിർവ്വഹണ പുരോഗതി കൈവരിച്ച ഇരുന്നൂറ്റി എൺപത്തിയൊമ്പത് ഗ്രാമപഞ്ചായത്തുകൾ, പട്ടികവർഗ്ഗ ഉപപദ്ധതിയിൽ മാത്രം നൂറ് ശതമാനം നിർവ്വഹണ പുരോഗതി കൈവരിച്ച അറുപത്തിയാറ് ഗ്രാമപഞ്ചായത്തുകൾ എന്നിവ ഉൾപ്പെടെ നാനൂറ്റി നാൽപ്പത് ഗ്രാമപഞ്ചായത്തുകളുടെ പ്രതിനിധികൾ ബഹു. തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.എം.വി.ഗോവിന്ദൻ മാസ്റ്ററിൽ നിന്ന് ആദരം ഏറ്റുവാങ്ങിയപ്പോൾ പിന്നോക്ക വിഭാഗങ്ങളുടെ സമഗ്ര വികസനം പൂർണ്ണമായും ഉൾക്കൊള്ളുന്ന സംസ്ഥാന സർക്കാരിന്റെ നയങ്ങൾക്ക് പൂർണ്ണശോഭ കൈവരുകയായിരുന്നു. തൃശ്ശൂർ ജില്ലയിലെ കേരള ബാങ്ക് ആഡിറ്റോറിയത്തിൽ ബഹു. .എം.എൽ.എ. ശ്രീ.പി.ബാലചന്ദ്രന്റെ അധ്യക്ഷതയിൽ കേരളത്തിന്റെ ബഹു. തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.എം.വി. ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്ത ചടങ്ങ് പ്രാദേശികാസൂത്രണത്തിൽ മികവിനുള്ള യഥാർത്ഥ അംഗീകാരം തന്നെയായിരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായുള്ള പദ്ധതികളുടെ ചെലവ് പൊതുവിഭാഗം ചെലവിനൊപ്പമോ അതിലധികമോ ആക്കി തീർക്കുന്നതിന് നിശ്ചയവും ആശയങ്ങളുമായി സർക്കാർ കൂടെ നിന്നപ്പോൾ തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ പുരോഗതി നിരന്തരമായ അവലോകനങ്ങളിലൂടെ വിലയിരുത്തി തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ ഒപ്പം നിന്നു. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ പിന്നോക്ക വിഭാഗ മേഖലയിലെ പദ്ധതി നിർവ്വഹണ പുരോഗതിയിലുണ്ടായ വൻമുന്നേറ്റം ഈ ഇടപെടലുകളുടെ ആകെ തുക തന്നെയാണ് ഈ പ്രവർത്തന മികവ് ആദരിക്കപ്പെട്ടപ്പോൾ

*പഞ്ചായത്ത് ഡയറക്ടർ ശ്രീ. എച്ച്. ദിനേശൻ ഐ.എ.എസ്. സ്വാഗതം പറയുന്നു.*

വരും സാമ്പത്തിക വർഷങ്ങളിലും മികവ് തുടരുന്നതിനുള്ള ഊർജ്ജം കൂടി പകർന്ന് നൽകുകയായിരുന്നു.

ചടങ്ങിൽ ബഹു. പഞ്ചായത്ത് ഡയറക്ടർ ശ്രീ.എച്ച്.ദിനേശൻ, ഐ.എ.എസ്.സ്വാഗതം പറഞ്ഞു. സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ശ്രീ.ജിജു.പി.അലക്സ് മുഖ്യപ്രഭാഷണം നടത്തി.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശ്രീ.ഡി.ബാലമുരളി. ഐ.എ.എസ്, ശ്രീ. പി.കെ. ഡേവിസ് മാസ്റ്റർ, ചെയർമാൻ, ജില്ലാ ആസൂത്രണ സമിതി ആന്റ് പ്രസിഡന്റ് ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ, ശ്രീ. കെ. സുരേഷ്, ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത്അസോസിയേഷൻ എന്നിവർ ആശംസകൾ അർപ്പിച്ചു. അഡീഷണൽ പഞ്ചായത്ത് ഡയറക്ടർ ശ്രീ. എം.പി. അജിത്കുമാർ കൃതജ്ഞത അറിയിച്ചു. തുടർന്ന് പട്ടികജാതി–പട്ടികവർഗ്ഗ മേഖലയിലെ തെരഞ്ഞെടുക്കപ്പെട്ട മാതൃകാപദ്ധതികളുടെ അവതരണവും നടന്നു.

തൃശ്ശൂരിലെ കേരള ബാങ്ക് ആഡിറ്റോറിയത്തിൽ സംഘടിപ്പിക്കപ്പെട്ട ഈ ചടങ്ങ് ബാക്കി വയ്ക്കുന്നത് ദുർബല വിഭാഗങ്ങൾക്ക് ഒപ്പം ഈ സർക്കാർ എന്ന വാക്യത്തിന്റെ പൂർണ്ണത തന്നെയാണ്.

## സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും ഒരേപോലെ നൂറ് ശതമാനം നിർവ്വഹണ പുരോഗതി കൈവരിച്ച ഗ്രാമപഞ്ചായത്തുകൾ

| | |
|---|---|
| **തിരുവനന്തപുരം** | |
| 1 | മാറനല്ലൂർ |
| 2 | പുല്ലമ്പാറ |
| 3 | വിളപ്പിൽ |
| **ആലപ്പുഴ** | |
| 4 | പുന്നപ്ര തെക്ക് |
| 5 | അരൂർ |
| 6 | ആര്യാട് |
| 7 | ചേന്നംപള്ളിപ്പുറം |
| 8 | ചേർത്തല തെക്ക് |
| 9 | കുമാരപുരം |
| 10 | കത്തിയതോട് |
| 11 | മാരാരിക്കുളം വടക്ക് |
| 12 | മുഹമ്മ |
| 13 | പനവള്ളി |
| 14 | പട്ടണക്കാട് |
| 15 | തൈക്കാട്ടുശ്ശേരി |
| 16 | തണ്ണീർമുക്കം |
| 17 | വയലാർ |
| **കോട്ടയം** | |
| 18 | അയർക്കുന്നം |
| 19 | കുറോപ്പട |
| 20 | കുട്ടിക്കൽ |
| 21 | മീനച്ചിൽ |
| 22 | നീണ്ടൂർ |
| 23 | പനച്ചിക്കാട് |
| 24 | പാറത്തോട് |
| 25 | ഉഴവൂർ |
| 26 | വെള്ളാവൂർ |
| **എറണാകുളം** | |
| 27 | എടക്കാട്ടുവയൽ |
| 28 | കിഴക്കമ്പലം |
| 29 | മാറാടി |
| 30 | വടക്കേക്കര |
| 31 | വടവുകോട്-പുത്തൻകുരിശ് |
| **ഇടുക്കി** | |
| 32 | ആലക്കോട് |
| 33 | കരിങ്കുന്നം |
| 34 | മരിയാപുരം |
| 35 | മുട്ടം |
| 36 | പുറപ്പുഴ |
| 37 | സേനാപതി |

| | |
|---|---|
| 38 | ഉടുമ്പന്നൂർ |
| 39 | വട്ടവട |
| 40 | വെള്ളത്തൂവൽ |
| **തൃശ്ശൂർ** | |
| 41 | അളഗപ്പനഗർ |
| 42 | മറ്റത്തൂർ |
| 43 | നടത്തറ |
| 44 | പഴയന്നൂർ |
| 45 | വരന്തരപ്പിള്ളി |
| **കോഴിക്കോട്** | |
| 46 | ചക്കിട്ടപ്പാറ |
| 47 | ബാലുശ്ശേരി |
| 48 | ചെക്യാട് |
| 49 | കാക്കൂർ |
| 50 | കാവിലുംപാറ |
| 51 | കായണ്ണ |
| 52 | കൂരാച്ചുണ്ട് |
| 53 | മടവൂർ |

| | |
|---|---|
| 54 | മരുതോങ്കര |
| 55 | നന്മണ്ട |
| 56 | നരിക്കുനി |
| 57 | നരിപ്പറ്റ |
| 58 | പനങ്ങാട് |
| 59 | താമരശ്ശേരി |
| 60 | ഉണ്ണിക്കുളം |
| 61 | വളയം |
| 62 | വാണിമേൽ |
| **വയനാട്** | |
| 63 | കോട്ടത്തറ |
| 64 | മൂപ്പൈനാട് |
| 65 | പൂൽപ്പള്ളി |
| 66 | മീനങ്ങാടി |
| 67 | കണിയാമ്പറ്റ |
| **കണ്ണൂർ** | |
| 68 | പയ്യാവൂർ |
| 69 | ആലക്കോട് |

| | |
|---|---|
| 70 | ചെങ്ങളായി |
| 71 | ചെറുപുഴ |
| 72 | എരമം-കുറ്റൂർ |
| 73 | കേളകം |
| 74 | കോളയാട് |
| 75 | കുന്നോത്തുപറമ്പ് |
| 76 | മാലൂർ |
| 77 | പാട്യം |
| 78 | പായം |
| 79 | തൃപ്രങ്ങോട്ടൂർ |
| 80 | ഉദയഗിരി |
| 81 | ഉളിക്കൽ |
| **മലപ്പുറം** | |
| 82 | മമ്പാട് |
| 83 | താഴെക്കോട് |
| 84 | വണ്ടൂർ |
| 85 | അമരമ്പലം |

## സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ മാത്രം നൂറ് ശതമാനം നിർവ്വഹണ പുരോഗതി കൈവരിച്ച ഗ്രാമപഞ്ചായത്തുകൾ

| | |
|---|---|
| **തിരുവനന്തപുരം** | |
| 1 | പനവൂർ |
| 2 | വെള്ളറട |
| 3 | തൊളിക്കോട് |
| 4 | ആര്യനാട് |
| 5 | കാട്ടാക്കട |
| **പത്തനംതിട്ട** | |
| 6 | ഇരവിപേരൂർ |
| 7 | ചിറ്റാർ |
| **ആലപ്പുഴ** | |
| 8 | എഴുപ്പുന്ന |
| 9 | മന്നാംചേരി |
| 10 | പതിയൂർ |
| **കോട്ടയം** | |
| 11 | മണിമല |
| 12 | പള്ളിക്കത്തോട് |

| | |
|---|---|
| 13 | കടനാട് |
| 14 | മഞ്ഞൂർ |
| 15 | വാകത്താനം |
| 16 | കടുത്തുരുത്തി |
| 17 | പാമ്പാടി |
| 18 | തിടനാട് |
| 19 | കാഞ്ഞിരപ്പള്ളി |
| 20 | കാണക്കാരി |
| **ഇടുക്കി** | |
| 21 | രാജകുമാരി |
| 22 | ശാന്തൻപാറ |
| 23 | ഉടുമ്പൻചോല |
| 24 | ബൈസൻവാലി |
| 25 | മൂന്നാർ |
| **എറണാകുളം** | |
| 26 | ആവോലി |

| | |
|---|---|
| 27 | അയവന |
| 28 | കോട്ടപ്പടി |
| 29 | കോട്ടുവള്ളി |
| 30 | മുക്കന്നൂർ |
| 31 | പൂത്തൃക്ക |
| 32 | ഉദയംപേരൂർ |
| 33 | വാഴക്കുളം |
| 34 | വെങ്ങോല |
| 35 | വെങ്ങൂർ |
| **തൃശ്ശൂർ** | |
| 36 | കോടശ്ശേരി |
| 37 | പനച്ചേരി |
| **പാലക്കാട്** | |
| 38 | അലനല്ലൂർ |
| 39 | കണ്ണമ്പ്ര |
| 40 | കുമാരംപുത്തൂർ |

| | |
|---|---|
| 41 | തച്ചംമ്പാറ |
| 42 | തരൂർ |
| 43 | വടക്കാഞ്ചേരി |
| കോഴിക്കോട് | |
| 44 | കോട്ടൂർ |
| 45 | ചങ്ങരോത്ത് |
| 46 | തിരുവമ്പാടി |
| 47 | ചേളന്നൂർ |
| വയനാട് | |
| 48 | നൂൽപ്പുഴ |
| 49 | മേപ്പാടി |
| 50 | തൊണ്ടർനാട് |
| 51 | തിരുനെല്ലി |
| കണ്ണൂർ | |
| 52 | കാങ്കോൽ ആലപ്പടമ്പ് |
| 53 | പടിയൂർ കല്ല്യാട് |
| 54 | പേരാവൂർ |
| 55 | ചിറ്റാരിപ്പറമ്പ് |
| 56 | പെരിങ്ങോം-വയക്കര |
| 57 | കൊട്ടിയൂർ |
| 58 | അയ്യൻകുന്ന് |
| മലപ്പുറം | |
| 59 | കാളികാവ് |
| 60 | ചോക്കാട് |
| കാസറഗോഡ് | |
| 61 | ചെങ്കള |
| 62 | ചെറുവത്തൂർ |
| 63 | ഈസ്റ്റ് എളേരി |
| 64 | കള്ളാർ |
| 65 | മുളിയാർ |
| 66 | തൃക്കരിപ്പൂർ |

## സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി ഉപപദ്ധതിയിൽ മാത്രം നൂറ് ശതമാനം നിർവ്വഹണ പുരോഗതി കൈവരിച്ച ഗ്രാമ പഞ്ചായത്തുകൾ

| | |
|---|---|
| തിരുവനന്തപുരം | |
| 1 | പൂവാർ |
| 2 | മംഗലപുരം |
| 3 | ഉഴമലയ്ക്കൽ |
| 4 | കോട്ടുകാൽ |
| 5 | മാണിക്കൽ |
| 6 | മണമ്പൂർ |
| 7 | ആര്യൻകോട് |
| 8 | ചെറുന്നിയൂർ |
| 9 | കഠിനംകുളം |
| 10 | ചെമ്മരുത്തി |
| 11 | വെങ്ങാനൂർ |
| 12 | കുന്നത്തുകാൽ |
| 13 | പാങ്ങോട് |
| 14 | വെട്ടൂർ |
| 15 | ഇടവ |
| കൊല്ലം | |
| 16 | കുലശേഖരപുരം |
| 17 | കരീപ്ര |
| 18 | തെക്കുംഭാഗം |
| 19 | ശൂരനാട് സൌത്ത് |
| 20 | അലയമൺ |
| 21 | തഴവ |
| 22 | പൂയപ്പള്ളി |
| 23 | പൂതക്കുളം |
| 24 | ഇളംമ്പള്ളൂർ |
| 25 | ക്ലാപ്പന |
| 26 | ശാസ്താംകോട്ട |
| 27 | ഓച്ചിറ |
| 28 | ചിതറ |
| 29 | വെസ്റ്റ് കല്ലട |
| 30 | പെരിനാട് |
| 31 | മൈനാഗപ്പള്ളി |
| 32 | നെടുവത്തൂർ |
| 33 | ചവറ |
| 34 | കുമ്മിൾ |
| 35 | തൃക്കരുവ |
| 36 | കുളത്തൂപ്പുഴ |
| പത്തനംതിട്ട | |
| 37 | ഇലന്തൂർ |
| 38 | ഏനാദിമംഗലം |
| 39 | മൈലപ്ര |
| 40 | കല്ലൂപ്പാറ |
| 41 | നാറാണംമൂഴി |
| 42 | ഏറത്ത് |
| ആലപ്പുഴ | |
| 43 | അമ്പലപ്പുഴ സൗത്ത് |
| 44 | ചമ്പക്കുളം |
| 45 | ചിങ്ങോലി |
| 46 | ദേവികുളങ്ങര |
| 47 | എടത്വ |
| 48 | കടക്കരപ്പള്ളി |
| 49 | കണ്ടല്ലൂർ |
| 50 | കഞ്ഞിക്കുഴി |
| 51 | കാർത്തികപ്പള്ളി |
| 52 | കരുവറ്റ |
| 53 | കാവാലം |
| 54 | മാവേലിക്കര തെക്കേക്കര |
| 55 | മുട്ടാർ |
| 56 | നെടുമുടി |
| 57 | നീലംപേരൂർ |
| 58 | തകഴി |
| 59 | തലവടി |
| 60 | താഴക്കര |
| 61 | തൃക്കുന്നപ്പുഴ |
| 62 | വെളിയനാട് |
| കോട്ടയം | |
| 63 | കുമരകം |
| 64 | വെച്ചൂർ |
| 65 | മരങ്ങാട്ട്പ്പിള്ളി |
| 66 | കങ്ങഴ |
| 67 | കല്ലറ |

| | |
|---|---|
| 68 | കിടങ്ങൂർ |
| 69 | കരൂർ |
| 70 | എലിക്കുളം |
| 71 | വെളിയന്നൂർ |
| 72 | മറവൻതുരുത്ത് |
| 73 | കറുകച്ചാൽ |
| 74 | ഐമനം |
| 75 | തലയാഴം |
| 76 | തിരുവാർപ്പ് |
| 77 | അതിരമ്പുഴ |
| 78 | ചെമ്പ് |
| 79 | ഭരണങ്ങാനം |
| 80 | എരുമേലി |
| 81 | കുറവിലങ്ങാട് |
| 82 | മേലുകാവ് |
| 83 | തലനാട് |
| 84 | ചിറക്കടവ് |
| **ഇടുക്കി** | |
| 85 | കാഞ്ചിയാർ |
| 86 | കോടിക്കുളം |
| 87 | പള്ളിവാസൽ |
| 88 | രാജാക്കാട് |
| 89 | വെള്ളിയാമറ്റം |
| **എറണാകുളം** | |
| 90 | അശമന്നൂർ |
| 91 | ചേന്ദമംഗലം |
| 92 | ചിറ്റാറ്റുകര |
| 93 | ചോറ്റാനിക്കര |
| 94 | കല്ലൂർക്കാട് |
| 95 | കീരംപാറ |
| 96 | കുവപ്പടി |
| 97 | കുംബളങ്ങി |
| 98 | കുന്നുകര |
| 99 | കുഴുപ്പിള്ളി |
| 100 | മുളന്തുരുത്തി |
| 101 | നെല്ലിക്കുഴി |
| 102 | പാലക്കുഴ |
| 103 | പാമ്പാക്കുട |
| 104 | പാറക്കടവ് |

| | |
|---|---|
| 105 | പിണ്ടിമന |
| 106 | രായമംഗലം |
| 107 | തിരുമാറാടി |
| 108 | തിരുവാണിയൂർ |
| 109 | വാളകം |
| **തൃശ്ശൂർ** | |
| 110 | അടാട്ട് |
| 111 | ആളൂർ |
| 112 | അന്നമനട |
| 113 | അരിമ്പൂർ |
| 114 | അവണൂർ |
| 115 | ചേർപ്പ് |
| 116 | ചൂണ്ടൽ |
| 117 | ചൊവ്വന്നൂർ |
| 118 | എടത്തിരുത്തി |
| 119 | എടവിലങ്ങ് |
| 120 | എളവള്ളി |
| 121 | ഏറിയാട് |
| 122 | കടങ്ങോട് |
| 123 | കടപ്പുറം |
| 124 | കാടുകുറ്റി |
| 125 | കൈപ്പമംഗലം |
| 126 | കൈപ്പറമ്പ് |
| 127 | കണ്ടാണശ്ശേരി |
| 128 | കാട്ടകാമ്പാൽ |
| 129 | കാട്ടൂർ |
| 130 | കൊടകര |
| 131 | കൊലഴി |
| 132 | കൊണ്ടാഴി |
| 133 | കൊരട്ടി |
| 134 | കുഴൂർ |
| 135 | മാടക്കത്തറ |
| 136 | മതിലകം |
| 137 | മേലൂർ |
| 138 | മുളങ്കുന്നത്തുകാവ് |
| 139 | മുല്ലശ്ശേരി |
| 140 | മുള്ളൂർക്കര |
| 141 | നെന്മണിക്കര |
| 142 | ഒരുമനയൂർ |

| | |
|---|---|
| 143 | പാഞ്ഞാൾ |
| 144 | പറപ്പൂക്കര |
| 145 | പരിയാരം |
| 146 | പെരിഞ്ഞനം |
| 147 | പൂമംഗലം |
| 148 | പോർക്കുളം |
| 149 | പൊയ്യ |
| 150 | പുതുക്കാട് |
| 151 | പുന്നയൂർക്കുളം |
| 152 | ശ്രീനാരായണപുരം |
| 153 | തളിക്കുളം |
| 154 | താന്ന്യം |
| 155 | തിരുവില്വാമല |
| 156 | തോളൂർ |
| 157 | തൃക്കൂർ |
| 158 | വടക്കേക്കാട് |
| 159 | വല്ലച്ചിറ |
| 160 | വള്ളത്തോൾ നഗർ |
| 161 | വെങ്കിടങ്ങ് |
| **പാലക്കാട്** | |
| 162 | കടമ്പഴിപ്പുറം |
| 163 | കാവശ്ശേരി |
| 164 | കൊപ്പം |
| 165 | ഓങ്ങല്ലൂർ |
| 166 | ശ്രീകൃഷ്ണപുരം |
| 167 | തിരുമിറ്റക്കോട് |
| 168 | തിരുവേഗപ്പുറ |
| 169 | വിളയൂർ |
| **കോഴിക്കോട്** | |
| 170 | അത്തോളി |
| 171 | ചാത്തമംഗലം |
| 172 | ചെമഞ്ചേരി |
| 173 | ചേറോട് |
| 174 | എടച്ചേരി |
| 175 | കടലുണ്ടി |
| 176 | കട്ടിപ്പാറ |
| 177 | കായക്കൊടി |
| 178 | കീഴരിയൂർ |
| 179 | കിഴക്കോത്ത് |

| | |
|---|---|
| 180 | കോടഞ്ചേരി |
| 181 | കൊടിയത്തൂർ |
| 182 | കുത്താളി |
| 183 | കുന്നമ്മൽ |
| 184 | കുരുവട്ടൂർ |
| 185 | കുറ്റ്യാടി |
| 186 | മാവൂർ |
| 187 | മേപ്പയ്യൂർ |
| 188 | മൂടാടി |
| 189 | നാദാപുരം |
| 190 | നടവണ്ണൂർ |
| 191 | നൊച്ചാട് |
| 192 | ഒഞ്ചിയം |
| 193 | പെരുമണ്ണ |
| 194 | പുറമേരി |
| 195 | തലക്കുളത്തൂർ |
| 196 | തിക്കോടി |
| 197 | തൂണേരി |
| 198 | തുറയൂർ |
| 199 | ഉള്ള്യേരി |
| 200 | വേളം |
| 201 | വില്യാപ്പള്ളി |

### വയനാട്

| | |
|---|---|
| 202 | വൈത്തിരി |
| 203 | തരിയോട് |
| 204 | പടിഞ്ഞാറത്തറ |
| 205 | പൊഴുതന |
| 206 | എടവക |
| 207 | പനമരം |

### കണ്ണൂർ

| | |
|---|---|
| 208 | അഞ്ചരക്കണ്ടി |
| 209 | ആറളം |
| 210 | അഴീക്കോട് |
| 211 | ചെമ്പിലോട് |
| 212 | ചെറുകുന്ന് |
| 213 | ചിറക്കൽ |
| 214 | ചോക്ലി |
| 215 | ധർമ്മടം |
| 216 | എരഞ്ഞോളി |
| 217 | എരുവേശ്ശി |
| 218 | ഏഴോം |
| 219 | ഇരിക്കൂർ |
| 220 | കടമ്പൂർ |
| 221 | കടന്നപ്പള്ളി പാണപ്പുഴ |
| 222 | കതിരൂർ |
| 223 | കല്ല്യാശ്ശേരി |
| 224 | കാങ്കോൽ ആലപ്പടമ്പ് |
| 225 | കരിവെള്ളൂർ പെരളം |
| 226 | കീഴല്ലൂർ |
| 227 | കോളച്ചേരി |
| 228 | കൂടാളി |
| 229 | കോട്ടയം |
| 230 | കുഞ്ഞിമംഗലം |
| 231 | കുറുമാത്തൂർ |
| 232 | കുറ്റിയാട്ടൂർ |
| 233 | മാടായി |
| 234 | മലപ്പട്ടം |
| 235 | മാങ്ങാട്ടിടം |
| 236 | മയ്യിൽ |
| 237 | മൊകേരി |
| 238 | മുണ്ടേരി |
| 239 | നടുവിൽ |
| 240 | നാറാത്ത് |
| 241 | ന്യൂ മാഹി |
| 242 | പന്ന്യന്നൂർ |
| 243 | പാപ്പിനിശ്ശേരി |
| 244 | പരിയാരം |
| 245 | പെരിങ്ങോം വയക്കര |
| 246 | പിണറായി |
| 247 | രാമന്തളി |
| 248 | തില്ലങ്കേരി |
| 249 | വേങ്ങാട് |

### മലപ്പുറം

| | |
|---|---|
| 250 | അബ്ദുൾ റഹ്മാൻ നഗർ |
| 251 | ആലിപ്പറമ്പ് |
| 252 | ആനക്കയം |
| 253 | അങ്ങാടിപ്പുറം |
| 254 | അരീക്കോട് |
| 255 | എടക്കര |
| 256 | കല്പകഞ്ചേരി |
| 257 | കണ്ണമംഗലം |
| 258 | കീഴാറ്റൂർ |
| 259 | കോഡൂർ |
| 260 | കുട്ടിലങ്ങാടി |
| 261 | കുറുവ |
| 262 | മക്കരപ്പറമ്പ് |
| 263 | മങ്കട |
| 264 | മാറാഞ്ചേരി |
| 265 | മൂത്തേടം |
| 266 | നന്നമുക്ക് |
| 267 | നിറമരുതൂർ |
| 268 | ഒതുക്കുങ്ങൽ |
| 269 | പെരുവള്ളൂർ |
| 270 | പോരൂർ |
| 271 | പുലാമന്തോൾ |
| 272 | പുൽപ്പറ്റ |
| 273 | താനാളൂർ |
| 274 | തെന്നല |
| 275 | ഊരകം |

### കാസറഗോഡ്

| | |
|---|---|
| 276 | അജാനൂർ |
| 277 | ബദിയടുക്ക |
| 278 | ബളാൽ |
| 279 | ബേഡഡുക്ക |
| 280 | എൻമകജെ |
| 281 | കയ്യൂർ-ചീമേനി |
| 282 | കിനാനൂർ-കരിന്തളം |
| 283 | മടിക്കൈ |
| 284 | മൊഗ്രാൽപുത്തൂർ |
| 285 | പനത്തടി |
| 286 | പിലിക്കോട് |
| 287 | പുല്ലൂർ-പെരിയ |
| 288 | പുത്തിഗെ |
| 289 | ഉദുമ |

# പതിനാലാം പഞ്ചവത്സര പദ്ധതി

## പ്രാദേശിക പദ്ധതികളിലെ സാമ്പത്തിക പിന്തുണകൾ

■ ഹുസൈൻ എം. മിന്നത്ത്

കേന്ദ്ര സർക്കാർ ദേശീയ തലത്തിൽ പഞ്ചവത്സര പദ്ധതിയിൽ അധിഷ്ഠിതമായ വികസനത്തിന് വിരാമം കുറിച്ചെങ്കിലും, കേരളം വികേന്ദ്രീകൃത സമീപനത്തിൽ നിന്നും ഒട്ടും തന്നെ പിന്നോട്ട് മാറാതെ പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകുകയാണുണ്ടായത്. 2022 ഏപ്രിൽ 1-ന് കേരളം പതിനാലാം പഞ്ചവത്സര പദ്ധതിക്ക് തുടക്കമിട്ട് കഴിഞ്ഞിരിക്കുന്നു. പ്രളയവും കോവിഡും ഫലപ്രദമായി തടയുന്നതിൽ സംസ്ഥാനത്തെ പ്രാദേശിക ഭരണസംവിധാനങ്ങൾ തീർത്ത ജനകീയ പ്രതിരോധം ഈ സംവിധാനങ്ങൾക്ക് വലിയ പ്രാധാന്യം വന്നതോടൊപ്പം തന്നെ വികസന പ്രക്രിയയിൽ നിർണ്ണായക സ്ഥാനം പ്രാദേശിക സർക്കാറുകൾക്ക് ലഭിക്കുകയുണ്ടായി. പതിനാലാം പദ്ധതിയുടെ വികസന സമീപനങ്ങളും കാഴ്ചപ്പാടുകളും പരിശോധിച്ചാൽ ഇത് കാണാനാകും.

### നവകേരളത്തിന് ജനകീയാസൂത്രണം

സംസ്ഥാനം നാളിതുവരെ നേടിയ മാനവ വികസനത്തിലെയും വികേന്ദ്രീകൃത ജനാധിപത്യ ഭരണനിർവ്വഹണത്തിലെയും അടയാളപ്പെടുത്തലുകളും നേട്ടങ്ങളും സുസ്ഥിരമായും സ്ഥായിയായും നിലനിർത്തിക്കൊണ്ട് ഈ ജനകീയ വികസന മാതൃകയെ പുതിയ കാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ സാധിക്കുന്ന രീതിയിൽ പ്രാപ്തമാക്കുക എന്നത് തന്നെയാണ് പതിനാലാം പദ്ധതിയിൽ സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. അതുവഴി നവകേരള സൃഷ്ടി സാധ്യമാക്കുകയും വേണം. സാമൂഹിക രംഗത്ത് കേരളം ആർജ്ജിച്ചെടുത്ത നേട്ടങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം സ്ഥായിയായ സാമ്പത്തിക വികസനവും സംസ്ഥാനത്ത് ഉറപ്പാക്കേണ്ടതായിട്ടുണ്ട്. സമ്പദ് വ്യവസ്ഥയെ വൈജ്ഞാനിക അധിഷ്ഠിതമായി വികസിപ്പിക്കുക വഴി പ്രകൃതി വിഭവങ്ങളുടെ ശ്രദ്ധാപൂർവ്വമായ വിനിയോഗവും മനുഷ്യവിഭവ വികസനവും ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിരമായ വികസനവും, പ്രാദേശിക സാമ്പത്തിക വികസനവും, തൊഴിലവസരങ്ങൾ സൃഷ്ടിച്ചു കൊണ്ട് സാമ്പത്തിക വികസനത്തിന് ഗതിവേഗം നൽകാനും, ഉൽപാദനക്ഷമതയും ഉൽപാദനവും വർദ്ധിപ്പിക്കാനും, ദുരന്ത അതിജീവന ക്ഷമത ഉറപ്പാക്കുവാനും, പാർശ്വവൽകൃത സമൂഹങ്ങളുടെ സമഗ്രവികസനവുമാണ് ആത്യന്തികമായി നവകേരള സൃഷ്ടിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കി വളർത്തുകയും വിജ്ഞാനാധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയായി സംസ്ഥാനത്തെ പരിവർത്തനപ്പെടുത്തുകയും ചെയ്യുക എന്നത് തന്നെയാണ് നവകേരളം വഴി ലക്ഷ്യമിടുന്നത്. അതിനാൽ പ്രാദേശിക സർക്കാറുകൾ ഏറ്റെടുക്കുന്ന പദ്ധതികളിൽ ഈ ലക്ഷ്യങ്ങൾ പ്രതിഫലിക്കേണ്ടതായിട്ടു


പതിനാലാം പഞ്ചവത്സര പദ്ധതി
നവകേരളത്തിന് ജനകീയാസൂത്രണം

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും
2022 – 23 മുതൽ 2026 – 27 വരെയുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കൽ
സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ
എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ

[സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി 28/05/2022]

ണ്ട്. ഇതിനാവശ്യമായ പിന്തുണ സർക്കാർ നൽകേണ്ടതായിട്ടുമുണ്ട്. പ്രാദേശിക പദ്ധതികളിൽ ധനസഹായ സബ്സിഡികൾ നൽകുന്നതിനുള്ള മാർഗ്ഗരേഖ 2022 മെയ് 28 ന് 115/2022/LSGD നമ്പറായി സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. ഇതിലെ കാതലായ ചില വസ്തുതകൾ നമുക്ക് പരിശോധിക്കാം.

## വികസന പദ്ധതികളിലെ സാമ്പത്തിക പിന്തുണ

സാമ്പത്തിക-സാമൂഹിക മേഖലകളിലെ ഉന്നമനം ലക്ഷ്യമിട്ട് പ്രാദേശിക സർക്കാരുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി വിവിധ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ സാമ്പത്തിക സഹായമായി നൽകുന്ന പിന്തുണയാണ് സബ്സിഡിയെങ്കിൽ സേവന സാമൂഹിക ക്ഷേമ മേഖലകളിലെ ഉന്നമനത്തിനായി ഒരു വ്യക്തിയോ, കുടുംബമോ ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനത്തെ സഹായിക്കുന്നതിന്റെ ഭാഗമായിട്ട് നൽകുന്ന സാമ്പത്തിക പിന്തുണയാണ് സഹായത്തിന്റെ പരിധിയിൽ വരുന്നത്. പ്രാദേശിക പദ്ധതിയിൽ സബ്സിഡിയും ധനസഹായവും ലഭിക്കുന്നതിനുള്ള വരുമാന പരിധിയും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി പരിഗണിക്കാതെ എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും നൽകാമെങ്കിലും പട്ടികജാതി വിഭാഗത്തിൽ സഹായം നൽകുന്നതിനുള്ള വാർഷിക വരുമാന പരിധി 2.00 ലക്ഷം രൂപയും പൊതുവിഭാഗത്തിന് അത് 3.00 ലക്ഷം രൂപയായും നിശ്ചയിച്ചിട്ടുണ്ട്. സമ്പദ് വ്യവസ്ഥയെ ഉൽപ്പാദനക്ഷമമാക്കുന്നതിന്റെ ഭാഗമായി കാർഷിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ചുകൊണ്ട് നാമമാത്ര-ചെറുകിട കർഷകർക്ക് വരുമാനപരിധി പരിഗണിക്കാതെ കൃഷിക്ക് സബ്സിഡി നൽകുന്നതിനും രണ്ട് ഹെക്ടറിലധികം നെൽകൃഷി ചെയ്യുന്ന കർഷകർക്ക് രണ്ട് ഹെക്ടർവരെയുള്ള നെൽകൃഷിക്ക് സബ്സിഡി നൽകുന്നതിനും പ്രത്യേകമായ ശ്രദ്ധ നൽകിയിട്ടുണ്ട്. മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യം എന്നീ മേഖലകളിലെ ഉല്പാദന പ്രോജക്ടുകൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള കുടുംബ വാർഷിക വരുമാനപരിധി 5 ലക്ഷം രൂപയായും സ്വയം തൊഴിൽ സംരംഭകത്വ പ്രോജക്ടുകൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള സംരംഭകന്റെ കുടുംബ വാർഷിക വരുമാന പരിധി 5 ലക്ഷം രൂപയായും തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്ന തൊഴിൽദായക സംരംഭങ്ങളുടെ കാര്യത്തിൽ സംരംഭക വരുമാന പരിധി നോക്കാതെ സഹായം നൽകുന്നതിനുള്ള നിർദ്ദേശങ്ങളാണ് സർക്കാർ മുന്നോട്ട് വെച്ചിട്ടുള്ളത്. മാലിന്യ സംസ്കരണത്തിന് പ്രാദേശിക തലത്തിൽ പ്രത്യേക പരിഗണന നൽകേണ്ടതിനാൽ തന്നെ ഗാർഹികതല ഖരമാലിന്യ-സംസ്കരണ സംവിധാനങ്ങൾക്കും ഗാർഹികതല സെപ്റ്റിക് ടാങ്ക് പദ്ധതികൾക്കും നിശ്ചിത നിരക്കിൽ ധനസഹായം വരുമാന പരിധി പരിഗണിക്കാതെ നൽകുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

> തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് ലൈസൻസോടുകൂടി പ്രവർത്തിച്ചിരുന്നതോ പ്രവർത്തിച്ചു വരുന്നതോ ആയ സംരംഭങ്ങളുടെ പ്രവർത്തനം സാമ്പത്തിക പ്രതിസന്ധി മൂലമോ മറ്റ് ദുരന്ത കാരണങ്ങളാലോ മന്ദീഭവിച്ചിട്ടുണ്ടെങ്കിൽ അത്തരം സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കാനും സർക്കാർ ലക്ഷ്യമിടുന്നു.

## പ്രാദേശിക സാമ്പത്തിക വികസനവും സാമ്പത്തിക പിന്തുണയും

പതിനാലാം പഞ്ചവത്സര പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള വിപുലമായ ഒരു ചട്ടക്കൂട് സൃഷ്ടിക്കുവാൻ ലക്ഷ്യമിടുന്നുണ്ട്. സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ പ്രോത്സാഹനം, പൊതുസ്വകാര്യ, സഹകരണ മൂലധന നിക്ഷേപം, ഇന്നവേഷൻ ചലഞ്ച് എന്നിവയ്ക്ക് ഇതിന്റെ ഭാഗമായി പ്രത്യേക പരിഗണന നൽകുന്നുണ്ട്. സംരംഭകത്വ വികസനവും നൈപുണ്യ വികസനവും ലക്ഷ്യം വച്ചുകൊണ്ട് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിക്കൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള പ്രത്യേക പദ്ധതി (LED Plan) തയ്യാ

റാക്കുവാനും സർക്കാർ നിർദേശിച്ചിട്ടുണ്ട്. ഇത്തരം പദ്ധതികൾ ഏറ്റെടുക്കുമ്പോൾ വലിയ സാമ്പത്തിക പിന്തുണയാണ് സർക്കാർ നൽകാൻ ഉദ്ദേശിക്കുന്നത്. ഇവ താഴെ ക്രോഡീകരിക്കുന്നു.

## തൊഴിൽദായക സംരംഭങ്ങൾ

തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായുള്ള തൊഴിൽദായക സംരംഭങ്ങളുടെ കാര്യത്തിൽ 2022-23 മുതൽ സംരംഭം തുടങ്ങുന്നവർക്ക് വിശദമായ ബിസിനസ് പ്ലാനിന്റെ അടിസ്ഥാനത്തിൽ എടുക്കുന്ന വായ്പയിൽ 10 ലക്ഷം രൂപ വരെയുള്ള വായ്പാ തുകയ്ക്ക് പലിശ സബ്സിഡിയും പൊതു വിഭാഗത്തിന് ആറ് ശതമാനവും, പട്ടികജാതി വിഭാഗങ്ങൾ, പട്ടിക വർഗ്ഗ വിഭാഗങ്ങൾ, വനിതകൾ എന്നിവർക്ക് എട്ട് ശതമാനവും പലിശ സബ്സിഡി പരമാവധി മൂന്ന് വർഷത്തേയ്ക്ക് നൽകുന്നതാണ്. എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് താഴെ പറയുന്ന വ്യവസ്ഥകളിൽ തൊഴിൽദായക സംരംഭങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

a. സംരംഭകൻ മുതലും പലിശയും മുടക്കം കൂടാതെ തിരികെ അടച്ചിരിക്കണം.
b. 10 ലക്ഷം രൂപയിൽ കൂടുതൽ വായ്പ എടുക്കുന്ന സംരംഭമാണെങ്കിലും, 10 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് മാത്രമേ പലിശ സബ്സിഡി അനുവദിക്കാൻ പാടുള്ളൂ.
c. പരമാവധി 3 വർഷം വരെയാണ് പലിശ സബ്സിഡി നൽകാവുന്നത്.

## സാങ്കേതികവിദ്യ കൈമാറ്റ ഫണ്ട്

കേരള സ്റ്റാർട്ടപ്പ് മിഷന്റെ റിസർച്ച് ഇന്നവേഷൻ നെറ്റ് വർക്ക് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗവേഷണ സ്ഥപനങ്ങളിൽ നിന്ന് സംരംഭങ്ങൾക്ക് വേണ്ട സാങ്കേതികവിദ്യ സ്വായത്തമാക്കുന്നതിന്, സാങ്കേതികവിദ്യയുടെ വിലയുടെ 75 ശതമാനം വരെ, ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും, എന്ന പരിധിക്ക് വിധേയമായി സംരംഭകർക്ക് സഹായം നൽകുന്നതാണ്. കൂടാതെ നിലവിലുള്ള സാങ്കേതിക വിദ്യ നവീകരിക്കേണ്ടി വരുന്ന സാഹചര്യത്തിൽ അവ നവീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെ ടെക്നോളജി അപ്ഗ്രേഡേഷൻ ഫണ്ടായും നൽകുന്നതാണ്.

## സംരംഭകർക്ക് ഇന്നവേഷൻ ഫണ്ട്

സംരംഭകർക്ക് അവരുടെ നൂതന ആശയങ്ങൾ വിജയസാധ്യതയുള്ള സംരംഭങ്ങളാക്കി മാറ്റാനുള്ള സാങ്കേതിക ഉപദേശം, ഗവേഷണ സഹായം എന്നിവ ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായങ്ങൾ ഈ മേഖലയിൽ വൈദഗ്ധ്യവും, പ്രവൃത്തി പരിചയവും, സൗകര്യവുമുള്ള ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർക്ക് നൽകാവുന്നതാണ്. ഇതിനായി ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും ഇന്നവേഷൻ ഫണ്ടിനത്തിൽ സഹായമായി നൽകാവുന്നതാണ്.

## ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്

സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ കൂടി കണക്കിലെടുത്ത് കൊണ്ടുള്ള പിന്തുണയാണ് സംരംഭകർക്ക് സർക്കാർ നൽകുന്നത്. പ്രകൃതി ദുരന്തങ്ങൾ മുതലായ കാരണങ്ങളാൽ സംരംഭത്തിന് ഉണ്ടാകുന്ന നാശനഷ്ടം പരിഹരിക്കുന്നതിന് അതത് സമയങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നതിനും പ്രത്യേക മുൻഗണന നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും, ക്രൈസിസ് മാനേജ്മെന്റ് ഫണ്ടായി സംരംഭകർക്ക് സഹായം നൽകാവുന്നതാണ്.

## സംരംഭ പുനരുജ്ജീവന സമാശ്വാസ ഫണ്ട് (റിവൈവൽ ഫണ്ട്)

തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് ലൈസൻസോടുകൂടി പ്രവർത്തിച്ചിരുന്നതോ പ്രവർത്തിച്ചു വരുന്നതോ ആയ സംരംഭങ്ങളുടെ പ്രവർത്തനം സാമ്പത്തിക പ്രതിസന്ധി മൂലമോ മറ്റ് ദുരന്ത കാരണങ്ങളാലോ മന്ദീഭവിച്ചിട്ടുണ്ടെങ്കിൽ അത്തരം സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കാനും സർക്കാർ ലക്ഷ്യമിടുന്നു. ഇതിനായി പുനരുജ്ജീവന സമാശ്വാസ പദ്ധതികൾ പ്രാദേശിക സർക്കാർ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകളും സർക്കാർ മുന്നോട്ടുവയ്ക്കുന്നുണ്ട്.

### ഇൻകുബേഷൻ ഫണ്ട്

സംരംഭകരുടെ ബിസിനസ് ആശയങ്ങളെ വിജയസാധ്യതയുള്ള സംരംഭങ്ങളായി വികസിപ്പിക്കുന്നതിന് സാങ്കേതിക ഉപദേശം, ഗവേഷണ സഹായം, മാനേജ്മെന്റ് സഹായം, വിപണന സഹായം, മെന്ററിംഗ് ഉൾപ്പെടെയുള്ള വിവിധതരം ഇൻകുബേഷൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും തുക വിനിയോഗിക്കാവുന്നതാണ്. വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സംരംഭക ആശയങ്ങൾ തയ്യാറാക്കാവുന്നതാണ്. ഇൻകുബേഷനുള്ള ചെലവുകൾ വഹിക്കുന്നതിനും പ്രോത്സാഹനം അർഹിക്കുന്നവർക്ക് പരിശീലനവും മൂലധന പിൻതുണയും ഉറപ്പാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും, സഹായം നൽകാവുന്നതാണ്.

### സീഡ് സപ്പോർട്ട് സ്കീം

പ്രാദേശിക തലത്തിലുള്ള ഉൽപ്പന്ന–സേവന ആവശ്യങ്ങളെ കൂട്ടിച്ചേർത്ത് ബിസിനസ് ആശയങ്ങളായി രൂപപ്പെടുത്തുന്നതിനുള്ള ഹാക്കത്തണിൽ വിജയിക്കുന്നവർക്ക്, പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ ഭാഗമായി സീഡ് മണി നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും സീഡ് മണിയായി സഹായം നൽകാം. ഇവർക്ക് ഇൻകുബേഷൻ സേവനങ്ങളും ലഭ്യമാക്കാവുന്നതാണ്.

### നൈപുണ്യ വികസനവും സാമ്പത്തിക പിന്തുണയും

നൈപുണ്യ വികസനത്തിന്റെ ഭാഗമായി പരിശീലനത്തിന് സബ്സിഡിക്ക് അർഹതയുള്ള ഉണഭോക്താക്കളുടെ വരുമാന പരിധി പൊതു വിഭാഗത്തിൽ 2.00 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിൽ 3.00 ലക്ഷം രൂപയും ആണെങ്കിലും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഈ വരുമാന പരിധി ബാധകമല്ല. നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള സെക്ടർ സ്കിൽ കൗൺസിലുകൾ അംഗീകരിച്ച നിരക്കുകൾ തന്നെയാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിശീലന പരിപാടികൾക്കും ബാധകമാക്കിയിട്ടുള്ളത്. നൈപുണ്യ പരിശീലന പരിപാടികൾ കഴിവതും തൊഴിലുമായി ബന്ധപ്പെടുത്തണം എന്ന നിബന്ധനയും സർക്കാർ മുന്നോട്ടുവെച്ചിട്ടുണ്ട്. കുടുംബശ്രീ മിഷൻ, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP), കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE), കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC), നോളഡ്ജ് മിഷൻ എന്നീ ഏജൻസികൾ എംപാനൽ ചെയ്തിട്ടുള്ള പരിശീലന സ്ഥാപനങ്ങൾ മുഖേന മാനദണ്ഡങ്ങൾ പാലിച്ച് നൈപുണ്യ പരിശീലന പരിപാടികൾ തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രാദേശികതലത്തിൽ ഏറ്റെടുത്ത് നടത്താവുന്നതാണ്. ഇതിനായി സാമ്പത്തിക പിന്തുണ സർക്കാർ മുന്നോട്ട് വെയ്ക്കുന്നു.

**സംരംഭകരുടെ ബിസിനസ് ആശയങ്ങളെ വിജയസാധ്യതയുള്ള സംരംഭങ്ങളായി വികസിപ്പിക്കുന്നതിന് സാങ്കേതിക ഉപദേശം, ഗവേഷണ സഹായം, മാനേജ്മെന്റ് സഹായം, വിപണന സഹായം, മെന്ററിംഗ് ഉൾപ്പെടെയുള്ള വിവിധതരം ഇൻകുബേഷൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും തുക വിനിയോഗിക്കാവുന്നതാണ്**

### ഖരമാലിന്യ സംസ്കരണവും സാമ്പത്തിക പിന്തുണയും

പതിനാലാം പഞ്ചവത്സര പദ്ധതി ഏറ്റവുമധികം പ്രാധാന്യം നൽകുന്ന ഒരു മേഖലയാണ് മാലിന്യ സംസ്കരണം എന്നത്. തദ്ദേശസ്ഥാപനങ്ങൾ ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിന് ഫലപ്രദവും സുസ്ഥിരവുമായ മാർഗ്ഗങ്ങൾ പ്രാദേശികതലത്തിൽ തന്നെ ഉറപ്പാക്കേണ്ടതാണ്. ഇതിനായി ജൈവമാലിന്യ സംസ്കരണം, അജൈവ മാലിന്യസംസ്കരണം, ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനം, സാനിട്ടറി കൺസ്ട്രക്ഷൻ/ഡിമോളിഷൻ വേസ്റ്റുകൾ, അപകടകരമായ മാലിന്യങ്ങളുടെ സംസ്കരണം എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കുന്നവർക്ക് പ്രാദേശിക സർക്കാരുകൾ വഴി സബ്സിഡിയും സഹായധനമായും ഒട്ടനവധി കാര്യങ്ങളാണ് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്നത്. ഇതിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

സാനിട്ടേഷൻ കിയോസ്ക്/ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകൾ- ഉറവിട മാലിന്യ സംസ്കരണ ഉപാധികളും (കമ്പോസ്റ്റിംഗ്/ബയോമെത്തനേഷൻ) ഇനോക്കുലം മുതലായ വസ്തുക്കളും ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനും ശുചിത്വ മിഷന്റെയും അംഗീകൃത സേവനദാതാക്കളുടെയും സ്വയംസഹായ സംഘങ്ങളുടെയും സഹായത്തോടെ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും സാനിട്ടേഷൻ കിയോസ്ക് സ്ഥാപിക്കാവുന്നതാണ്. ഇവ സാനിട്ടേഷൻ കിയോസ്ക് ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററായും പ്രവർത്തിക്കാനും നിർദ്ദേശിക്കുന്നുണ്ട്.

### ഇനോക്കുലം നിർമ്മാണ യൂണിറ്റ് :

അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് പരിശീലനം ലഭിച്ച വ്യക്തികൾക്ക് ഇനോക്കുലം (സൂക്ഷ്മാണു മിശ്രിതം) നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സംരംഭങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതാണ്. സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന കോൺസെൻട്രേറ്റ് വേണം ഇനോക്കുലം നിർമ്മാണത്തിന് ഉപയോഗിക്കേണ്ടതെന്നും നിഷ്കർഷിക്കുന്നു. ഈ യൂണിറ്റുകൾ നിർമ്മിക്കുന്ന ഇനോക്കുലം വാങ്ങി, ജില്ലാ തലത്തിൽ നിശ്ചയിക്കുന്ന യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ, 90 ശതമാനം സബ്സിഡിയോടെ ഹരിത കർമ്മസേന

വഴി പ്രാദേശിക സർക്കാറുകൾക്ക് വിതരണം ചെയ്യാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനതലത്തിൽ പുതുതായി ആരംഭിക്കുന്ന, കാർഷിക ഫാമുകൾ, പക്ഷി-മൃഗ-ക്ഷീര ഫാമുകൾ, മത്സ്യകൃഷി ഫാമുകൾ ചെറുകിടവ്യവസായങ്ങൾ എന്നിവയ്ക്ക് അനുയോജ്യവും ശാസ്ത്രീയവും പരിസ്ഥിതി സൗഹൃദവുമായ മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രാദേശിക സർക്കാരുകൾക്ക് സൗജന്യമായി നിർമ്മിച്ച് നൽകുന്നതിനുള്ള സാധ്യതകളും പ്രാദേശിക സർക്കാറുകൾക്ക് പുതിയ സബ്സിഡി മാർഗ്ഗരേഖ നൽകുന്നു.

## ഖര-ദ്രവ മാലിന്യ സംസ്കരണം

സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കുന്നതിനും ഇതിന്റെ ഭാഗമായി വികസിപ്പിച്ച സ്മാർട്ട് ഗാർബേജ് ആപ്പ് (ഹരിതമിത്രം)/ക്യൂ.ആർ കോഡ് സമ്പ്രദായം പ്രായോഗികതലത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകളും നഗര ഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടതാണ്. ഗാർഹിക ബയോ മെഡിക്കൽ മാലിന്യങ്ങളുടെ (ഡ്രൈ വേസ്റ്റ്, വെറ്റ് വേസ്റ്റ്) ശേഖരണം, സംഭരണം, കൈയ്യൊഴിയൽ എന്നീ പ്രവർത്തനങ്ങളും പ്രാദേശിക സർക്കാരുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങളുടെയും നിർമ്മിതികൾ പൊളിച്ചു നീക്കുന്നതിന്റെയും ഫലമായുണ്ടാകുന്ന അവശിഷ്ടങ്ങൾ (C&D Waste) സംഭരിക്കുന്നതിനും അവ സംസ്കരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ അനുയോജ്യമായ സ്ഥലങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്ഥാപിക്കാവുന്നതാണ്. പ്ലാസ്റ്റിക്, ഗ്ലാസ് തുടങ്ങിയ അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും അവ recycle/ upcycle ചെയ്ത് പുനഃരുപയോഗിക്കുന്നതിനുമുള്ള സംയോജിത മാലിന്യ സംസ്കരണ പ്ലാന്റുകൾ അനുയോജ്യമായ സ്ഥലങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്ഥാപിക്കാവുന്നതാണ്. വീടുകൾ, സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്നും സ്ക്രാപ്പും, പാഴ്വസ്തുക്കളും ശേഖരിക്കുന്ന പിക്ക്അപ്പ് പേഴ്സൺമാരെ (റാഗ് പിക്കർ/ വേസ്റ്റ് പിക്കർ/വേസ്റ്റ് കളക്ടർ) കണ്ടെത്തി രജിസ്ട്രേഷൻ നടത്തുകയും അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുകയും അത്തരം വ്യക്തികൾ/ ഏജൻസികളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികളും പ്രാദേശിക സർക്കാറുകൾക്ക് സ്വീകരിക്കാവുന്നതാണ്. ഇവരുടെ സേവനം ഖരമാലിന്യ ശേഖരണം, തരംതിരിക്കൽ, കൈയ്യൊഴിയൽ എന്നിവയ്ക്കായി ഉപയോഗിക്കാവുന്നതാണ്.

കൂടാതെ ജലസ്രോതസ്സുകൾ, പൊതു സ്ഥലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ബസ് സ്റ്റാന്റുകൾ, പാർക്കുകൾ, കമ്മ്യൂണിറ്റി ഹാളുകൾ, പൊതുനിരത്തുകൾ എന്നിവിടങ്ങളിലും പരിസരങ്ങളിലും അനധികൃതമായി മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനായി വ്യാപാരി-വ്യവസായികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, പ്രദേശവാസികൾ, സ്കൂൾ പി.റ്റി.എ, എച്ച്.എം.സി എന്നിവരുടെ സഹായത്തോടെ സി.സി ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനായുള്ള പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് തങ്ങളുടെ നിയന്ത്രണത്തിലുള്ള ഹയർ സെക്കൻഡറി സ്കൂൾ ലാബുകളോടനുബന്ധിച്ച് ജലഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിന് പ്രോജക്ട് രൂപീകരിക്കാവുന്നതാണ്. ലാബുകളുടെ തുടർ പ്രവർത്തനത്തിനാവശ്യമായ തുക ജില്ലാപഞ്ചായത്തിന് വിനിയോഗിക്കാവുന്നതാണ്. ജലഗുണനിലവാരം സംബന്ധിച്ച്

ശേഖരിക്കുന്ന വിവരങ്ങൾ സൂക്ഷിക്കുകയും അത് ആരോഗ്യ വിഭാഗത്തിന് കൈമാറുന്നതിനുള്ള നടപടികളും ഇതോടൊപ്പം പ്രാദേശിക സർക്കാറുകൾ സ്വീകരിക്കേണ്ടതാണ്.

## കലാ - കായിക വികസനം

കലാ- കായിക രംഗത്തെ പ്രാദേശിക സർക്കാരുകളുടെ സജീവമായ ഇടപെടലുകളാണ് പതിനാലാം പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഇതിനായി പ്രാദേശിക സർക്കാരുകൾക്ക് വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായവും സബ്സിഡിയും ഉറപ്പാക്കുന്നുണ്ട്. ജീവിതശൈലി രോഗങ്ങൾ കുറയ്ക്കുന്നതിനും കായികക്ഷമതയുള്ള ജനതയെ വാർത്തെടുക്കുന്നതിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി അഞ്ച് സെന്റ് സ്ഥലമെങ്കിലും കണ്ടെത്താൻ കഴിയുന്നയിടങ്ങളിൽ ഓപ്പൺ ജിംനേഷ്യം നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വരെ അടങ്കലുള്ള പ്രോജക്ട് പ്രാദേശിക സർക്കാരുകൾക്ക് എടുക്കാവുന്നതാണ്. കൂടാതെ ദുരിതാശ്വാസ കേന്ദ്രമായി പ്രയോജനപ്പെടുന്ന തരത്തിൽ ഇൻഡോർ സ്റ്റേഡിയം കം ദുരിതാശ്വാസ കേന്ദ്രം എന്നിവയും നിർമ്മിക്കാനുള്ള അധികാരവും നൽകുന്നു. പ്രാദേശിക തലത്തിലെ ആർട്സ് ആന്റ് സ്പോർട്സ് ക്ലബുകൾ, സ്പോർട്സ് അക്കാഡമികൾ, അസോസിയേഷനുകൾ എന്നിവയുടെ വികസനത്തിനും ഒട്ടനവധി സഹായങ്ങൾ പ്രാദേശിക സർക്കാരുകൾക്ക് ചെയ്യുവാനുള്ള അവസരം ഉണ്ട്.

## മറ്റു സാമ്പത്തിക പിന്തുണകൾ

പൊതുഇടങ്ങൾ പച്ചത്തുരുത്തുകൾ ആക്കുന്നതിനും പരിസ്ഥിതി സൗഹൃദമാക്കുക, മിയാവാക്കി വനവൽക്കരണം, ഹരിത ഇടങ്ങൾ സൃഷ്ടിക്കുക, പരിസ്ഥിതി സുരക്ഷയ്ക്ക് മരങ്ങൾ പരിരക്ഷിക്കുക എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയും പലിശ സബ്സിഡിയും നൽകാനും മാർഗ്ഗരേഖ നിർദ്ദേശിക്കുന്നുണ്ട്. ഓരോ ഗ്രാമ പ്രദേശങ്ങളും നഗരപ്രദേശങ്ങളും വെതർസ്റ്റേഷൻ സ്ഥാപിക്കാനും ഇതിനുള്ള ഫണ്ടും സാങ്കേതിക വിദ്യയും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ നിന്നും ലഭ്യമാക്കുന്നതാണെന്നും സർക്കാർ ഉറപ്പ് നൽകുന്നുണ്ട്. പ്രാദേശിക കാർഷിക ജൈവവൈവിദ്ധ്യ പരിപാലനത്തിന് പ്രത്യേക ഗ്രാന്റ് ഉറപ്പാക്കുന്നു. കൂടാതെ കാർഷിക വിത്തിനങ്ങളുടെ സംരക്ഷണം, നാട്ടറിവ് മ്യൂസിയം, കാർഷിക സർവ്വകലാശാല ഗവേഷണ സ്ഥാപന പങ്കാളിത്തത്തോടെ കാർഷിക ഇൻകുബേഷൻ സെന്റർ, ജൈവവളം, ജൈവകീടനാശിനി ഉല്പാദന യൂണിറ്റുകൾ, കാർഷിക വിളകൾ, ഔഷധ സസ്യങ്ങൾ, വൃക്ഷങ്ങൾ എന്നിവയുടെ തൈ ഉല്പാദന യൂണിറ്റുകൾ എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ പ്രാദേശിക സർക്കാരുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. ഇതിന് സബ്സിഡിയും ധനസഹായവും ഉറപ്പാക്കിയിട്ടുമുണ്ട്. സൂക്ഷ്മ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനും സഹായധനം നൽകുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ പതിനാലാം പദ്ധതി മുന്നോട്ടുവയ്ക്കുന്ന വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ സാമ്പത്തിക പിന്തുണയും സബ്സിഡിയും സഹായധനവും ഉറപ്പാക്കുന്ന തരത്തിലുള്ള ഇടപെടലുകൾ സർക്കാർ നടത്തിയതായി കാണാം. പ്രാദേശിക സർക്കാരുകളുടെ വികസന പദ്ധതികൾ വിജയകരമായെങ്കിൽ മാത്രമേ പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രമായി പ്രാദേശിക സർക്കാറുകൾ മാറുകയുള്ളൂ എന്ന തിരിച്ചറിവ് തന്നെയാണ് ഇതിലൂടെ നമുക്ക് ദർശിക്കാനാവുന്നത്. വിശദാംശങ്ങൾ 28/5/2022 ലെ 115/2022/തസ്വഭവ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. □

*(ലേഖകൻ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്.)*

# നാടാകെ നവകേരളം പച്ചത്തുരുത്തുകൾ

■ **അന്ന ലിയ ജോസ്**

പ്രകൃതിയെക്കൂടി കണക്കിലെടുത്തുകൊണ്ടുള്ള സുസ്ഥിര വികസനം എന്ന കാഴ്ചപ്പാട് ഇന്ന് ലോകമെമ്പാടും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വികസന കാഴ്ചപ്പാടും ഇതുതന്നെയാണ്. പരിസ്ഥിതി സൗഹൃദ കെട്ടിട നിർമ്മാണങ്ങൾ പ്രോത്സാഹിപ്പിക്കുക, ഊർജ്ജദുർവ്യയം ഒഴിവാക്കുകയും ഹരിത ഊർജ്ജം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, ജലസംരക്ഷണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക, ഖനന പ്രവർത്തനങ്ങൾക്ക് സാമൂഹ്യ നിയന്ത്രണം കൊണ്ടുവരിക, കണ്ടൽക്കാടുകൾ, കാവുകൾ, നദീതീര സ്വാഭാവിക സസ്യജാലങ്ങൾ, ജലാശയങ്ങളുടെ വാഹക പ്രദേശങ്ങൾ തുടങ്ങിയവ സംരക്ഷിക്കുക എന്നിങ്ങനെ ഒട്ടേറെ ഇനങ്ങൾ ഈ വികസന കാഴ്ചപ്പാടിൽ ഉൾപ്പെടുന്നു. ഇവയെല്ലാം ഒന്നൊന്നായി നടപ്പാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. വികസന പ്രവർത്തനങ്ങൾ പ്രകൃതിക്ക് ദോഷം വരാതെ നടപ്പാക്കുക എന്നതിനാണ് സംസ്ഥാന സർക്കാർ മുൻഗണന നൽകുന്നത്. വികസനവും പരിസ്ഥിതിയും ഒരേ മുൻഗണനയോടെ പരിഗണിക്കപ്പെടുന്ന സ്ഥിതി ഇതിലൂടെ സംജാതമാകും.

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ ഏറ്റവും എടുത്തുപറയേണ്ടതാണ് ഹരിതകേരളം മിഷൻ ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പച്ചത്തുരുത്തുകൾ. കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനുള്ളിൽ 1850 ലധികം പച്ചത്തുരുത്തുകൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയുണ്ടായി. അതിൽ ആദ്യ പച്ചത്തുരുത്ത് മൂന്ന് വയസ്സ് പിന്നിടുകയാണ്. തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ വേങ്ങോട് എന്ന സ്ഥലത്താണ് ആ പച്ചത്തുരുത്ത്. അന്നവിടെ വച്ചുപിടിപ്പിച്ച വൃക്ഷത്തൈകൾ വളർന്ന് അവിടെ ഒരു ചെറുകാട് രൂപപ്പെട്ടിരിക്കുകയാണ്. അന്നവിടെ നട്ട നീർമാതളം ഉൾപ്പെടെയുള്ള മരങ്ങൾ വളർന്നു പൂവിട്ടുകഴിഞ്ഞിരിക്കുന്നു. കിളികൾ അവിടെ കൂടുകൂട്ടിയിരിക്കുന്നു. പൂക്കളും ശലഭങ്ങളും കുണകളും ഒക്കെയായി പ്രാദേശിക ജൈവവൈവിധ്യത്തിന്റെ ഒരു ആവാസവ്യവസ്ഥ അവിടെ രൂപപ്പെടുകയാണ്. മൂന്ന് വർഷത്തിന് മുമ്പും പിന്നീട് സ്ഥാപിച്ചതുമായ പച്ചത്തുരുത്തുകൾ സാവധാനം ഈ അവസ്ഥയിലേക്ക് എത്തുകയാണ്.

പച്ചത്തുരുത്തുകളായി മാറുകയും ജനങ്ങൾ കൂട്ടത്തോടെ വൈകുന്നേരങ്ങളിൽ പോയി ഇരിക്കുന്ന സ്ഥലങ്ങളായി മാറുകയും ചെയ്തിട്ടുണ്ട്. പാരിസ്ഥിതികമായി പച്ചത്തുരുത്തുകൾ സൃഷ്ടിക്കുന്ന ഗുണങ്ങൾ കണ്ടറിഞ്ഞ് പച്ചത്തുരുത്തിനെ സ്വാഗതം ചെയ്യുന്നവരാണ് മറ്റൊരു വിഭാഗം. സ്കൂൾകുട്ടികൾക്ക് പരിസ്ഥിതി പഠനത്തിന്റെ പാഠശാലകളായി മാറുന്ന അനുഭവവും പച്ചത്തുരുത്തുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നുണ്ട്. പക്ഷികൾക്കും ശലഭങ്ങൾക്കുമുൾപ്പെടെയുള്ള ആവാസസ്ഥലമായി മാറുന്നു എന്നത് മറ്റൊരു നേട്ടമാണ്. ഇത്തരത്തിൽ ബഹുവിധമായ നേട്ടങ്ങളാണ് പച്ചത്തുരുത്തുകൾ സൃഷ്ടിച്ചിട്ടുള്ളത്.

**സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ ഏറ്റവും എടുത്തുപറയേണ്ടതാണ് ഹരിതകേരളം മിഷൻ ആവിഷ്കരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പച്ചത്തുരുത്തുകൾ.**

സ്ഥാപിക്കപ്പെട്ട സ്ഥലങ്ങളിലെല്ലാം ജനങ്ങൾ സന്തോഷപൂർവ്വം പച്ചത്തുരുത്തുകൾ ഏറ്റെടുക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ഇതിന് പല കാരണങ്ങൾ ഉണ്ട്. പച്ചപ്പിനോടുള്ള മലയാളികളുടെ ആഭിമുഖ്യമാണ് ഒരു പ്രധാന കാരണം. ഉപയോഗശൂന്യമായോ, മാലിന്യക്കൂമ്പാരമായോ ഒക്കെ കിടന്ന പൊതുസ്ഥലങ്ങൾ വീണ്ടെടുത്താണ് പല പച്ചത്തുരുത്തുകളും സ്ഥാപിച്ചിട്ടുള്ളത് എന്നതാണ് മറ്റൊരുകാരണം. ഒരു പ്രദേശത്തിന്റെ തലവേദനയായി കിടന്ന പല പ്രദേശങ്ങളും ഇപ്രകാരം മനോഹരമായ

വനമേഖലയിൽ നിന്ന് മാറി അനേകം ജീവികൾക്കും സസ്യലതാദികൾക്കും ആവാസവ്യവസ്ഥ ഒരുക്കി നമ്മുടെ നാട്ടിൻപുറങ്ങളിൽ നിരവധി കാവുകളുണ്ടായിരുന്നു. കാവുകളുടെ സംരക്ഷണാർത്ഥവും പച്ചത്തുരുത്തുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുകയാണ്. നമ്മുടെ കായലോരങ്ങൾ, ചതുപ്പുകൾ, നദീമുഖത്തുള്ള തുരുത്തുകൾ തുടങ്ങിയ സ്ഥലങ്ങളിൽ കണ്ടൽ കാടുകൾ എന്നിവ സുലഭമായിരുന്നു. കണ്ടൽക്കാടുകൾ മാത്രമുൾപ്പെടുത്തിയുള്ള പച്ചത്തുരുത്തുകളും പദ്ധതിയുടെ ഭാഗമായി സൃഷ്ടിച്ചുവരികയാണ്.

പച്ചത്തുരുത്ത് എന്ന ആശയത്തിനു പിന്നിൽ വിശദമായ ആശയ വിനിമയവും കൂടിയാലോചനകളുമുണ്ടായിരുന്നു. ഈ രംഗത്തെ വിദഗ്ധർ, വിവിധ സ്ഥാപനങ്ങൾ, പ്രായോഗിക പരിചയ സമ്പത്ത് നേടിയവർതുടങ്ങി ഒട്ടനവധി തലങ്ങളിൽ ചർച്ച ചെയ്ത് പൊതുജന പങ്കാളിത്തം ഉൾപ്പെടുത്തി കൂട്ടായൊരു ശ്രമഫലമായാണ് സംസ്ഥാനത്ത് പച്ചത്തുരുത്തുകൾ യാഥാർത്ഥ്യമാക്കിത്തുടങ്ങിയത്. വൃക്ഷത്തൈ നടീൽ മാത്രമല്ല അതിന്റെ പരിപാലനവും ഉറപ്പാക്കുന്നതിൽ ശ്രദ്ധവച്ചിരുന്നു.

## പച്ചത്തുരുത്തുകൾ : അവസ്ഥാപഠനം

പച്ചത്തുരുത്തുകൾ നൽകുന്ന ഗുണ

ഫലങ്ങളും ഇവിടെ പരാമർശിക്കേണ്ടിയിരിക്കുന്നു. ഇതുസംബന്ധിച്ച് അവസ്ഥാപഠനം നടത്തിയ കേരളത്തിലെ വിദഗ്ധർ പറയുന്നത് തികച്ചും ആശാവഹമായ ഫലസൂചനകളാണ്. കാലാവസ്ഥാവ്യതിയാനത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കുന്നതിനും ഹരിതഗൃഹവാതകങ്ങളുടെ സാന്നിദ്ധ്യം കൊണ്ടുണ്ടാകുന്ന ആഗോളതാപനത്തെ ചെറുക്കുന്നതിനും ഈ പച്ചത്തുരുത്തുകൾക്ക് നിർണ്ണായക പങ്ക് വഹിക്കാനാകും എന്ന് റിപ്പോർട്ട് പറയുന്നു. അന്തരീക്ഷത്തിലെ അധിക കാർബണിനെ ആഗിരണം ചെയ്ത് സംഭരിച്ച് സൂക്ഷിക്കുന്ന കാർബൺ കലവറകളായി പച്ചത്തുരുത്തുകൾ വർത്തിക്കുകയാണ്. ആകെ പച്ചത്തുരുത്തുകളിൽനിന്നും വിദഗ്ധർ ഇവിടെ തെരഞ്ഞെടുത്ത് പഠനത്തിന് വിധേയമാക്കിയ പച്ചത്തുരുത്തുകളുടെ അടിസ്ഥാനത്തിൽ 158 ഏക്കർ ഭൂമിയിൽനിന്നും ഒരു വർഷം 641 ടൺ കാർബൺ പിടിച്ചെടുക്കുന്നതിന് അവയ്ക്ക് ശേഷിയുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. പച്ചത്തുരുത്ത് രൂപപ്പെടുന്ന സ്ഥലത്തെ അന്തരീക്ഷ താപനില നിയന്ത്രിക്കുന്നതും പക്ഷികളും ഷഡ്പദങ്ങളും ഉൾപ്പെടെയുള്ള ജീവിവർഗ്ഗങ്ങളുടെ ആവാസവ്യവസ്ഥയായി മാറുന്നതുമുൾപ്പെടെ വിവിധ നേട്ടങ്ങൾ പ്രദാനം ചെയ്യാൻ ഈ ഹരിതാവരണങ്ങൾക്ക് കഴിയും. കൂടാതെ അന്തരീക്ഷത്തിലേക്ക് അധിക പ്രാണവായുവും എത്തിക്കാനും പച്ചത്തുരുത്തിലെ മരങ്ങൾക്ക് കഴിയുന്നു.

ഈവിധം പച്ചത്തുരുത്തുകൾ കാർബൺ ന്യൂട്രൽ കേരളത്തിലേയ്ക്കുള്ള അഥവാ നെറ്റ് സീറോ എമിഷൻ അവസ്ഥയിലേക്കുള്ള സംസ്ഥാനത്തിന്റെ അർത്ഥവത്തായ ചുവടുവയ്പ്പായിക്കൂടി മാറുകയാണ്.

## നവകേരളം പച്ചത്തുരുത്തുകൾക്ക് തുടക്കം

പച്ചത്തുരുത്തുകളെക്കുറിച്ച് വിദഗ്ധർ നടത്തിയ അവസ്ഥാപഠനം, അത് നൽകുന്ന ഫലസൂചനകൾ, പദ്ധതിക്ക് ഇതിനകം ലഭിച്ച സ്വീകാര്യത, ആവശ്യകത എന്നിവ മുൻനിർത്തി പച്ചത്തുരുത്ത് പദ്ധതി കൂടുതൽ വ്യാപിപ്പിക്കുകയാണ്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായാണ് നടപടി. ഇപ്രകാരം നവകേരളം പച്ചത്തുരുത്തുകൾക്ക് തുടക്കമിട്ടുള്ള പച്ചത്തുരുത്ത് വ്യാപന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ലോക പരിസ്ഥിതി ദിനമായജൂൺ 5 ഞായറാഴ്ച കണ്ണൂർ ജില്ലയിൽ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിലെ പാലപ്പുഴ അയ്യപ്പൻകാവിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചു. അയ്യപ്പൻകാവിലെ 136 ഏക്കർ ഭൂമിയിൽ വൃക്ഷത്തൈ നട്ടായിരുന്നു ഉദ്ഘാടനം. തദ്ദേശ സ്വയംഭരണ



എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ അധ്യക്ഷത വഹിച്ച ചടങ്ങിൽ നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി. എൻ. സീമ പദ്ധതി വിശദീകരണം നടത്തി. പച്ചത്തുരുത്ത് ബ്രോഷർ പ്രകാശനം ടി. ശിവദാസൻ എം.പി. നിർവ്വഹിച്ചു. സണ്ണി ജോസഫ് എം.എൽ.എ. മുഖ്യാതിഥിയായി പങ്കെടുത്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. സുധാകരൻ, മുഴക്കുന്ന് ഗ്രാപഞ്ചായത്ത് പ്രസിഡന്റ് ടി. ബിന്ദു, ജില്ലാ കളക്ടർ എസ്. ചന്ദ്രശേഖരൻ, മുൻ എം.പി., കെ.കെ. രാഗേഷ്, നവകേരളം കർമ്മപദ്ധതി ജില്ലാ കോർഡിനേറ്റർ സോമശേഖരൻ തുടങ്ങി ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ മേഖലകളിലെ പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു. മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന് കീഴിലുള്ള 136 ഏക്കർ ഭൂമിയുടെ ഒരു ഭാഗത്താണ് നവകേരളം പച്ചത്തുരുത്ത് ഒരുക്കുന്നത്. ഇതുൾപ്പെടെ ഇവിടെ ജൈവവൈവിധ്യ ഉദ്യാനമൊരുക്കാനാണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നത്.

**അന്തരീക്ഷത്തിലെ അധിക കാർബണിനെ ആഗിരണം ചെയ്ത് സംഭരിച്ച് സൂക്ഷിക്കുന്ന കാർബൺ കലവറകളായി പച്ചത്തുരുത്തുകൾ വർത്തിക്കുകയാണ്**

## 2000 ഏക്കറിൽ പച്ചത്തുരുത്തുകൾ വ്യാപിപ്പിക്കും - മുഖ്യമന്ത്രി

ഒരേയൊരു ഭൂമിയുടെ സ്വാഭാവിക ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കാനാണ് പച്ചത്തുരുത്ത് പദ്ധതി വ്യാപനത്തിലൂടെ ശ്രമിക്കുന്നതെന്ന് നവകേരളം പച്ചത്തുരുത്തുകൾക്ക് തുടക്കം കുറിച്ചുകൊണ്ട് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അഭിപ്രായപ്പെട്ടു. പ്രകൃതിയെ സംരക്ഷിച്ചുള്ള സുസ്ഥിര വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 2000 ഏക്കറിൽ പച്ചത്തുരുത്ത് സൃഷ്ടിക്കുമെന്നും അദ്ദേഹം പറഞ്ഞു. ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വൈകാതെ ഈ ലക്ഷ്യം കൈവരിക്കും.

## പരിസ്ഥിതി സംരക്ഷണത്തിന് ചെയ്യാനാവുന്നതൊക്കെ ചെയ്യണം - മന്ത്രി എം.വി. ഗോവിന്ദൻമാസ്റ്റർ

ലോകത്തിന് സങ്കീർണ്ണത സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കാൻ നമുക്കെന്തൊക്കെ ചെയ്യാനാകുമോ അതൊക്കെ ചെയ്യണമെന്ന് നവകേരളം പച്ചത്തുരുത്ത് ഉദ്ഘാടന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച് എക്സൈസ്, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. ഭൂമിയെ നാശോന്മുഖമാക്കാതെ ഫലഭൂയിഷ്ഠമാക്കി സംരക്ഷിക്കണം. പണത്തിനായി പ്രകൃതിയെ കൊള്ളയടിക്കുന്ന സ്ഥിതി മൂർച്ഛിച്ചുവരികയാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. അന്തരീക്ഷത്തിൽ കാർബൺഡൈ ഓക്സൈഡിന്റെ സാന്ദ്രത ഉയരുന്നത് മനുഷ്യന് ജീവിക്കാനാവാത്തവിധം ഭൂമി മാറുന്നതിന്റെ സൂചനകളാണ് നൽകുന്നത്. ഇതിനുള്ള പരിഹാര ശ്രമങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനമാണ് സംസ്ഥാനത്ത് നടപ്പാക്കുന്ന പച്ചത്തുരുത്ത് പദ്ധതി. പച്ചത്തുരുത്തുകൾ വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങളിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രത്യേക ശ്രദ്ധ പതിപ്പിക്കുമെന്നും 2000 ഏക്കർ വിസ്തൃതിയിൽ പച്ചത്തുരുത്തുകൾ എന്ന ലക്ഷ്യം കൈവരിച്ചാൽ സംഘടിത ശ്രമത്തിലൂടെ നടത്തുന്ന പരിസ്ഥിത സംരക്ഷണ പ്രവർത്തനങ്ങളിൽ പച്ചത്തുരുത്ത് പദ്ധതി ശ്രദ്ധേയമായ മാതൃകയാവുമെന്നും അദ്ദേഹം പറഞ്ഞു.

## പച്ചത്തുരുത്ത് : സ്ഥിതിവിവരം

നവകേരളം പച്ചത്തുരുത്തുകൾക്ക് തുടക്കം കുറിച്ച 2022 ജൂൺ 5 വരെ സംസ്ഥാനത്ത് 574 ഏക്കറിലായി 1850 പച്ചത്തുരുത്തുകളാണ് ഉണ്ടായിരുന്നത്. ഈ വർഷം പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് 303 നവകേരളം പച്ചത്തുരുത്തുകൾക്ക് തുടക്കമായി. ഇതുൾപ്പടെ സംസ്ഥാനത്ത് നിലവിൽ 1000 ഏക്കർ കവിഞ്ഞ് 2153 പച്ചത്തുരുത്തുകളാണ് സംസ്ഥാനത്ത് വളരുന്നത്. □

*(ലേഖിക ഹരിതകേരള മിഷനിലെ റിസോഴ്സ് പേഴ്സണാണ്.)*

# ദേശീയ കുടുംബാരോഗ്യ സർവേയും കേരളവും

■ അനീഷ് കുമാർ ബി.

**ദേശീയ കുടുംബാരോഗ്യ സർവേ**

ഇന്ത്യാ ഗവൺമെന്റിന്റെ ആരോഗ്യ -കുടുംബക്ഷേമ മന്ത്രാലയം രാജ്യവ്യാപകമായി നടത്തിവരുന്ന സർവേയാണ് നാഷണൽ ഫാമിലി ഹെൽത്ത് സർവേ (NFHS). ഈ സർവേ നടത്തിപ്പിന്റെ നോഡൽ ഏജൻസി ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോപ്പുലേഷൻ സയൻസ് (IIPS) ആണ്. ജനസംഖ്യ, ആരോഗ്യം, കുടുംബാസൂത്രണം, പോഷകാഹാരം എന്നിവയുമായി ബന്ധപ്പെട്ട പ്രധാന സൂചകങ്ങളായ പ്രത്യുല്പാദന നിരക്ക്, മരണനിരക്ക്, മാതൃ-ശിശു, ആരോഗ്യം, സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാരം, ഗാർഹിക പീഡനം തുടങ്ങിയ വിഷയങ്ങൾ ഈ സർവേയിൽ പഠന വിധേയമാക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിനും മറ്റ് ഏജൻസികൾക്കും നയരൂപീകരണത്തിനും ആസൂത്രണത്തിനും ആവശ്യമായ ആരോഗ്യം, കുടുംബക്ഷേമം എന്നീ വിഷയ

| Sex Ratio | NFHS 4 | NFHS 5 |
|---|---|---|
| **കേരളം** | **1049** | **1121** |
| **ഇന്ത്യ** | **991** | **1020** |

| ജനസംഖ്യയും അനുബന്ധവിവരങ്ങളും (കണക്കുകൾ ശതമാനത്തിൽ) | | | |
|---|---|---|---|
| Sl.no | സൂചകങ്ങൾ | കേരളം | ഇന്ത്യ |
| 1 | ആറു വയസ്സും അതിനു മുകളിലും പ്രായമുള്ളവരിൽ സ്കൂൾവിദ്യാഭ്യാസം ലഭിച്ചവർ (വനിതകൾ )(%) | 95.5 | 71.8 |
| 2 | ലിംഗാനുപാതം(1000 പുരുഷന്മാർക്ക് എത്ര സ്ത്രീകൾ) | 1121 | 1020 |
| 3 | അഞ്ച് വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ സിവിൽ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത ജനനങ്ങൾ (%) | 99.0 | 89.1 |
| 4 | കഴിഞ്ഞ മൂന്നു വർഷത്തിൽ സിവിൽ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത മരണങ്ങൾ(%) | 97.4 | 70.8 |
| 5 | വൈദ്യുതീകരിച്ച വീടുകൾ (%) | 99.6 | 96.8 |
| 6 | ശുദ്ധമായ കുടിവെള്ള മുള്ള വീടുകൾ (%) | 94.9 | 95.9 |
| 7 | വൃത്തിയുള്ള ശൗചാലയമുള്ള വീടുകൾ (%) | 98.7 | 70.2 |
| 8 | നല്ല ഇന്ധനം ഉപയോഗിച്ചുള്ള പാചകം (%) | 72.1 | 58.6 |
| 9 | ഹെൽത്ത് ഇൻഷുറൻസ് ഉള്ള ഒരംഗമെങ്കിലും ഉള്ള കുടുംബം (%) | 51.5 | 41.0 |
| 10 | 2019–20 കാലയളവിൽ പ്രീപ്രൈമറി സ്കൂളിൽ പോയ അഞ്ചു വയസ്സിന് താഴെയുള്ള കുട്ടികൾ . (%) | 29.0 | 13.6 |

ങ്ങളെ സംബന്ധിച്ച് അവശ്യ വിവരങ്ങൾ നൽകുക, അതോടൊപ്പം ആരോഗ്യ കുടുംബക്ഷേമ കാര്യങ്ങളിൽ ഉയർന്നുവരുന്ന പ്രധാനപ്പെട്ട മാറ്റങ്ങൾ അറിയുക എന്നിവയാണ് ഈ സർവേയുടെ പ്രധാന ലക്ഷ്യങ്ങൾ.

1992-93 ലാണ് ആദ്യ ദേശീയ കുടുംബാരോഗ്യ സർവേ (NFHS-1) നടത്തിയത്. സ്ത്രീകൾക്കും കുട്ടികൾക്കും ഊന്നൽ നൽകി ജനസംഖ്യ, ആരോഗ്യം, പോഷകാഹാരം എന്നിവയെക്കുറിച്ചുള്ള വിപുലമായ വിവരങ്ങൾ ഈ സർവേ ശേഖരിച്ചു. തുടർന്ന് 1998-99 (NFHS-2), 2005-06 (NFHS-3), 2015-16 (NFHS-4) ലും ടി സർവേ രാജ്യത്ത് നടത്തുകയുണ്ടായി. ഈ ശ്രേണിയിലുള്ള അഞ്ചാമത്തെ സർവേ റിപ്പോർട്ട് NFHS-5 2019-20 ആണ് കേന്ദ്ര ആരോഗ്യ മന്ത്രാലയം ഇപ്പോൾ പുറത്തുവിട്ടിരിക്കുന്നത്.

രണ്ട് ഘട്ടങ്ങളിലായാണ് ദേശീയ കുടുംബാരോഗ്യ സർവ്വേ നടത്തിയത്. 2019 മുതൽ 2020 വരെയുള്ള ഒന്നാം ഘട്ടത്തിൽ 17 സംസ്ഥാനങ്ങളെയും 5 കേന്ദ്രഭരണ പ്രദേശങ്ങളേയും ഉൾപ്പെടുത്തി. 11 സംസ്ഥാന

ങ്ങളേയും 3 കേന്ദ്ര ഭരണ പ്രദേശങ്ങളേയും ഉൾപ്പെടുത്തിയ രണ്ടാം ഘട്ടം 2020 ജനവരി മുതൽ 2021 ഏപ്രിൽ വരെ ആയിരുന്നു.

NFHS 4 ൽ പരാമർശിച്ചിരുന്ന ജന സംഖ്യ, ആരോഗ്യം, കുടുംബക്ഷേമം, ജനസം ഖ്യയുടെ സവിശേഷതകളെക്കുറിച്ചും പ്രത്യു ല്പാദന നിരക്ക്, കുടുംബാസൂത്രണം, ശിശു മരണനിരക്ക്, അമ്മയുടെയും കുട്ടികളു ടെയും ആരോഗ്യം, പോഷകാഹാരവും അനീമിയയും രോഗാവസ്ഥയും ആരോഗ്യപ രിപാലനവും, സ്ത്രീ ശാക്തീകരണം എന്നിവ കൂടാതെ, മരണ രജിസ്ട്രേഷൻ, പ്രീ-സ്കൂൾ വിദ്യാഭ്യാസം, കുട്ടികളുടെ പ്രതിരോധ കുത്തിവയ്പ്പ് സംബന്ധിച്ച വിവരങ്ങൾ, കുട്ടി കൾക്ക് ലഭ്യമാകുന്ന പോഷക ഘടകങ്ങൾ, ആർത്തവ ശുചിത്വം, മദ്യത്തിന്റെയും പുക യിലയുടെയും ഉപയോഗം, സാംക്രമികേതര രോഗങ്ങൾ, പ്രമേഹം തുടങ്ങിയ അധിക വിവരങ്ങൾ ഉൾപ്പെടുത്തിയാണ് NFHS-5 സർവേ പൂർത്തീകരിച്ചത്. ഐക്യരാഷ്ട്രസഭ ഉടമ്പടിയനുസരിച്ച് നേടിയെടുക്കേണ്ട 17 സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ ഉൽന്നങ്ങ ളേയും അനന്തരഫലങ്ങളേയും നിരീക്ഷണം നടത്തുന്നതിനും വിലയിരുത്തുന്നതിനും ദേശീയ കുടുംബാരോഗ്യ സർവേ ഫലങ്ങൾ വഴി കഴിയുന്നതാണ്.

കേരളം ആരോഗ്യ വിദ്യാഭ്യാസ രംഗത്തു കൈവരിച്ച നേട്ടങ്ങൾ ടി റിപ്പോർട്ടിൽ പ്രതി ഫലിക്കുന്നത് കാണാവുന്നതാണ്. സ്ത്രീ ശാക്തീകരണവുംജെണ്ടർബജറ്റിങ്ങും നടപ്പാ ക്കുന്ന നമ്മുടെ സംസ്ഥാനത്തിന് അഭിമാ നിക്കാവുന്ന നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും മാറുന്ന ജീവിത ശൈലിയുമായി ബന്ധപ്പെട്ടു ള്ള ആരോഗ്യ, സാമൂഹിക മാറ്റങ്ങളിൽ നാം കുറേക്കൂടി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണെ ന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

2015–16 ലെ കുടുംബാരോഗ്യ സർവേ അടിസ്ഥാനമാക്കിയുള്ള ദാരിദ്ര്യ സൂചിക പ്രകാരവും നീതി ആയോഗിന്റെ (Niti




| വിദ്യാഭ്യാസവും ഇന്റർനെറ്റ് ഉപയോഗവും (മുതിർന്നവരിൽ) | | | |
|---|---|---|---|
| Sl.no | സൂചകങ്ങൾ | കേരളം | ഇന്ത്യ |
| 1 | സാക്ഷരരായ സ്ത്രീകൾ(%) | 98.3 | 71.5 |
| 2 | സാക്ഷരരായ പുരുഷന്മാർ(%) | 98.2 | 84.4 |
| 3 | പത്തു വർഷമോ അതിലേറെയോ സ്കൂൾവിദ്യാഭ്യാസം ലഭിച്ച സ്ത്രീകൾ(%) | 77.0 | 41.0 |
| 4 | പത്തു വർഷമോ അതിലേറെയോ സ്കൂൾവിദ്യാഭ്യാസം ലഭിച്ച പുരുഷന്മാർ(%) | 73.3 | 50.2 |
| 5 | ഇൻറർനെറ്റ് ഉപയോഗിക്കുന്ന സ്ത്രീകൾ(%) | 61.1 | 33.3 |
| 6 | ഇൻറർനെറ്റ് ഉപയോഗിക്കുന്ന പുരുഷന്മാർ(%) | 76.1 | 57.1 |

Aayog) ദാരിദ്ര്യ സൂചികയിലും ഏറ്റവും ദാരിദ്ര്യം കുറവുള്ള സംസ്ഥാനമാണ് കേരളം. എങ്കിലും കേരളത്തിലെ കുട്ടിക ളിലും സ്ത്രീകളിലും പോഷകാഹാരത്തിന്റെ അപര്യാപ്തത മൂലമുള്ള വിളർച്ച കൂടിയതും, നല്ല കുടിവെള്ളമുള്ള വീടുകളുടെ എണ്ണ ത്തിൽ നേരിയ കുറവ് ഉണ്ടായിട്ടുള്ളതും, ചെറിയ കുട്ടികളിലെ അമിത വണ്ണവും, സ്ത്രീ കളിലും പുരുഷന്മാരിലും അമിതഭാരമോ പൊണ്ണത്തടിയോ കൂടുന്നതും ഒക്കെ തന്നെ ആശങ്ക ഉളവാക്കുന്ന വസ്തുതകളാണ്.

## 1. ജനസംഖ്യയും അനുബന്ധ വിവരങ്ങളും

ആറ് വയസ്സും അതിനു മുകളിലും പ്രായമു ള്ളവരിൽ സ്കൂൾവിദ്യാഭ്യാസം ലഭിച്ച സ്ത്രീകൾ ഏറ്റവും കൂടുതൽ ഉള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് നമ്മുടെ കേരളം. ഇക്കാര്യത്തിൽ നഗര ഗ്രാമങ്ങളിൽ ഉൾപ്പെടെ ദേശീയ ശരാ ശരിക്കും മുകളിൽ ആണ് നമ്മുടെ സ്ഥാനം.

സെക്സ് റേഷ്യോയിൽ (1000 പുരു ഷന്മാർക്ക് എത്ര സ്ത്രീകൾ) ഇന്ത്യയിൽ ആദ്യമായി പുരുഷന്മാരുടെ എണ്ണത്തേ ക്കാൾ കൂടുതലായി സ്ത്രീകളുടെ എണ്ണം റിപ്പോർട്ട് ചെയ്തതായി കാണാവുന്നതാണ്. സ്ത്രീകളുടെ അനുപാതം NFHS-4 ൽ 991 ൽ നിന്നും NFHS-5 ൽ 1020 ആയി ഉയർന്നു. NFHS-4 -പ്രകാരം, 1000 ആൺകുട്ടികൾ ക്ക് 1047 പെൺകുട്ടികൾ എന്ന നിരക്കിൽ കേരളം ആയിരുന്നു രാജ്യത്ത് മുന്നിൽ. എന്നാൽ, NFHS-5 പ്രകാരം ഇത് 951 ആയി കുറഞ്ഞു.ജനസംഖ്യ സംബന്ധമായ മറ്റ് സൂചികകളിൽ നാം ദേശീയ ശരാശരി ക്ക് മുകളിൽ ആണെങ്കിൽ കൂടി ശുദ്ധമായ കുടിവെള്ളം ലഭ്യമാകുന്ന വീടുകളുടെ എണ്ണത്തിൽ നേരിയ കുറവ് വന്നത് ശ്രദ്ധ ചെലുത്തേണ്ട ഒന്നാണ്. മറ്റ് അനുബന്ധ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

## 2. വിദ്യാഭ്യാസവും ഇന്റർനെറ്റ് ഉപയോഗവും (മുതിർന്നവരിൽ)

സാക്ഷരതയിലും സ്കൂൾ വിദ്യാഭ്യാസ ത്തിലും ഗ്രാമ നഗര വ്യത്യാസമില്ലാതെ കേരളം മുൻപന്തിയിൽ തന്നെയാണ്. കേരളത്തിൽ സ്ത്രീകളിലെയും പുരുഷന്മാ രിലെയും ഇന്റർനെറ്റ് ഉപയോഗം ദേശീയ ശരാശരിയെക്കാൾ വളരെ കൂടുതലാണ്. ഇതിൽ തന്നെ ഗ്രാമ പ്രാദേശികളിൽ സ്ത്രീ കളുടെ ഇന്റർനെറ്റ് ഉപയോഗം ദേശീയ ഗ്രാമ ശരാശരിയേക്കാൾ 2 മടങ്ങ് കൂടുതൽ ആണ് എന്നത് എടുത്തുപറയേണ്ട വസ്തുത യാണ്.

| വിവാഹവും പ്രത്യുല്പാദനവും | | | |
|---|---|---|---|
| Sl.no | സൂചകങ്ങൾ | കേരളം | ഇന്ത്യ |
| 1 | പ്രായപൂർത്തിയാകാത്ത വിവാഹങ്ങൾ(%) | 6.3 | 23.3 |
| 2 | 21 വയസ്സിന് താഴെയുള്ള പുരുഷവിവാഹം (%) | 1.4 | 17.7 |
| 3 | കൗമാര ഗർഭധാരണം(%) | 2.4 | 6.8 |
| 4 | പ്രത്യുല്പാദന നിരക്ക് (%) | 1.8 | 2.0 |

## 3. വിവാഹവും പ്രത്യുല്പാദനവും

ദേശീയ തലത്തിൽ പ്രായപൂർത്തിയാകാത്ത വിവാഹങ്ങളുടെ ശരാശരി കറഞ്ഞതായി കാണാം. NFHS-5 അനുസരിച്ച് രാജ്യത്ത്23.3% സ്ത്രീകൾ നിയമാനുസൃതമായ 18 വയസ്സ് തികയുന്നതിന് മുമ്പ് വിവാഹിതരായി എന്നാൽ കേരളത്തിൽ ഇത് 6.3% ആണ്. കേരളത്തിൽ പ്രായപൂർത്തിയാകാത്ത വിവാഹങ്ങളുടെ ശരാശരി ദേശീയ ശരാശരിയേക്കാൾ 3 മടങ്ങോളം കുറവാണ്. പ്രായപൂർത്തിയാകാത്ത പുരുഷന്മാരുടെ വിവാഹം രാജ്യത്ത് NFHS-5 ൽ 17.7% ഉം NFHS-4 ൽ 20.3% ഉം ആണ്. കേരളത്തിൽ ഇത് 1.4% ഉം 2.8% ആണ്. കൗമാരക്കാരിലെ ഗർഭധാരണം ദേശീയതലത്തിൽ 7.9% ൽ നിന്ന് 6.8% ആയി കുറഞ്ഞു. കേരളത്തിൽ ഇത് 1.8% മാത്രമാണ്.

രാജ്യത്ത് പ്രത്യുല്പാദന നിരക്ക് (ഒരു സ്ത്രീ ശരാശരി എത്ര കുട്ടികൾക്ക് ജന്മം നൽകുന്നു എന്ന വിലയിരുത്തിയാണ് പ്രത്യുല്പാദന നിരക്ക് കണക്കാക്കുന്നത്) 2.2% ൽ നിന്നും 2% ആയി കുറഞ്ഞു. കേരളത്തിൽ ഇത് 1.8% ആണ്. രാജ്യത്ത് വിവിധ ഘട്ടങ്ങളിലായി നടപ്പാക്കിയിട്ടുള്ള കുടുംബാസൂത്രണ പദ്ധതികൾ വിജയം കൈവരിച്ചതിന്റെ സൂചനയാണിതെന്ന് അനുമാനിക്കാവുന്നതാണ്. NFHS-5 അനുസരിച്ച് രാജ്യത്ത് 66.7 % ആളുകൾ കുടുംബാസൂത്രണ മാർഗങ്ങൾ അവലംബിക്കുന്നു NFHS-4 ൽ 53.5% ആയിരുന്നു ഇത്.

## 4. ശിശുമരണ നിരക്ക്

ഒരു നിശ്ചിത കാലയളവിൽ ആയിരം കുട്ടികൾ ജനിക്കുമ്പോൾ ഒരു വയസ്സിന് താഴെയുള്ള എത്ര കുട്ടികൾ മരണപ്പെട്ടുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് ശിശുമരണ നിരക്ക് കണക്കാക്കുന്നത്. കേരളത്തിലെ ശിശുമരണ നിരക്ക് കുറഞ്ഞു വരുന്നതായി കാണാവുന്നതാണ്. കേരളത്തിന്റെ 8 ഇരട്ടിയിൽ അധികമാണ് ശിശുമരണ നിരക്കിൽ ദേശീയ ശരാശരി.

| ശിശുമരണ നിരക്ക് | | | |
|---|---|---|---|
| Sl.no | സൂചകങ്ങൾ | കേരളം | ഇന്ത്യ |
| 1 | നവജാതശിശു മരണ നിരക്ക് (NNMR) | 6.3 | 24.9 |
| 2 | ശിശുമരണ നിരക്ക് | 4.4 | 35.2 |
| 3 | അഞ്ചു വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളുടെ മരണ നിരക്ക് | 5.2 | 41.9 |




## 5. മാതൃത്വവും കുഞ്ഞിന്റെ ആരോഗ്യവും

രാജ്യത്ത് ആരോഗ്യകേന്ദ്രങ്ങളിൽ നടക്കുന്ന പ്രസവങ്ങൾ 78.9% ൽ നിന്നും 88.6% ആയി ഉയർന്നിട്ടുണ്ട്. എന്നാൽ നമ്മുടെ കേരളത്തിൽ 99.8% പ്രസവങ്ങളും ആരോഗ്യകേന്ദ്രങ്ങളിലാണ് നടക്കുന്നത്. ദേശീയ ശരാശരിയിൽ ഗ്രാമങ്ങളിൽ വസിക്കുന്ന 87% പ്രസവങ്ങൾ ആരോഗ്യകേന്ദ്രങ്ങളിൽ നടക്കുമ്പോൾ കേരളത്തിൽ ഇത് 99.8% ആണ്.

കേരളത്തിലെ സർക്കാർ ആശുപത്രികളിൽ നടക്കുന്ന ജനനങ്ങൾ NFHS 4-ൽ 38.3% ആയിരുന്നത് NFHS 5-ൽ 34.1% ആയി കുറഞ്ഞു. എന്നാൽ പ്രതിരോധ കുത്തിവയ്പ്പിനായി സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവരുടെ ശതമാനം NFHS-4 ൽ 77.6 % ആയിരുന്നത് NFHS-5-ൽ 87.3% ആയി ഉയർന്നു.

| മാതൃത്വവും കുഞ്ഞിന്റെ ആരോഗ്യവും | | | |
|---|---|---|---|
| Sl.no | സൂചകങ്ങൾ | കേരളം | ഇന്ത്യ |
| 1 | ഗർഭകാല പരിശോധന നടത്തിയ അമ്മമാർ(ആദ്യ മൂന്ന് മാസത്തിൽ ) (%) | 93.6 | 70 |
| 2 | ആരോഗ്യകേന്ദ്രങ്ങളിൽ നടക്കുന്ന പ്രസവങ്ങള് (%) | 99.8 | 88.6 |
| 3 | വീട്ടുകളിലെ പ്രസവം(%) | 0.2 | 3.2 |
| 4 | വിദഗ്ധരുടെ നേതൃത്വത്തിൽ നടന്ന പ്രസവം(%) | 100 | 89.4 |
| 5 | സിസേറിയൻ(%) | 38.9 | 21.5 |
| 6 | പ്രൈവറ്റ് ആശുപത്രിയിലെ സിസേറിയൻ(%) | 39.9 | 47.4 |
| 7 | സർക്കാർ ആശുപത്രിയിലെ സിസേറിയൻ(%) | 37.2 | 14.3 |
| 8 | പ്രതിരോധ കുത്തിവെപ്പ് സ്വീകരിച്ച കുട്ടികൾ (12–23 മാസം) (%) | 77.8 | 76.4 |







| കുട്ടികളുടെയും മുതിർന്നവരുടെയും പോഷകാഹാര നിലവാരം | | | |
|---|---|---|---|
| Sl.no | സൂചകങ്ങൾ | കേരളം | ഇന്ത്യ |
| 1 | മുലപ്പാൽ നൽകുന്ന അമ്മമാർ(3 വയസ്സിന് താഴെ) (%) | 66.7 | 41.8 |
| 2 | വളർച്ച മുരടിച്ച 5 വയസ്സിന് താഴെയുള്ള കുട്ടികൾ (%) | 23.4 | 35.5 |
| 3 | ഭാരക്കുറവ് ഉള്ള 5 വയസ്സിന് താഴെയുള്ള കുട്ടികൾ (%) | 15.8 | 32.1 |
| 4 | അമിത വണ്ണം ഉള്ള 5 വയസ്സിന് താഴെയുള്ള കുട്ടികൾ | 4.0 | 3.4 |
| 5 | 6–59 മാസം പ്രായമുള്ള വിളർച്ചയുള്ള കുട്ടികൾ(%) | 39.4 | 67.1 |
| 6 | അമിതവണ്ണമോ പൊണ്ണത്തടിയോ ഉള്ള സ്ത്രീകൾ(%) | 38.1 | 24.0 |
| 7 | അമിതവണ്ണമോ പൊണ്ണത്തടിയോ ഉള്ള പുരുഷന്മാർ (%) | 36.4 | 22.9 |

## 6. കുട്ടികളുടെയും മുതിർന്നവരുടെയും പോഷകാഹാര നിലവാരം

വിളർച്ചയ്ക്കൊപ്പം പോഷകാഹാരക്കുറവിനെ തുടർന്നുണ്ടാകുന്ന വളർച്ച മുരടിപ്പ് കേരളത്തിലെ കുട്ടികളിൽ കൂടുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. NFHS-4 ൽ 35.7% കുട്ടികൾക്കായിരുന്നു വിളർച്ചയെങ്കിൽ NFHS-5 ൽ ഇത് 39.4% ആയി വർധിച്ചു. കേരളത്തിൽ പ്രായത്തിനൊത്ത

| ലിംഗ വിവേചനവും അതിക്രമവും | | | |
|---|---|---|---|
| Sl.no | സൂചകങ്ങൾ | കേരളം | ഇന്ത്യ |
| 1 | വിവാഹിതരായ സ്ത്രീകൾ (18-49 വയസ്സ്) എപ്പോഴെങ്കിലും ജീവിത പങ്കാളിയുടെ അക്രമം അനുഭവിച്ചിട്ടുള്ളവർ (%) | 9.9 | 29.3 |
| 2 | ഗർഭിണിയായിരിക്കെ ശാരീരിക പീഡനം അനുഭവിച്ച 18 -49 പ്രായമുള്ളവർ | 0.5 | 3.1 |
| 3 | 18 വയസ്സിന് താഴെ ലൈംഗിക പീഡനം അനുഭവിച്ചവർ (18-29 വയസ്സ് പ്രായമുള്ള യുവതികൾ) (%) | 1.6 | 1.5 |

| സ്ത്രീ ശാക്തീകരണം | | | |
|---|---|---|---|
| Sl.no | സൂചകങ്ങൾ | കേരളം | ഇന്ത്യ |
| 1 | കുടുംബത്തിൽ തീരുമാനങ്ങളെടുക്കുന്നതില് പങ്കാളികളാകുന്ന സ്ത്രീകൾ(%) | 94.1 | 88.7 |
| 2 | സ്വന്തമായി ബാങ്ക് അക്കൗണ്ടുള്ള സ്ത്രീകളുടെ എണ്ണം (%) | 78.5 | 78.6 |
| 3 | സ്വന്തമായി വീടോ കൂടാതെ/അല്ലെങ്കിൽ ഭൂമിയോ (ഒറ്റയ്ക്കോ മറ്റുള്ളവരുമായി സംയുക്തമായോ) ഉള്ള സ്ത്രീകൾ(%) | 27.3 | 43.3 |

| മുതിർന്നവർക്കിടയിലെ പുകയില / മദ്യത്തിന്റെ ഉപയോഗം | | | |
|---|---|---|---|
| Sl.no | സൂചകങ്ങൾ | കേരളം | ഇന്ത്യ |
| 1 | പുകയില ഉപയോഗിക്കുന്ന 15 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾ(%) | 2.2 | 8.9 |
| 2 | പുകയില ഉപയോഗിക്കുന്ന 15 വയസ്സിന് മുകളിൽ പ്രായമുള്ള പുരുഷന്മാർ(%) | 16.9 | 38 |
| 3 | മദ്യം ഉപയോഗിക്കുന്ന 15 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾ(%) | 0.2 | 1.3 |
| 4 | മദ്യം ഉപയോഗിക്കുന്ന 15 വയസ്സിന് മുകളിൽ പ്രായമുള്ള പുരുഷന്മാർ(%) | 19.9 | 18.8 |




ഉയരമില്ലാത്ത അവസ്ഥ 23.4% പേർക്കും ഭാരക്കുറവ് 15.8% പേർക്കുമുണ്ട്. NFHS-4 ൽ ഇത് യഥാക്രമം 19.7%, 15.7% എന്നിങ്ങനെയായിരുന്നു. കുട്ടികളിൽ 4% പേർക്ക് അമിത വണ്ണം ഉള്ളവരായി കാണുന്നു ഇത് ദേശീയ ശരാശരിക്കും മുകളിലാണ്.

കേരളത്തിലെ സ്ത്രീകളിലും പുരുഷന്മാരിലും അമിതഭാരമോ പൊണ്ണത്തടിയോ കൂടുന്നതായി റിപ്പോർട്ട് സൂചിപ്പിക്കുന്നു. NFHS-4 ൽ സ്ത്രീകളിൽ 32.4% വും പുരുഷന്മാരിൽ 28.5% ആയിരുന്നെങ്കിൽ NFHS-5 ൽ യഥാക്രമം 38.1%, 36.4% പേർക്കും അമിത ഭാരമോ പൊണ്ണത്തടിയോ ഉണ്ട്.

## 7. ലിംഗ വിവേചനവും അതിക്രമവും

രാജ്യത്ത് വിവാഹിതരായ സ്ത്രീകളിൽ 29.3% പേരും 18 വയസിനും 49 വയസ്സിനുമിടയിൽ ജീവിതപങ്കാളിയിൽ നിന്ന് പീഡനം നേരിടുന്നു. എന്നാൽ കേരളത്തിൽ ഇത് 9.9% മാത്രമാണ്. NFHS-4 ൽ രാജ്യത്ത് ഇത് 31.2% കേരളത്തിൽ 14.3% വും ആയിരുന്നു. ജീവിതപങ്കാളിയിൽ നിന്ന് പീഡനം നേരിടുന്നത് രാജ്യത്ത് 1.9 ശതമാനം കുറഞ്ഞപ്പോൾ കേരളത്തിൽ ഇത് 4.4% കുറഞ്ഞു. ഗർഭിണികൾക്കെതിരായ ശാരീരിക അതിക്രമം സംസ്ഥാന ശരാശരി 0.5% ഉം ദേശീയ ശരാശരി 3.1% വും ആണ്.

## 8. സ്ത്രീ ശാക്തീകരണം

കേരളത്തിൽ 88.7% സ്ത്രീകളും രാജ്യത്ത് 71% സ്ത്രീകളും കുടുംബത്തിൽ തീരുമാനങ്ങളെടുക്കുന്നതിൽ പങ്കാളികളാകുന്നു. അതോടൊപ്പം സ്വന്തമായി ബാങ്ക് അക്കൗണ്ടുള്ള സ്ത്രീകളുടെ എണ്ണം രാജ്യത്ത് 78.6% ആയി ഉയർന്നു. മുൻ സർവ്വേയിൽ ഇത് 53% ആയിരുന്നു.

## 9. മുതിർന്നവർക്കിടയിലെ പുകയില/മദ്യത്തിന്റെ ഉപയോഗം (15 വയസും അതിന് മുകളിലും)

മദ്യപാനത്തിൽ ദേശീയ ശരാശരിയെക്കാളും മുന്നിലാണ് കേരളം. രാജ്യത്ത് 18.8% പുരുഷന്മാരും, കേരളത്തിൽ 19.9% പുരുഷന്മാരും മദ്യം ഉപയോഗിക്കുന്നു. കേരളത്തിലെ ഗ്രാമീണ മേഖലകളിലെ 18.7% പുരുഷന്മാരും, നഗര മേഖലയിലെ 21% പുരുഷന്മാരും മദ്യപിക്കുന്നവരാണെന്നും സർവേ ചൂണ്ടിക്കാണിക്കുന്നു. □

*(ലേഖകൻ തിരുവനന്തപുരം ജില്ല സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറാണ്.)*

*കുടുംബശ്രീ രജത ജൂബിലി ആഘോഷ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ നിർവ്വഹിക്കുന്നു.*

# സ്ത്രീശക്തിയുടെ മഹാസംഗമം

## കുടുംബശ്രീ രജതജൂബിലി ആഘോഷങ്ങൾക്ക് നിറപ്പകിട്ടാർന്ന തുടക്കം

■ **ആശ എസ്. പണിക്കർ**

കേരളത്തിലെ സ്ത്രീകളെ മുഖ്യധാരയിലേക്കുയർത്തിയ പ്രസ്ഥാനമാണ് കുടുംബശ്രീയെന്ന് തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ.

സ്ത്രീശാക്തീകരണത്തിന്റെ മുഖശ്രീയായ കുടുംബശ്രീയുടെ രജത ജൂബിലി ആഘോഷങ്ങൾക്ക് അനന്തപുരിയുടെ മണ്ണിൽ നിറപ്പകിട്ടാർന്ന തുടക്കം. തിരുവനന്തപുരം നാലാഞ്ചിറ ഗിരിദീപം കൺവെൻഷൻ സെൻററിൽ സംസ്ഥാനത്തെ 1070 സി.ഡി.എസുകളെ പ്രതിനിധീകരിച്ചെത്തിയ സി.ഡി.എസ് ചെയർപേഴ്സൺമാരെ സാക്ഷി നിർത്തി തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ ഒരു വർഷം നീണ്ടു നിൽക്കുന്ന രജത ജൂബിലി ആഘോഷങ്ങൾക്ക് തിരി തെളിച്ചു.

പരിപാടി നടക്കുന്ന വേദിയിലേക്ക് രാവിലെ മുതൽ സി.ഡി.എസ് ചെയർപേഴ്സൺമാർ എത്തിച്ചേർന്നു. കോവിഡ് പ്രതിസന്ധികൾ കാരണം പരസ്പരം കാണാൻ കഴിയാതിരുന്നവർ വീണ്ടും ഒരു വേദിയിൽ ഒരുമിച്ചു കണ്ടപ്പോൾ അത് വികാരനിർഭരമായി. കാസർകോട് നിന്നും തിരുവനന്തപുരം ജില്ലയിൽ വരെയുള്ള സി.ഡി.എസ് അധ്യക്ഷമാർ ഓരോ ബസിലായി എത്തുമ്പോൾ ആഹ്ളാദത്തോടെ സ്വീകരിക്കാൻ സംസ്ഥാന ജില്ലാ മിഷൻ ജീവനക്കാരും മറ്റ് കുടുംബശ്രീ പ്രവർത്തകരും പ്രധാനവേദിക്കു മുന്നിലായി കാത്തു നിന്നിരുന്നു.

കൃത്യം പത്തു മണിക്ക് തന്നെ പരിപാടി ആരംഭിച്ചു. രജത ജൂബിലി ആഘോഷ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുന്നതിനായി വേദിയിലേക്കെത്തിയ തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ,

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പി.ഐ ശ്രീവിദ്യ എന്നിവരെ നീണ്ട കരഘോഷത്തോടെയാണ് സദസിലിരുന്ന സി.ഡി.എസ് അധ്യക്ഷമാർ സ്വാഗതം ചെയ്തത്.

കഴിഞ്ഞ 24 വർഷങ്ങളിലെ നിസ്വാർത്ഥ പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ സ്ത്രീകളെ മുഖ്യധാരയിലേക്കുയർത്തിയ പ്രസ്ഥാനമാണ് കുടുംബശ്രീയെന്ന് രജത ജൂബിലി ആഘോഷ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു കൊണ്ട് തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

കേരളത്തിലെ സ്ത്രീകളെ സാമൂഹ്യവും സാമ്പത്തികവുമായ മുന്നേറ്റം കൈവരിക്കുന്നതിൽ കുടുംബശ്രീ വഹിച്ച പങ്ക് അഭിമാനകരമാണ്. അധികാര സ്ഥാനങ്ങളിലേക്ക് കടന്നു ചെല്ലാൻ പ്രാപ്തമാക്കിയതുൾപ്പെടെ സമൂഹത്തിൽ സ്ത്രീകളുടെ ദൃശ്യപരത വർധിപ്പിക്കാനും സാമൂഹിക പ്രശ്നങ്ങളിൽ അവരുടെ ഇടപെടൽ ശേഷി വളർത്താൻ കഴിഞ്ഞതും സ്ത്രീശാക്തീകരണ വഴികളിലെ ഏറ്റവും ശ്രദ്ധേയമായ നേട്ടമാണ്. വിവിധ ഉപജീവന അവസരങ്ങൾ, നൈപുണ്യവികസനം, പാർപ്പിടം, അടിസ്ഥാന സൗകര്യങ്ങൾ, ശുദ്ധജല ലഭ്യത എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾ നേടിയെടുത്തു കൊണ്ട് പ്രാദേശിക സാമ്പത്തിക വികസനത്തെ ശക്തിപ്പെടുത്തുന്നതിൽ നിർണായക ഭാഗധേയം വഹിക്കുന്ന പ്രസ്ഥാനമായി കുടുംബശ്രീക്ക് മാറിയിരിക്കുന്നു.

നിസ്വാർത്ഥമായ പ്രവർത്തനങ്ങളിലൂടെ സമൂഹത്തെ മുമ്പോട്ടു നയിക്കുന്ന ചരിത്രമാണ് കുടുംബശ്രീയുടേത്. അതിനാൽ നവകേരള സൃഷ്ടിയിൽ നിർണായക പങ്കു വഹിക്കുന്ന പ്രസ്ഥാനമായി കുടുംബശ്രീ മാറുമെന്നത് തീർച്ചയാണ്. കാർഷിക സൂക്ഷ്മസംരംഭ മേഖലയിൽ പരമ്പരാഗതവും നൂതനവുമായ നിരവധി പദ്ധതികൾ നടപ്പാക്കുന്നതു കൂടാതെ കേരളം അഭിമുഖീകരിക്കുന്ന നിരവധി പ്രതിസന്ധിഘട്ടങ്ങളിൽ സമൂഹത്തിന് താങ്ങും തണലുമായി നിൽക്കാനും ഈ സ്ത്രീക്കൂട്ടായ്മയ്ക്കുണ്ട്. വിവിധ കേന്ദ്ര പദ്ധതികൾ വിജയകരമായി നടപ്പാക്കുന്നതിനൊപ്പം ഇതര സംസ്ഥാനങ്ങളിൽ കുടുംബശ്രീയുടെ സ്ത്രീശാക്തീകരണ ദാരിദ്ര്യ നിർമ്മാർജ്ജന മാതൃകകൾ നടപ്പാക്കുന്നതിനുള്ള നാഷണൽ റിസോഴ്സ് ഓർഗനൈസേഷനായും കുടുംബശ്രീ വളർന്നു കഴിഞ്ഞിരിക്കുന്നു. 24 വർഷത്തെ പ്രവർത്തനാനുഭവങ്ങളുടെ കരുത്ത് മൂലധനമാക്കി പുതിയ കാലത്തിന്റെ ആവശ്യങ്ങൾക്കനുസൃതവും കൂടുതൽ സമഗ്രവുമായ വികസന പദ്ധതികൾ നടപ്പാക്കാൻ കുടുംബശ്രീയെ സജ്ജമാക്കുക എന്നതാണ് ഇനിയുള്ള പ്രധാന ലക്ഷ്യം. കെഡിസ്കുമായും വിവിധ വകുപ്പുകളുമായും സഹകരിച്ചു കൊണ്ട് പരമാവധി പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനാണ് കുടുംബശ്രീയുടെ പരിശ്രമങ്ങളെന്നും മന്ത്രി പറഞ്ഞു.

വീടിന്റെ അകത്തളങ്ങളിൽ കഴിഞ്ഞിരുന്ന സ്ത്രീകളെ മികച്ച സംരംഭകരാക്കി മാറ്റുന്നതിനും നാടിന്റെ വികസന പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി ഇടപെടാൻ കഴിയുന്ന വിധത്തിൽ മാനസികവും ബൗദ്ധികവുമായി സജ്ജരാക്കാനും കഴിഞ്ഞ പ്രസ്ഥാനമാണ് കുടുംബശ്രീയെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ.ആർ ബിന്ദു പറഞ്ഞു.

ഇല്ലായ്മകളിൽ നിന്നും പൊരുതി മുന്നേറുന്നതിനും കരുതലോടെ ജീവിക്കാനും ആയിരക്കണക്കിന് സ്ത്രീകളെ പഠിപ്പിക്കുകയും അതുവഴി കേരളത്തിലെ സാമൂഹ്യ രംഗത്ത് വിപ്ലവകരമായ മാറ്റം സൃഷ്ടിക്കാനും സാധിച്ച പ്രസ്ഥാനമാണ് കുടുംബശ്രീയെന്ന് മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി പറഞ്ഞു.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പി.ഐ ശ്രീവിദ്യ സ്വാഗതം പറഞ്ഞു. കുടുംബശ്രീയെ കുറിച്ച് പഠിക്കുന്നതിനായി കേരളത്തിലെത്തിയ ഹിമാചൽ പ്രദേശിലെ സുന്ദർ നഗർ മുനിസിപ്പൽ കോർപ്പറേഷൻ ചെയർമാൻ, വൈസ് ചെയർമാൻ, സീനിയർ ഒഫീഷ്യൽസ് എന്നിവർ മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, പി.ഐ ശ്രീവിദ്യ എന്നിവരെ തലപ്പാവ് അണിയിച്ച് ആദരിച്ചു.

തിരുവനന്തപുരം കോർപ്പറേഷൻ മേയർ ആര്യാ രാജേന്ദ്രൻ, നാലാഞ്ചിറ കൗൺസിലർ ജോൺസൺ ജോസഫ്, കുടുംബശ്രീ ഗവേണിങ് ബോഡി അംഗം ഗീതാ നസീർ, വിവിധ സി.ഡി.എസുകളെ പ്രതിനിധീകരിച്ച് സെലീന, ഓമന കുമാരി എന്നിവർ ആശംസാ പ്രസംഗം നടത്തി. കോർപ്പറേഷൻ സി.ഡി.എസ് ഒന്ന് ചെയർപേഴ്സൺ സിന്ധു ശശി നന്ദി പറഞ്ഞു.

ഉദ്ഘാടന ചടങ്ങുകൾക്ക് ശേഷം 'നവകേരള സൃഷ്ടിയും കുടുംബശ്രീയും', 'പ്രാദേശിക സാമ്പത്തിക വികസനം- കുടുംബശ്രീയുടെ പങ്ക്', 'ലിംഗപദവി തുല്യതയും മുൻഗണനാ സമീപനങ്ങളും' എന്നീ വിഷയങ്ങളിൽ സെമിനാർ സംഘടിപ്പിച്ചു. ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടി.കെ ജോസ്, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി ശാരദാ മുരളീധരൻ, നവകേരളം മിഷൻ സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ഡോ.ടി.എൻ സീമ, പി.കെ ശ്രീമതി ടീച്ചർ, സാമൂഹ്യശാസ്ത്രജ്ഞ ഡോ. ജെ. ദേവിക, കരകുളം ഗ്രാമീണ പഠന കേന്ദ്രം എക്സിക്യൂട്ടീവ് ഡയറക്ടർ എൻ.ജഗജീവൻ, ടി.ജി സെൽ സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ശ്യാമ. എസ്.പ്രഭ, അഡ്വ.സിന്ധു അജയകുമാർ, സി.ഡി.എസ് ചെയർപേഴ്സൺമാരായ ഹരിത, ഓമന കുമാരി, സെലീന, സജ്ന, ശശികല, എന്നിവർ സംസാരിച്ചു. കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഡോ. എം. സുർജിത്, ഡോ.ടി.ഗീനാ കുമാരി, ചീഫ്ഓപ്പറേറ്റിങ് ഓഫീസർ സജിത് സുകുമാരൻ എന്നിവർ മോഡറേറ്റർമാരായി. □

*(ലേഖിക കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ പബ്ലിക് റിലേഷൻസ് വിഭാഗത്തിൽ എഡിറ്റോറിയൽ അസിസ്റ്റന്റാണ്)*

# സംരംഭക സൗഹൃദപഞ്ചായത്താവാൻ വെള്ളാങ്ങല്ലൂർ

■ എം.എം. മുകേഷ്

എന്റെ തൊഴിൽ എന്റെ അഭിമാനം എന്ന പേരിൽ സംസ്ഥാനത്ത് ഒരു ലക്ഷം തൊഴിൽ സംരംഭ ങ്ങൾ ആരംഭിക്കുന്ന ബൃഹദ് പദ്ധതിയുടെ ഭാഗമായി വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ കുടുംബ ശ്രീ സി.ഡി.എസിന്റെ സഹകരണത്തോടെ ഏകദിന സംരംഭക ശില്പശാല സംഘടിപ്പിച്ചു.

രാവിലെ 9.30 ന് കോണത്തുകുന്ന് എം.ഡി. കൺവെൻഷൻ സെന്ററിൽ രജിസ്ട്രേഷനോടെ ആരംഭിച്ച ശില്പശാലക്ക് സി.ഡി.എസ്. ചെയർപേഴ്സൺ ഗീതാഞ്ജലി ബിജു സ്വാഗതം പറഞ്ഞു. ഗ്രാമപഞ്ചായത്തിലെ 650 സംരംഭകരെ പങ്കെടുപ്പിച്ച് സംസ്ഥാനത്ത് ആദ്യമായി സംഘടിപ്പിച്ച ശില്പശാല തൃശ്ശൂർ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് പി.കെ.ഡേവീസ് മാസ്റ്റർ ഉൽഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.എം. മുകേഷ് അദ്ധ്യക്ഷത വഹിച്ചു.ജനപങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായ ശില്പശാലയിൽ പങ്കെടുത്ത് വൈസ് പ്രസിഡന്റ് സുജനബാബു, കുടുംബശ്രീ ജില്ലാമിഷൻ അസി.കോർഡി നേറ്റർ രാധാകൃഷ്ണൻ.കെ, കൊടകര ബ്ലോക് വ്യവസായവികസന ഓഫീസർ സെബി.വി.എ തുട ങ്ങിയവർ സംസാരിച്ചു.

എന്റെ തൊഴിൽ എന്റെ അഭിമാനം പദ്ധതിയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി വ്യവസായ വകുപ്പിന് കീഴിൽ എല്ലാ പഞ്ചായത്തുകളിലും 20,000 രൂപ ഓണ റേറിയത്തോടെ ഒരു വരഷക്കാലത്തേക്ക് നിയമിച്ച ഇന്റേണിന്റെ സഹായത്തോടെ പ്രർത്തനങ്ങൾ ആരംഭിച്ചിരുന്നു.150 പേരെ പങ്കെടുപ്പിച്ച് ഏകദിന ശില്പശാലയും സംഘടിപ്പിച്ചിരുന്നു. വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽവരുന്ന പുത്തൻചിറ, വേളൂക്കര, പൂമംഗലം, പടിയൂർ എന്നിവ ഉൾപ്പെടുന്ന അഞ്ചു പഞ്ചായത്തുകളിലായി 590 തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനാണ് പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. അതനുസരിച്ച് വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ 190 സംരംഭങ്ങൾ ആരംഭി ക്കും.ഇതിന്റെ ഭാഗമായി കുടുംബശ്രീ സി.ഡി.എസ്. വഴി നടത്തിയ സമഗ്ര സർവ്വേയിൽ 5600 തൊഴിലന്വേഷകരെ കണ്ടെത്തിയിരുന്നു.

രജിസ്ട്രേഷനും ഹ്രസ്വവും പ്രൗഢഗംഭീരവുമായ ഉൽഘാടനത്തിനും ശേഷം ശില്പശാലയിൽ പങ്കെടുത്തവർക്കായി വ്യവസായ വകുപ്പിലെ വിവിധ പദ്ധതികൾ സേവനങ്ങൾ ലൈസൻസിംഗ് നട പടിക്രമങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി തൃശ്ശൂർ ജില്ലാ അസിസ്റ്റന്റ് വ്യവസായ ഓഫീസർ കെ.പി.അജിത്കുമാർ ക്ലാസ്സെടുത്തു.ഉച്ചഭക്ഷണത്തിന്ശേഷം നടന്ന ആദ്യസെഷനിൽ വായ്പകൾ, സബ്സിഡികൾ,സഹായങ്ങൾ എന്ന വിഷയത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പ്രതിനിധി ക്ലാസ്സ് നയി ച്ചു.വൈകീട്ട് നടന്ന സെഷനിൽ സ്ത്രീശാക്തീകരണം മാനവികതയുടെ കരുതൽ എന്ന വിഷയിത്തി ൽ സാമൂഹ്യപ്രവർത്തകയും യുറീക്ക ശാസ്ത്രമാസികയുടെ എഡിറ്ററുമായ മീരാഭായി ടീച്ചർ ക്ലാസ്സെടുത്തു.

ത്രിതല പഞ്ചായത്തുകളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, സ്ഥിരം സമിതി അദ്ധ്യ ക്ഷന്മാർ,കുടുംബശ്രീ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, വിവിധ കലാകായിക സാസംകാരിക ക്ലബ്ബുകളുടേയും വായനശാലകൾ,രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവരുടെ സാന്നിദ്ധ്യവും ക്രിയാത്മകപങ്കാളിത്തവുംകൊണ്ട് സജീവമായ ശില്പശാലക്ക് ഗ്രാമപഞ്ചായത്ത് അസി.സെക്രട്ടറി സുജൻ പൂപ്പത്തി നന്ദി പ്രകാശിപ്പിച്ചതോടെ തിരശ്ശീല വീണു.

സർവ്വേ ഫലങ്ങളും ശില്പശാലാ രജിസ്ട്രേഷൻ വിവരങ്ങളും സമഗ്രമായി പരിശോധിച്ച് കൂടിക്കാഴ്ച്ചകൾ സംഘടിപ്പിച്ച് സംരംഭകരെ കണ്ടെത്തുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്ത് കൊടുത്ത് ഒരു ലക്ഷം സംരംഭങ്ങൾ എന്ന ലക്ഷ്യത്തിലേക്കെത്താനുള്ള ഭാവിപരിപാടികൾ ആസൂത്രണം ചെയ്തുവരികയാണ് വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്. ഇതിന്റെ മുന്നോടിയായി 14-ാം പഞ്ചവത്സര പദ്ധതി 2022-23 പ്രഥമ വാർഷികപദ്ധതിയിൽ ജനറൽ വിഭാഗത്തിൽ ഉൾപ്പെടുത്തി മാർഗ്ഗരേഖ പ്രകാരം സംരംഭകർക്ക് ധനസഹായം എന്ന പ്രോജക്ടും ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്നുണ്ട്. ☐

*(ലേഖകൻ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആണ്.)*

*തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ ഗോത്രകിരണം പദ്ധതി ഉദ്ഘാടനം ചെയ്യുന്നു*

# ആദിവാസി യുവജനങ്ങൾക്കായി കുടുംബശ്രീയുടെ ഗോത്രകിരണം പദ്ധതി

### ആദിവാസി മേഖലയിലെ യുവതീ യുവാക്കൾക്കുള്ള പ്രത്യേക തൊഴിൽ നൈപുണ്യ വികസന പരിപാടി

ആദിവാസി മേഖലകളിലെ യുവതീ യുവാക്കളുടെ നൈപുണ്യ ശേഷി വികസിപ്പിച്ചു കൊണ്ട് തൊഴിൽ ഉറപ്പാക്കുന്നതിനും അതുവഴി ജീവിത നിലവാരം ഉയർത്തുന്നതിനും കുടുംബശ്രീയുടെ 'ഗോത്ര കിരണം' പദ്ധതി വരുന്നു. ആദ്യഘട്ടമായി പാലക്കാട് ജില്ലയിലെ അട്ടപ്പാടി, വയനാട്ടിലെ തിരുനെല്ലി, ഇടുക്കിയിലെ ദേവികുളം പ്രദേശങ്ങളിൽ താമസിക്കുന്ന യുവതീയുവാക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുക. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ പാലക്കാട് ജില്ലാ പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ നിർവ്വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനു മോൾ അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ മൃൺമയി ജോഷി ഐ.എ.എസ് മുഖ്യാതിഥിയായി.

പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 5000 ഗുണഭോക്താക്കളെ കണ്ടെത്തുകയും അവരിൽ നിന്നും കുറഞ്ഞത് 500 പേർക്കെങ്കിലും തൊഴിൽ ഉറപ്പു വരുത്തുകയുമാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ അട്ടപ്പാടി, തിരുനെല്ലി, ദേവികുളം ബ്ലോക്കുകളിലെ ഊരുകളിൽ അവസ്ഥാപഠനം നടത്തും. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ ഊരിലുമുള്ള പ്രകൃതിവിഭവങ്ങൾ മനുഷ്യവിഭവശേഷി എന്നിവയുടെ ലഭ്യത സംബന്ധിച്ച സാധ്യതകൾ കണ്ടെത്തി ഗുണഭോക്തൃ പട്ടികയും തുടർന്ന് ഇവർക്കായി സൂക്ഷ്മ തല പദ്ധതിയും തയ്യാറാക്കും.

ഗോത്രമേഖലയിലെ യുവതീയുവാക്കളുടെ തൊഴിൽപരമായ ആവശ്യങ്ങൾ തിരിച്ചറിഞ്ഞു കൊണ്ട് അതിനനുസൃതമായി അവരുടെ പരമ്പരാഗത കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും തുടർന്ന് പ്രാദേശിക തൊഴിൽ സാധ്യതകളുമായി

ബന്ധപ്പെടുത്തുന്നതിനുമാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. കുടുംബശ്രീ മുഖേന നിലവിൽ നടപ്പാക്കി വരുന്ന നൈപുണ്യ പരിശീലന പരിപാടികളിൽ നിന്നു വ്യത്യസ്തമായി ആദിവാസി മേഖലയിലെ ജനവിഭാഗങ്ങൾക്കിടയിലുള്ള പരമ്പരാഗത തൊഴിൽ മേഖലകൾക്ക് ഊന്നൽ നൽകി സ്വയം തൊഴിൽ -വേതനാധിഷ്ഠിത തൊഴിൽ രംഗത്തേക്ക് കടന്നു ചെല്ലാൻ പ്രാപ്തമാക്കുന്ന വിധത്തിലാകും യുവതീ യുവാക്കൾക്ക് പരിശീലനം നൽകുക.

'ഗോത്ര കിരണം' പദ്ധതിയുടെ ഭാഗമായി നിലവിൽ പരമ്പരാഗത ഉൽപ്പന്ന നിർമ്മാണത്തിൽ ഏർപ്പെട്ടുവരുന്ന ഗോത്രവർഗ വിഭാഗങ്ങളിലെ യുവാക്കൾക്ക് കൂടുതൽ നൈപുണ്യ പരിശീലനം നൽകി അവരെ വിനോദ സഞ്ചാരമേഖലയിലെ തൊഴിൽ അവസരങ്ങളും പ്രാദേശിക വിപണികളുമായും കൂട്ടിയിണക്കി തൊഴിൽ ലഭ്യമാക്കും. പദ്ധതിയുടെ വിജയത്തിനായി കുടുംബശ്രീ കൂടാതെ മറ്റു വകുപ്പുകളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്ന വിവിധ നൈപുണ്യ പരിശീലന പരിപാടികളുമായുള്ള സംയോജനവും ഉറപ്പുവരുത്തും. ഗോത്രവിഭാഗങ്ങളിലെ യുവതീയുവാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന രീതിയിലാകും നൈപുണ്യ വികസന പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുക.

കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പി. സെയ്തലവി സ്വാഗതം ആശംസിച്ചു. പാലക്കാട് നഗരസഭാ ചെയർപേഴ്സൺ പ്രിയ അജയൻ, പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി. സേതുമാധവൻ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പാലക്കാട് സെക്രട്ടറി ഇ. ചന്ദ്രബാബു, കുടുംബശ്രീ ഗവേണിങ്ങ് ബോഡി അംഗം മരുതി മുരുകൻ, വാർഡ് കൗൺസിലർ ബി. സുഭാഷ്, സംസ്ഥാന മിഷൻ പ്രോഗ്രാം മാനേജർ എൻ. പി. ഷിബു, പാലക്കാട് സി.ഡി.എസ് ചെയർപേഴ്സൺ റീത്ത എന്നിവർ ആശംസ അറിയിച്ചു. കുടുംബശ്രീ അട്ടപ്പാടി അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ മനോജ് ബാലൻ നന്ദി അറിയിച്ചു. □

# വാർത്തകൾ വിശേഷങ്ങൾ

### പതിനാലാം പഞ്ചവത്സരപദ്ധതി - ഉത്തരവ് പുറപ്പെടുവിച്ചു.

നവകേരളത്തിന് ജനകീയാസൂത്രണം – സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022

### ആറാം ധനകാര്യ കമ്മീഷൻ -സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു

ആറാം ധനകാര്യകമ്മീഷന്റെ ഒന്നാം റിപ്പോർട്ടിലെ 35ാം ശിപാർശയിൻമേൽ സർക്കാർ കൈക്കൊണ്ട തീരുമാനം – ശിപാർശ നടപ്പിലാക്കി സർക്കാർ ഉത്തരവ് ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(കൈ) നം.91/2022/ ധന. തീയതി 25.05.2022

### ലൈഫ് മിഷൻ - ഉത്തരവ് പുറപ്പെടുവിച്ചു.

ലൈഫ് മിഷൻ ഭവനനിർമ്മാണം ഭവനസമുച്ചയങ്ങളുടെ നിർമ്മാണ കരാറുകാർക്ക് മുൻകൂർ നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.1265/2022/തസ്വഭവ തീയതി 21.05.2022

### തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ട് ചെലവ് -ഉത്തരവ് പുറപ്പെടുവിച്ചു.

തദ്ദേശഭരണസ്ഥാപനങ്ങളിൽ നടക്കുന്ന ഉദ്ഘാടനചടങ്ങുകൾക്ക് തനത്ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്ന തുകയുടെ പരിധി ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു

സ.ഉ(സാധ) നം.1255/2022/തസ്വഭവ തീയതി 19.05.2022

### ഗാർഹിക ബയോമെഡിക്കൽ മാലിന്യം ശേഖരണം സർക്കാർ ഉത്തരവ്

ഗാർഹിക ബയോമെഡിക്കൽ മാലിന്യം ശേഖരണം, സംഭരണം, കൈയ്യൊഴിക്കൽ പദ്ധതി പ്രാവർത്തികമാക്കുന്നതി നുള്ള മാർഗ്ഗ നിർദ്ദേശം അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.1227/2022/തസ്വഭവ തീയതി 16.05.2022

### മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ -സർക്കുലർ പുറപ്പെടുവിച്ചു

മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങളുടെ ഭാഗമായി ഡ്രൈഡേ, സ്പെഷ്യൽ ഡ്രൈവ് എന്നിവ സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു.

നം.31/ഡിസി1/2022/തസ്വഭവ. തീയതി 10.05.2022

### ലോക പരിസ്ഥിതി ദിനാചരണം - സർക്കുലർ പുറപ്പെടുവിച്ചു.

ലോകപരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് വൃക്ഷതൈകൾ നടുന്നതിനും അതുമായി ബന്ധപ്പെട്ട ചെലവുകൾക്കും തനത്ഫണ്ടിൽ നിന്നും പരമാവധി 10000/- രൂപ വരെ ചെലവഴിക്കുന്നതിന് അനുമതി നൽകി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു.

നം.204/ഡിഡി2/2022/തസ്വഭവ. തീയതി 01.06.2022

### അജൈവ മാലിന്യങ്ങളുടെ ശേഖരണം - സർക്കുലർ പുറപ്പെടുവിച്ചു.

അജൈവ മാലിന്യങ്ങളുടെ ശേഖരണം, സംഭരണം,തരംതിരിക്കൽ കൈയ്യൊഴിക്കൽ എന്നിവയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ക്ലീൻകേരള കമ്പനിയും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള കരാർ കാലാവധിയിൽ വ്യക്തത വരുത്തി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു.

നം.282/ഡിസി1/2022/തസ്വഭവ. തീയതി 11.05.2022

### പ്രാദേശിക സാമ്പത്തിക വികസനം - സർക്കുലർ പുറപ്പെടുവിച്ചു.

പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട് തൊഴിൽ ലഭ്യമാക്കുന്ന സംരംഭങ്ങൾക്ക് ആവശ്യമായ സഹായം നൽകുന്നതിന് നിയമിച്ചിട്ടുള്ള ഇന്റേണിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യാമാക്കുന്നതിന് നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചു.

നം./ഡിഎ1/154/2022/തസ്വഭവ. തീയതി 19.05.2022

### വില്ലേജ്തല ജനകീയസമിതി- ഉത്തരവ് പുറപ്പെടുവിച്ചു.

വില്ലേജ് തല ജനകീയ സമിതികളുടെ അദ്ധ്യക്ഷനെയും കൺവീനറെയും ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.2342/2022/ ആർ.ഡി തീയതി 24.05.2022

### 2022-23 വർഷത്തെ മഴക്കാല പൂർവ്വശുചീകരണം- ഉത്തരവ് പുറപ്പെടുവിച്ചു.

2022-23 വർഷത്തെ മഴക്കാലപൂർവ്വ ശുചീകരണ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ശുചിത്വ മിഷൻ വിഹിതം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം 1346/2022/ ത.സ്വ.ഭ.വ തീയതി 31.05.2022

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

# സബ്സിഡിയും 2022-23 വാർഷിക പദ്ധതിയും

■ ദീപു പി.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗര ഭരണ സ്ഥാപനങ്ങളുടെയും 2022-23 വാർഷിക പദ്ധതിയിലെ സബ്സിഡി , ധനസഹായം അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗരേഖ 28/05/2022 ൽ സ.ഉ (കൈ) നം 115/2022/തസ്വഭവ എന്ന ഉത്തരവായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ചില പ്രധാന ഭാഗങ്ങൾ ഒന്ന് ഓർമ്മപ്പെടുത്തുക മാത്രമാണിവിടെ ചെയ്യുന്നത്. വളരെ വലിയ ഉത്തരവായതു കൊണ്ട് തന്നെ ഉത്തരവിനെ അതു പോലെ അവതരിപ്പിക്കുകയല്ല മറിച്ച് ശ്രദ്ധ നൽകേണ്ട ചില ഭാഗങ്ങൾ ഓർമ്മയിലേക്ക് കൊണ്ട് വരിക മാത്രമാണ് ഇവിടെ ചെയ്യുന്നത്.

## ഇക്കാര്യങ്ങൾ ശ്രദ്ധിക്കുക

1. വിദ്യാർത്ഥികൾ ഗുണഭോക്താക്കളാകുന്ന പദ്ധതികളിൽ ഗ്രാമസഭയുടെ അംഗീകാരം ലഭിക്കുന്നതിനു മുമ്പ് തന്നെ ആനുകൂല്യം നൽകാവുന്നതാണ്. ഏറ്റവും ആദ്യം വരുന്ന ഗ്രാമസഭയിൽ ലിസ്റ്റ് അവതരിപ്പിച്ചാൽ മതിയാകും
2. വരുമാന പരിധി പൊതു വിഭാഗത്തിന് 2 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് 3 ലക്ഷംരൂപയും ആയിരിക്കും . പട്ടിക വർഗ്ഗ വിഭാഗത്തിന് വരുമാനപരിധി ബാധകമല്ല.
3. ചെറുകിട നാമമാത്ര കർഷകർക്ക് വരുമാനപരിധി പരിഗണിക്കാതെ കാർഷിക ആനുകൂല്യം അനുവദിക്കാവുന്നതാണ്.
4. മൃഗസംരക്ഷണ മേഖലയിൽ വരുമാന പരിധി 5 ലക്ഷം ആയിരിക്കും.
5. പട്ടികജാതി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് വരുമാന പരിധി നോക്കാതെ വിദ്യാഭ്യാസ ആനുകൂല്യം നൽകാവുന്നതാണ്.
6. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് വിവിധ പദ്ധതികളിൽ വരുമാനം നോക്കാതെ ആനുകൂല്യം നൽകാവുന്നതാണ്.
7. ഗാർഹിക തല ഖരമാലിന്യ സംസ്കരണ യൂണിറ്റുകൾക്ക് വരുമാന പരിധി നോക്കാതെ ധനസഹായം നൽകാവുന്നതാണ്
8. സബ്സിഡി/ധനസഹായം അനുവദിക്കുന്നതിന് വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് വേണം. എന്നാൽ 10,000 രൂപ വരെയുള്ള ആനുകൂല്യങ്ങൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വയം തയ്യാറാക്കുന്ന സാക്ഷ്യപത്രമോ അല്ലായെങ്കിൽ വില്ലേജ് ഓഫീസർ രണ്ടു വർഷത്തിനുള്ളിൽ നൽകിയ സർട്ടിഫിക്കറ്റോ പകർപ്പോ മതിയാകുന്നതാണ്.
9. ജാതി തെളിയിക്കുന്നതിന് എസ്എസ്എൽസി ബുക്ക്/സ്കൂൾ രജിസ്റ്റർ

രേഖകളോ മുന്ന വർഷക്കാലയളവിൽ റവന്യൂ അധികാരികളിൽ നിന്നുള്ള രേഖകളോ മതിയാകുന്നതാണ്.

10. കർഷക ഗ്രൂപ്പുകൾക്കും പാടശേഖര സമിതികൾക്കും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്.
11. കാർഷിക ആനുകൂല്യങ്ങൾ നൽകു മ്പോൾ കർഷകൻ ഏത് തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിൽ താമ സിക്കുന്നു എന്നതല്ല കൃഷി ഭൂമി ഏത് തദ്ദേശ സ്ഥാപനത്തിലാണ് എന്നത് പരിഗണിച്ചാൽ മതിയാകും
12. പാലിന് സബ്സിഡി പരമാവധി 40000 രൂപവരെ അനുവദിക്കാവുന്നതാണ്.
13. അഞ്ച് കോഴികൾ ഉൾപ്പെട്ട ഒരു യൂണിറ്റിന് എല്ലാ വിഭാഗങ്ങൾക്കും 100 ശതമാനം സബ്സിഡി നൽകാം .
14. വെറ്റിനറി മരുന്നുകൾ നീതി/മാവേലി / സപ്ളൈക്കോ മെഡിക്കൽ സ്റ്റോറു കളിൽ നിന്നും നേരിട്ട് വാങ്ങാവുന്ന താണ്.
15. സ്വയം തൊഴിലിന് ആനുകൂല്യം അനു വദിക്കാവുന്നതാണ്.
16. ഭിന്നശേഷിക്കാർക്ക് പെട്ടിക്കടയ്ക്ക് എല്ലാ വിഭാഗങ്ങൾക്കും 60,000/- രൂപയും വനിതാ വിഭാഗത്തിന് 70,000/- രൂപയും നൽകാവുന്നതാണ്.
17. കർഷകർക്ക് പലിശ സബ്സിഡി അനുവദിക്കാവുന്നതാണ്.

## കുടിവെള്ളം- ജീവജലം

എല്ലാവർക്കും ശുദ്ധ കുടിവെള്ളം എന്നത് സർക്കാരിൻറെ പ്രഖ്യാപിത നയമാണ്. കുടിവെള്ള ലഭ്യത ഉറപ്പു വരുത്തു ന്ന പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ താഴെ പറയുന്നവ ഉറപ്പാക്കാവുന്നതാണ്.

പുതിയ തുറന്ന കിണർ നിർമിക്കാൻ ജനറൽ വിഭാഗത്തിന് 17,500/- രൂപയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് 35,000/ രൂപവരെയും സഹായം അനുവദി ക്കാവുന്നതാണ്.

ഇനി ഗാർഹിക കണക്ഷൻ നൽകു ന്നതിനാണ് പദ്ധതിയെങ്കിൽ ജനറൽ വിഭാഗത്തിന് 5000 രൂപ വരെ നൽകാം പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിന് യഥാർത്ഥ ചെലവും നൽകാം .

കിണർ നവീകരണത്തിന് ജനറൽ വിഭാഗത്തിന് പരമാവധി 8000 രൂപ വരെയും പട്ടികജാതിപട്ടികവർഗ്ഗ വിഭാ ഗങ്ങൾക്ക് പരമാവധി 16,000/- രൂപയും

അനുവദിക്കാവുന്നതാണ്.

ഇത്തവണയും 500 ലിറ്ററിന്റെ വാട്ടർ ടാങ്ക് വാങ്ങി നൽകാവുന്നതാണ്. പരമാ വധി 4000 രൂപവരെയുള്ള ടാങ്കുകൾ പട്ടി കജാതി വിഭാഗത്തിന് 75% സബ്സിഡി യിലും പട്ടിക വർഗ്ഗ വിഭാഗത്തിനു 100% സബ്സിഡിയിലും നൽകാവുന്നതാണ്.

## മൃഗസംരക്ഷണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്താം

തദ്ദേശ സ്ഥാപന പ്രദേശങ്ങളിലെ കന്നുകാലിസമ്പത്ത് ആ ജനതയുടെ വരുമാനമാർഗം കൂടിയാണ്. ആയതു കൊണ്ട് തന്നെ ഈ മേഖലയിലുണ്ടാകുന്ന വികസനം ജനങ്ങളുടെ ജീവിത നിലവാര വർദ്ധനവിന് തന്നെ കാരണമാകുന്നു . ഇക്കാരണത്താൽ തന്നെ ഈ മേഖലയിൽ പരമാവധി ഇനങ്ങൾക്ക് സബ്സിഡി അനു വദിക്കാൻ ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ട്.

- കറവയുള്ള പശുവിന് ജനറൽ വിഭാ ഗത്തിന് 50 % പരമാവധി 30,000 രൂപയും പട്ടികജാതി വിഭാഗങ്ങൾക്ക് 75% സബ്സിഡിയിൽ പരമാവധി 45,000 രൂപയും അനുവദിക്കാം. ജില്ലാ തലത്തിൽ നിശ്ചയിക്കുന്ന യൂണിറ്റ് കോസ്റ്റിനെ അടിസ്ഥാനമാക്കി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 100% സബ്സിഡി നൽകാം.
- കറവയുള്ള എരുമയെ വാങ്ങാൻ ജനറൽ വിഭാഗത്തിന് 50 % പരമാവധി 35,000 രൂപയും പട്ടികജാതി വിഭാ ഗങ്ങൾക്ക് 75% സബ്സിഡിയിൽ പരമാവധി 52,500 രൂപയും അനുവ ദിക്കാം. പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 100% സബ്സിഡി നൽകാം.
- കറവയന്ത്രങ്ങൾ വാങ്ങി നൽകി ക്ഷീര കർഷകരെ സഹായിക്കാവുന്നതാണ്.
- അതിനായി ജനറൽ വിഭാഗത്തിന് പരമാവധി 50 % സബ്സിഡിയിൽ 30,000 രൂപ വരെയും പട്ടികജാതി വിഭാഗത്തിന് 75 % സബ്സിഡിയിൽ 45,000 രൂപ വരെയും അനുവദിക്കാം. പട്ടിക വർഗ്ഗവിഭാഗത്തിന് 100 % സബ്സിഡി അനുവദിക്കാം.
- ഒരു ലിറ്റർ പാലിന് പരമാവധി 3 രൂപ വരെ (ഒരു വർഷത്തിൽ പരമാവധി 40,000 രൂപ വരെ എല്ലാ വിഭാഗങ്ങ ൾക്കും സബ്സിഡിയായി അനുവ ദിക്കാം.
- ക്ഷീരസംഘത്തിൽ പാൽ നൽകാത്ത കർഷകനാണെങ്കിൽ പശുവിനെ ഇൻഷ്വർ ചെയ്തിരുന്നാലും ഈ ആനു കൂല്യം പരമാവധി 20,000 രൂപ വരെ ലഭിക്കുന്നതാണ്.

## കോഴിയും കുഞ്ഞും തികച്ചും ഫ്രീ

ഇത്തവണത്തെ സബ്സിഡി മാർഗരേ ഖയുടെ ഏറ്റവും വലിയ സവിശേഷതയാണ് അടുക്കളമുറ്റത്തെ കോഴി വളർത്തൽ പദ്ധ തിയ്ക്കു വേണ്ടി അഞ്ച് കോഴിക്കുഞ്ഞുങ്ങളുടെ 600 രൂപ വരെ വിലവരുന്ന ഒരു യൂണിറ്റ്

എല്ലാ വിഭാഗങ്ങൾക്കും 100% സബ്സിഡി യ്ക്കു നൽകുന്ന എന്നത്.

നാട്ടിൻപുറങ്ങളിലെ മുട്ടയുൽപ്പാദന ത്തിൽ ഗണ്യമായ വർദ്ധനയുണ്ടാക്കാൻ ഈ പദ്ധതി കൊണ്ട് കഴിയുമെന്ന് ഉറപ്പാണ്.

## മത്സ്യ മേഖലയും ശക്തിപ്രാപിക്കട്ടെ

മത്സ്യ മേഖലയിലും ആകർഷകമായ സബ്സിഡിയാണ് ഇത്തവണ നൽകുന്നത്.

ഫൈബർ ബോട്ടുകൾ വാങ്ങുന്നതിന് യൂണിറ്റ് വിലയുടെ 75 % (പരമാവധി 37,500/-) രൂപ വരെയും പരമ്പരാഗത ചെറിയ തടിവള്ള ത്തിനും കട്ടമരത്തിനും ഗിൽനെറ്റ് നൽകാൻ യൂണിറ്റ് വിലയുടെ 75% (പരമാവധി 15,000/- രൂപ) വരെ അനുവദിക്കുന്നു.

ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ മത്സ്യബന്ധന വള്ളവും വലയും വാങ്ങു ന്നതിന് പരമാവധി 45,000 രൂപവരെ സബ്സിഡി അനുവദിക്കാവുന്നതാണ്.

## മുറ്റത്തൊരു മീൻതോട്ടം ആയാലോ...

ഫിഷറീസുമായി ബന്ധപ്പെട്ട് തീരദേ ശമില്ലാത്ത തദ്ദേശ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്ന പദ്ധതിയാണ് മുറ്റത്തൊരു മീൻതോട്ടം. വീടിനു സമീപത്ത് പോളിത്തീൻ ഷീറ്റ് വിരിച്ച ചെറിയ കുളങ്ങളിൽ മീൻ വളർ ത്തുന്ന ലളിതമായ പദ്ധതിയാണിത്.

യൂണിറ്റ് കോസ്റ്റ് 20,000 രൂപയാണ്. ജനറൽ വിഭാഗത്തിന് 8,000 രൂപയും പട്ടി കജാതി വിഭാഗത്തിന് 15,000 രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിന് മുഴുവൻ തുകയും സബ്സിഡിയായി നൽകുന്നു.

## സംരംഭകരേ ഇതിലേ... ഇതിലേ...

സ്വയംതൊഴിൽ അന്വേഷകരുടെ മുന്നിൽ അവസരങ്ങളുടെ ഒരു അക്ഷയ ഖനിയാണ് നമ്മുടെ സർക്കാർ തുറന്നിട്ട ന്നത്. ആയതുകൊണ്ട് തന്നെ വാർഷിക പദ്ധതി രൂപീകരിക്കുന്ന വേളയിൽ നമ്മുടെ നാട്ടിലെ തൊഴിലില്ലാത്ത തലമുറയെക്കൂടി മുന്നിൽകണ്ടു കൊണ്ടുള്ള പദ്ധതികൾ ആവി ഷ്കരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സ്വയം തൊഴിൽ പദ്ധതികളിൽ പ്രവാസി കൾക്ക് മുൻഗണന നൽകാനും ശ്രദ്ധിക്കു മല്ലോ...

വ്യക്തിഗത സ്വയംതൊഴിൽ പദ്ധ തിയ്ക്ക് ജനറൽ വിഭാഗത്തിന് പരമാവധി 60,000 രൂപ വരെയും പട്ടികജാതി പട്ടിക വർഗ വിഭാഗങ്ങൾക്ക് പരമാവധി 90,000 രൂപ വരെയും സഹായം അനുവദിക്കാവു ന്നതാണ്. 18 മുതൽ 59 വയസുവരെയുള്ള തൊഴിൽ രഹിതരായിക്കണം അപേ ക്ഷകർ. ഇതേ പദ്ധതി വനിതകൾക്ക് മാത്ര മായാണ് നൽകുന്നതെങ്കിൽ പരമാവധി 90,000 രൂപ വരെ സഹായം അനുവദിക്കാ വുന്നതാണ്.

സ്വയംതൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്കാ ണെങ്കിൽ ജനറൽ, പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് യഥാക്രമം 2,50,000 രൂപയും 3,75,000 രൂപയും സബ്സിഡി അനുവദിക്കാം. ഇവിടെയും 18 മുതൽ 59 വയസു വരെയുള്ള കുറഞ്ഞത് രണ്ട് പേരെ ങ്കിലുമുള്ള ഗ്രൂപ്പ് ആയിരിക്കണം.

## സ്വയം തൊഴിലിനായി വാഹനങ്ങൾ വാങ്ങാം......

കൂടാതെ പരമ്പരാഗത കൈത്തൊ ഴിലുകളുടെ പ്രോത്സാഹനത്തിനും സ്വയം തൊഴിലിനു വാഹനങ്ങൾ വാങ്ങുന്നതിനും സബ്സിഡി നൽകാവുന്നതാണ്.

സ്വയം തൊഴിലിനായി ഓട്ടോറിക്ഷ/ പിക് അപ് ഓട്ടോറിക്ഷ എന്നിവ വാങ്ങു ന്നതിന് ജനറൽ വിഭാഗത്തിന് പരമാവധി 50,000 രൂപയും പട്ടികജാതി വിഭാഗത്തിന് പരമാവധി 60,000 രൂപയും പട്ടികവർഗ വിഭാഗത്തിന് 75,000 രൂപയും ധനസഹായം അനുവദിക്കാവുന്നതാണ്.

കൂടാതെ ഭിന്നശേഷിക്കാർക്ക് പെട്ടി ക്കട, മൊബൈൽ സെയിൽസ് സർവീസ് യൂണിറ്റ്, ജീവിത ശൈലീ രോഗങ്ങളുടെ പരിശോധന മൊബൈൽ യൂണിറ്റുകൾ എന്നിവയ്ക്കും ആകർഷകമായ സബ്സിഡി പ്രഖ്യാപിച്ചിട്ടുണ്ട്.



## ലേശം പ്രയത്നിക്കാൻ തയ്യാറാണോ..... എങ്കിൽ നമുക്കൊരു മൊബൈൽ റസ്റ്റോറന്റ് ആരംഭിക്കാം.......

ഇന്ന് നഗരങ്ങളിലെയും ഗ്രാമങ്ങളി ലെയും സ്ഥിരം കാഴ്ചയായി മാറിയിരിക്കു കയാണ് മൊബൈൽ റസ്റ്റോറന്റുകൾ.. നമ്മുടെ തദ്ദേശ സ്ഥാപന പരിധിയിലും വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഒരു മൊബൈൽ റസ്റ്റോറന്റിനു ആനുകൂല്യം നൽകിയാലോ.. 18 മുതൽ 59 വയസുവരെ യുള്ള കുറഞ്ഞത് 2 പേരെങ്കിലുമുള്ള ഗ്രൂപ്പി നാണ് സഹായം നൽകുന്നത്. പരമാവധി 1,50,000 രൂപ ധനസഹായം നൽകാവുന്ന താണ്. പ്രവാസികൾ അല്ലെങ്കിൽ ഭിന്നശേ ഷിയുള്ളവരുടെ അതുമല്ലെങ്കിൽ നൈപുണ്യ പരിശീലനം നേടിയവരുടെ ഗ്രൂപ്പുകൾക്ക് മുൻഗണന നൽകാവുന്നതാണ്.

സംരംഭകർക്ക് പലിശ സബ്സിഡിയും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

## കർഷകരെ നമുക്ക് ചേർത്തു പിടിക്കാം... കാർഷിക മേഖലയിൽ ഒരുമിച്ച് മുന്നേറാം...

കാർഷിക മേഖലയാണ് നമ്മുടെ ഗ്രാ മങ്ങളിലെ വരുമാനത്തിന്റെ നട്ടെല്ല് എന്ന് പറയാം. അതു കൊണ്ട് തന്നെ വാർഷിക പദ്ധതിയിൽ ലഭിക്കുന്ന ഫണ്ടിന്റെ 30 ശതമാനം ഉത്പാദന മേഖലയ്ക്കായി നീക്കി വയ്ക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ജൈവവളം , കുമ്മായം , ഡോളമൈറ്റ്, ജൈവ/ജീവാണു കീടനാശിനികൾ ഫല -പുഷ്പ -ഔഷധ സസ്യ കൃഷിയ്ക്കുള്ള വിത്തുകളും തൈകളും, തെങ്ങിൻ തൈകൾ, ജാതി തൈകൾ, കുറ്റിക്കുരുമുളക് തൈകൾ എന്നിവയ്ക്ക് ജനറൽ വിഭാഗത്തിന് 75% വും പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 100% വും സബ്സിഡി അനുവദിക്കാവുന്ന താണ്. നെല്ല്, കുരുമുളക്, പച്ചക്കറി, ഭക്ഷ്യ വിളകളുടെ വിത്തുകൾ, പച്ചക്കറി തൈകൾ, കിഴങ്ങ് വർഗങ്ങൾ, വാഴ, ടിഷ്യു കൾച്ചർ വാഴ എന്നിവയ്ക്ക് എല്ലാ വിഭാഗങ്ങൾക്കും 100% സബ്സിഡി അനുവദിക്കാവുന്നതാണ്.

(സബ്സിഡി സംബന്ധിച്ച് കൂടുതൽ വായനയ്ക്ക് 28/05/2022 ലെ സ.ഉ (കൈ) നം 115/2022/തസ്വഭവ ഉത്തരവ് വായിക്കുക) ☐

*(ലേഖകൻ മൈലപ്ര ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കാണ്.)*

*ഭക്ഷണ രുചിക്കൂട്ട് മത്സരത്തിലെ ഒന്നാം സ്ഥാനക്കാർക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി.വി. മുഹമ്മദാലി സമ്മാനവിതരണം ചെയ്യുന്നു.*

# അന്യംനിന്നുപോകുന്ന പൈതൃക ഭക്ഷണങ്ങൾ

**അന്യംനിന്നുപോകുന്ന പൈതൃക ഭക്ഷണങ്ങളെ സമൂഹത്തിനു മുമ്പിൽ പുനരാവിഷ്കരിച്ച് നാദാപുരത്ത് കുടുംബശ്രീ ലോക പരിസ്ഥിതി ദിനത്തിൽ ജൈവ പൈതൃക ഭക്ഷ്യമേള സംഘടിപ്പിച്ചു.**

■ **ടി. ഷാഹുൽ ഹമീദ്**

നാദാപുരം ഗ്രാമപഞ്ചായത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ ലോക പരിസ്ഥിതി ദിനത്തിൽ ജൈവ പൈതൃക ഭക്ഷ്യമേള സംഘടിപ്പിച്ചു. പതിനഞ്ച് വാർഡുകളിൽ നിന്നായി 210 സ്ത്രീകളാണ് അന്യം നിന്നു പോയതും പ്രകൃതിയിൽനിന്ന് ലഭ്യമായതും ആരോഗ്യദായകവുമായ നൂറിൽപരം വിവിധതരം ഭക്ഷണ രുചിക്കൂട്ടുകൾ ഉണ്ടാക്കിയത്. വാർഡുകളിൽ നിന്നുള്ള മത്സരം ആയതിനാൽ ഓരോ വാർഡിൽ നിന്നും കൊണ്ടുവന്ന ഭക്ഷണ വിഭവങ്ങൾ പ്രത്യേകമായാണ് അണിനിരത്തിയത്. വിവിധതരം ചമ്മന്തികൾ, ഉപ്പേരികൾ, അച്ചാറുകൾ, പായസം, പുഴുക്കുകൾ, അപ്പങ്ങൾ, തോരനുകൾ, അടകൾ, വേവിച്ച ഭക്ഷണങ്ങൾ, ഹൽവകൾ, മിഠായികൾ, ദോശകൾ. വറുത്ത വിഭവങ്ങൾ, പോളകൾ, പുട്ടുകൾ, സലാഡുകൾ എന്നിങ്ങനെയുള്ള ഭക്ഷണ വിഭവങ്ങളാണ് പ്രധാനമായും സ്ത്രീകൾ മത്സരത്തിനെത്തിച്ചത്. ചക്ക, മാങ്ങ, ധാന്യങ്ങൾ, വാഴ, കിഴങ്ങ് വർഗങ്ങൾ, മറ്റ് പ്രകൃതിയിൽ നിന്നും എളുപ്പം ചിലവില്ലാതെ ലഭിക്കുന്ന വിഭവങ്ങൾ എന്നിവ ഉപയോഗിച്ചാണ് ഭക്ഷ്യവിഭവങ്ങൾ ഒരുക്കിയത്.

പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ഭക്ഷ്യമേള പഞ്ചായത്ത് പ്രസിഡന്റ് വി വി മുഹമ്മദലി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് അഖില മര്യാട്ട് അധ്യക്ഷതവഹിച്ചു. ജൈവ പൈതൃക സന്ദേശം

പഞ്ചായത്ത് സെക്രട്ടറി ടി ഷാഹുൽഹമീദ് നൽകി. സ്ഥിരം സമിതി അധ്യക്ഷൻ സി കെ നാസർ, കുടുംബശ്രീ ചെയർ പേഴ്സൺ പി പി റീജ, അസിസ്റ്റന്റ് സെക്രട്ടറി ടി പ്രേമാനന്ദ് എന്നിവർ സംസാരിച്ചു.അധ്യാപകനായ കെ റഷീദ്, അസിസ്റ്റന്റ് സെക്രട്ടറി ടി പ്രേമാനന്ദ്, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരായ അനില കുമാരി, ഫാത്തിമ, ഹരിത കേരള മിഷൻ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ കെ കുഞ്ഞി രാമൻ എന്നിവർ ഭക്ഷണം രുചിച്ചു നോക്കി, ശുചിത്വം, പോഷക ഘടന, വിവരണം നൽകിയ രീതി എന്നിവയിൽ പരിശോധന നടത്തി വിധി നിർണ്ണയം നടത്തി. മത്സര ത്തിൽ ഒന്നാം സ്ഥാനം നേടി വാർഡ് ഏഴ് ചിയ്യൂർ 3000 രൂപയുടെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും കരസ്ഥമാ ക്കി, രണ്ടാം സ്ഥാനം വാർഡ് 22ന് 2000 രൂപയും, മൂന്നാം സ്ഥാനം വാർഡ് 9 ന് ആയിരം രൂപയും ക്യാഷ് അവാർഡ് നൽകി .പങ്കെടുത്തവരിൽ നിന്നും അഞ്ചുപേർക്ക് 500 രൂപയുടെ ഗിഫ്റ്റ് വൗച്ചറുകളും മറ്റ് പങ്കെടുത്ത എല്ലാവർക്കും 500 രൂപയുടെ ക്യാഷ് അവാർഡും നൽകി.നാദാപുരം യുപി സ്കൂളിന് സമീപത്തുള്ള ഡേയിമ് ക്ലോത്ത് സ്റ്റോർ ആണ് സമ്മാനങ്ങൾ സ്പോൺസർ ചെയ്തത്, പഞ്ചായത്ത് പ്ര സിഡന്റ് വി വി മുഹമ്മദാലി സമ്മാനങ്ങൾ വിതരണം ചെയ്തു. ജൈവ പൈതൃക ഭക്ഷ്യ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്ന വർക്ക് പ്രോത്സാഹനം നൽകുവാനും, തുടർ പരിശീലനം നൽകി സബ്സിഡി നൽകുവാനും തീരുമാ നിച്ചു. മേളയിൽ അവതരിപ്പിച്ച മികച്ച ഇനം വിഭവങ്ങൾ തയ്യാറാക്കുന്ന രീതി പുസ്തക രൂപത്തിൽ നൽകുന്നതാണ് .പാചക കലയുടെ വൈഭവം ചാലിച്ചു ഒഴുക്കിയാണ് നാദാ പുരത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ പൈതൃക ഭക്ഷ്യ മേള അരങ്ങേറിയത്. തുടർന്നും ഭക്ഷ്യ വിപണന മേളകൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുവാനും തീരുമാനിച്ചു. □

*(ലേഖകൻ നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.)*

# പത്തനാപുരം

■ ഡോ. വിളക്കുടി രാജേന്ദ്രൻ

കൊല്ലം ജില്ലയിലെ ഒരു മലയോരതാലൂക്കും അതിന്റെ ആസ്ഥാനമായ നഗരവും. പത്തനാപുരം പഞ്ചായത്ത് ആസ്ഥാനവുംഇതുതന്നെ.പുനലൂർആയിരുന്നു പഴയ പത്തനാപുരം താലൂക്കിന്റെ കേന്ദ്രം. 2013 മേയ് 28-ന് പത്തനാപുരം വിഭജിച്ച് രണ്ടു താലൂക്കുകളാക്കി - പത്തനാപുരം, പുനലൂർ എന്നിങ്ങനെ. തുടർന്നാണ് താലൂക്കാസ്ഥാനപദവി പത്തനാപുരത്തിനു ലഭിച്ചത്. മലഞ്ചരക്കുവ്യാപാരകേന്ദ്രം എന്ന നിലയിൽ നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. മദ്രാസ് റെജിമെന്റിലെ ലെഫ്റ്റനന്റുമാരായിരുന്ന വാർഡും കോണറും ചേർന്ന് തയ്യാറാക്കിയ ട്രാവൻകൂർ-കൊച്ചി സർവേ സ്മരണകളിൽ (1818-1820) പത്തനാപുരത്തെ ഭൂസ്ഥിതിയെയും ജനജീവിതത്തെയുംപറ്റി വിവരിക്കുന്നു. 'വ്യാപാരികളായ ലബ്ബമാരും നസ്രാണി മാപ്പിളമാരുമാണ് ഇവിടെ താമസിക്കുന്നത്. ആറ്റിന്റെ പടിഞ്ഞാറേക്കരയിലുള്ള ക്ഷേത്രം പ്രസിദ്ധമാണ്. ക്ഷേത്രത്തോടനുബന്ധിച്ച് ബ്രാഹ്മണർക്കുള്ള ഊട്ടുപുരയുണ്ട്. വില്ലേജിന്റെ മധ്യഭാഗത്ത് ചുങ്കപ്പിരിവിനുള്ള ചൗക്കയുണ്ട്. കൊട്ടാരക്കര നിന്നുള്ള ഉദ്യോഗസ്ഥരാണ് ഇതിന്റെ ചുമതലക്കാർ. പടിഞ്ഞാറുഭാഗത്ത് ഭഗവതിക്ഷേത്രവും കിഴക്കതിരിൽ മുസ്ലീം പള്ളിയുമുണ്ട്. മലയടിവാരങ്ങളിൽ ബ്രാഹ്മണരും നായൻമാരും വസിക്കുന്നു' (വാല്യം 2, പു.92). രണ്ടു നൂറ്റാണ്ടുമുമ്പുള്ള സ്ഥലവിവരണമാണിത്. അതിനും എത്രയോകാലം മുമ്പു തന്നെ ഇതൊരു ജനവാസകേന്ദ്രമായി വികസിച്ചിരുന്നു എന്നു കരുതാം. സ്ഥലനാമപ്പൊരുൾ:ഗുണ്ടർട്ട് നിഘണ്ടുവിൽ പത്തനത്തിന് city, palace എന്നീ അർഥങ്ങൾ നൽകിയിട്ടുണ്ട്. രാജധാനിയുള്ള നഗരങ്ങളെയാണ് പത്തനങ്ങൾ എന്നു വിശേഷിപ്പിച്ചിരുന്നത്. കൊട്ടാരക്കര ആസ്ഥാനമായി ഭരിച്ച ഇളയിടത്തു സ്വരൂപത്തിന്റെ ഭരണസീമയിലിരുന്ന പ്രദേശങ്ങളാണ് പത്തനാപുരം മലമ്പ്രദേശങ്ങൾ. പത്തനാപുരത്ത് അവർക്ക് കൊട്ടാരം ഉണ്ടായിരുന്നു എന്നു കരുതാം. കൊട്ടാരത്തോട് (പത്തനം) ചേർന്ന പുരം (പട്ടണം) പത്തനാപുരമായതാവാം. ഇതിന് അവശേഷിക്കുന്ന തെളിവ് ഇവിടെയുള്ള ചേകം, മഞ്ചള്ളൂർ എന്നീ സ്ഥലനാമങ്ങളാണ്. 'ചേക'ത്തിന് സൈനികവൃത്തി എന്നർഥം. കൊട്ടാരത്തോട് ചേർന്ന സൈനികകേന്ദ്രമായിരുന്നോ ഇത്? മഞ്ചലിലേറിവന്ന രാജാക്കൻമാരാവില്ലേ 'മഞ്ചള്ളൂർ' എന്ന സ്ഥലനാമത്തിനു പിന്നിൽ? വ്യാപാരകളായ തമിഴ് മുസ്ലിങ്ങളുടെ ഒരു മുഖ്യകേന്ദ്രമായിരുന്നു പത്തനാപുരം. ഇന്നും ആ സ്വാധീനം തുടരുന്നു. അവരിൽ ഒരു വിഭാഗമായ പട്ടാണികളുടെ (പത്താൻ) പാർപ്പിടകേന്ദ്രം പത്തനാപുരമായി എന്ന് ഒരു വാദമുണ്ട്. കുണ്ടയത്ത് തമിഴ് സംസാരിക്കുന്ന മുസ്ലിങ്ങൾ ഇപ്പോഴും അധിവസിക്കുന്നു. പത്തനാപുരം ചന്തയുടെ ഒരു ഭാഗത്ത് ആനക്കൂട് ഉണ്ടായിരുന്നു. ഒരിക്കൽ പത്ത് ആനകളെ ഒരുമിച്ച് ഇവിടെ സൂക്ഷിച്ചു. അങ്ങനെ പത്തനാപുരം എന്ന പേരുണ്ടായെന്നും അത് പിന്നീട് പത്തനാപുരം ആയി മാറിയെന്നുമാണ് മറ്റൊരഭിപ്രായം. □

മലയാളം അടിച്ചേൽപ്പിക്കേണ്ടതല്ല, സ്വയം സ്വീകരിക്കേണ്ടതാണ്.

# കാലഗണന

■ ഡോ. എഴുമറ്റൂർ രാജരാജവർമ്മ

കാലത്തെ ഒരു ചക്രമായി കൽപ്പിക്കുന്നുണ്ട്. ദിനരാത്രങ്ങൾ, മാസം, ഋതു, സംവത്സരം എന്നിങ്ങനെ കാലം ആവർത്തിക്കുന്നു. ഭൂമി അതിന്റെ അച്ചുതണ്ടിൽ സ്വയം തിരിയുമ്പോൾ ദിനരാത്രങ്ങൾ ഉണ്ടാകുന്നു. ഇതാണ് ഒരു സൗരദിനം. ചന്ദ്രൻ ഭൂമിയെ ഒരു തവണ പ്രദക്ഷിണം വയ്ക്കുന്നതിനുള്ള കാലയളവിനെ ഒരു ചാന്ദ്രമാസം എന്നു പറയുന്നു. ഭൂമി സൂര്യനെ ഒരു തവണ പ്രദക്ഷിണം ചെയ്യാനെടുക്കുന്ന കാലയളവ് ഒരു സൗരവർഷമാണ്. ഈ ചലനങ്ങൾ കൊണ്ട് ഭൂമിയിൽ വരുന്ന മാറ്റങ്ങൾക്ക് ഋതുക്കൾ എന്നു പറയുന്നു. സൂര്യനെ അടിസ്ഥാനമാക്കിയുള്ള സൗരകലണ്ടറും ചന്ദ്രനെ ആധാരമാക്കിയിട്ടുള്ള ചാന്ദ്രകലണ്ടറും സൂര്യചന്ദ്രന്മാരെ അടിസ്ഥാനമാക്കിയുള്ള സൗര-ചാന്ദ്രകലണ്ടറും ഉണ്ട്.

ഭാരതത്തിൽ കലണ്ടറിന് പഞ്ചാംഗം എന്നു പറയുന്നു. കലിയുഗം, ശകവർഷം, ഹിജറ, കൊല്ലവർഷം എന്നിങ്ങനെ നാല് കാലഗണനാ സമ്പ്രദായങ്ങൾ, ബ്രിട്ടീഷ് ആധിപത്യത്തോടൊപ്പം ആരംഭിച്ച ഗ്രിഗേറിയൻ കലണ്ടറിനൊപ്പം നിലവിലുണ്ട്. ശക വർഷം ആരംഭിച്ചത് മേടം 1 ന് ആയതിനാൽ കൂറ് (രാശി) കണക്കാക്കുന്നത് മേടം, ഇടവം, മിഥുനം, കർക്കിടകം, ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം എന്നിങ്ങനെയാകുന്നു.

കൊല്ലവർഷം ആരംഭിച്ചത് ക്രിസ്തുവർഷം 825-ലാണ്. കൊല്ലവർഷം അഥവാ മലയാള വർഷം ആരംഭിച്ചതിനെപ്പറ്റി പല സിദ്ധാന്തങ്ങളുണ്ട്. ബി, സി 50-ൽ തുടങ്ങിയ സപ്തർഷി വർഷത്തിന്റെ നൂറുവർഷം വീതമുള്ള ആവർത്തനത്തിൽ പത്താമത്തെ ആവൃത്തിയോടെ കൊല്ലവർഷം തുടങ്ങിയെന്ന സിദ്ധാന്തത്തിനാണ് മുൻതൂക്കം, കാശ്മീരിലും സൗരാഷ്ട്രയിലും ഉത്തരമദ്ധ്യഭാരതത്തിന്റെ പല ഭാഗങ്ങളിലും സപ്തർഷിവർഷം പ്രചാരത്തിലിരുന്നു. അവിടെ നിന്നും തെക്കോട്ടുവന്ന ഋഷിവര്യന്മാർ കൊല്ലത്ത് എത്തിയപ്പോൾ സപ്തർഷി വർഷത്തിന്റെ ഒൻപതാമത്തെ ആവൃത്തി പൂർത്തിയാവുകയും പത്താമത്തെ ആവൃത്തി തുടങ്ങുകയും ചെയ്തു കൊല്ലത്ത് ചിങ്ങം 1 ന് ആരംഭിച്ച പുതുവർഷം കൊല്ലവർഷം എന്നറിയപ്പെട്ടു. അങ്ങനെ ചിങ്ങം 1 ആണ്ടുപിറപ്പും ചിങ്ങത്തിലെ പൊന്നോണം ആണ്ടു പിറപ്പിന്റെ ഉത്സവവുമായി.

ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം, മേടം, ഇടവം, മിഥുനം, കർക്കടകം എന്നിങ്ങനെ പന്ത്രണ്ടു മാസങ്ങൾ.

മലയാളം നാളുകൾ ഇവയാണ്. (1) അശ്വതി, (2) ഭരണി, (3) ത്രികാർത്തിക, (4) രോഹിണി (5) മകയിരം, (6) തിരുവാതിര, (7) പുണർതം, (8) പൂയം, (9) ആയില്യം, (10) മകം, (11) പൂരം, (12) ഉത്രം, (13) അത്തം, (14) ചിത്തിര, (15) ചോതി, (16) വിശാഖം, (17) അനിഴം, (18) തൃക്കേട്ട, (19) മൂലം, (20) പൂരാടം, (21) ഉത്രാടം, (22) തിരുവോണം, (23) അവിട്ടം, (24) ചതയം, (25) പൂരുട്ടാതി, (26) ഉത്രട്ടാതി, (27) രേവതി.

**മലയാളം അക്കങ്ങൾ താഴെപ്പറയുന്നു**

| | | | |
|---|---|---|---|
| ഒന്ന് | - ൧ | ആറ് | - ൬ |
| രണ്ട് | - ൨ | ഏഴ് | - ൭ |
| മൂന്ന് | - ൩ | എട്ട് | - ൮ |
| നാല് | - ൪ | ഒൻപത് | - ൯ |
| അഞ്ച് | - ൫ | പൂജ്യം | - ൦ |

കൊല്ലവർഷം, കലിവർഷം, ക്രിസ്തുവർഷം എന്നിവയെ ബന്ധിപ്പിക്കുന്ന ഒരു ശ്ലോകമുണ്ട്.

കൊല്ലത്തിൽ തരളാംഗത്തെ
കൂട്ടുമ്പോൾ കലിവത്സരം
കൊല്ലത്തിൽ ശരജംകൂട്ടി
ക്രിസ്ത്വാബ്ദം കണ്ടുകൊള്ളുക

**അക്ഷരങ്ങൾക്ക് സംഖ്യ നിശ്ചയിക്കുന്ന രീതി താഴെച്ചേർക്കുന്നു.**

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ | ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ | ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ | | | | | |
| യ | ര | ല | വ | ണ | ഷ | സ | ഹ | | |






കടപയാദി എന്ന സംഖ്യഗണന അനുസരിച്ച് ത -6, ര -2, ളാം – 9, ഗം -3

സംഖ്യ - 3926

കൊല്ലവർഷത്തോട് 3926 കൂട്ടിയാൽ കലിവർഷം കിട്ടും.

ശ -5, ര – 2, ജം – 8

സംഖ്യ – 825

അക്ഷരങ്ങൾക്ക് സംഖ്യ നിശ്ചയിച്ച് അക്കങ്ങളിൽ അക്ഷരങ്ങളെയും അക്ഷരങ്ങളിൽ അക്കങ്ങളെയും കുറിക്കുന്ന രീതിയാണ് കടപയാദി.

ക ട പ യ എന്നിവയ്ക്ക് സംഖ്യ 1 അതുകൊണ്ടാണ് കടപയാദി എന്ന പേരു വന്നത്. സ്വരങ്ങൾക്കും ചില്ലുകൾക്കും ഞ, ന എന്നിവയ്ക്കും സംഖ്യ 0. സ്വരങ്ങൾ വ്യഞ്ജനങ്ങളോട് ചേർന്നു നിൽക്കുമ്പോൾ വ്യഞ്ജനത്തിന്റെ സംഖ്യയും കൂട്ടക്ഷരങ്ങളിൽ അവസാനത്തെ വ്യഞ്ജനത്തിന്റെ സംഖ്യയും എടുക്കുന്നു. ഇങ്ങനെ കിട്ടുന്ന സംഖ്യ മറിച്ചെഴുതിയാണ് കടപയാദി സൂചിപ്പിക്കുന്നത്. കവിയുടെ പേരും രചനാകാലവുമൊക്കെ കൃതിയിൽ ഒളിപ്പിച്ചുവയ്ക്കാൻ കടപയാദി ഉപയോഗിച്ചിരുന്നു.

കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ മലയാംകൊല്ലം കാവ്യത്തിൽ പന്ത്രണ്ടദ്ധ്യായങ്ങളിലായി നമ്മുടെ പന്ത്രണ്ടു മാസങ്ങളെ വർണ്ണിക്കുന്നു. ഓരോ മാസത്തിന്റെ സവിശേഷതകളെല്ലാം വിവരിക്കുന്നുണ്ട്. കർക്കടക മാസത്തെപ്പറ്റിയുള്ള അദ്ധ്യായത്തിൽ ചികിത്സാവിധിയെപ്പറ്റി പറയുന്ന ഭാഗം ഇങ്ങനെ.

മുക്കുട്ടു കാച്ചിയതു കൊണ്ടു പിഴിഞ്ഞു വീഴ്ത്തൽ ചൊൽക്കൊണ്ടിടുന്ന നവരക്കിഴി, തേച്ചിരിപ്പ് തക്രാദിധാരകൾ ചികിത്സാകളിപ്രകാരമിക്കാലമിങ്ങു പലതും തുടരുന്നു കാണ്മേ. □

# ഗൃഹപാഠമായി മാറേണ്ട ശുചിത്വശീലങ്ങൾ

■ **മുരളീധരൻ തഴക്കര**

കോവിഡ് മഹാവ്യാധിയുടെ ഭീഷണി ഇനിയും പൂർണ്ണമായും ഒഴിഞ്ഞു മാറിയിട്ടില്ല. മാസ്ക് എന്ന മുഖംമൂടി ഒരു കാരണവശാലും അഴിച്ചുമാറ്റാതെയും, നന്നായി അകലം പാലിച്ചും, കൈകൾ സദാ സോപ്പിട്ടു കഴുകിയും രോഗത്തെ പ്രതിരോധിക്കുകയാണ് രക്ഷാമാർഗ്ഗം. കൂനിന്മേൽ കുരുകണക്കേ വെയിൽസ് പനിയും, കുരങ്ങുപനിയും, പക്ഷിപ്പനിയും ഡെങ്കിപ്പനിയും തുടങ്ങി എത്രയെത്ര പനികളാണ് ജീവനു ഭീഷണിയായി വീണ്ടും കടന്നുവരുന്നത്.

കേരളത്തിൽ കാലവർഷക്കാലം പൊതുവേ പനിക്കാലം കൂടിയാണ്. അതിനൊരു കാരണം കൊതുകുകൾ തന്നെയാണ്. കൊതുകുകൾ ക്രമാതീതമായി പെരുകുകയും കൊതുകുജന്യ പനിയടക്കമുള്ള സാംക്രമികരോഗങ്ങൾ കേരളത്തെ രോഗാതുരമാക്കി മാറ്റുകയും ചെയ്യുന്നുവെന്നത് പതിവ് കാഴ്ചയാണ്. ഇതാ ഇവിടെയാണ് കേരളത്തിൽ പരമ്പരാഗതമായി നിലനിന്നുപോന്ന ശുചിത്വശീലങ്ങളുടെ പ്രാധാന്യം. നമ്മുടെ പൂർവ്വീകർ വ്യക്തിശുചിത്വത്തേക്കാൾ പ്രാധാന്യമാണ് പരിസരശുചിത്വത്തിന് നൽകിയിരുന്നത്. വീടും വീട്ടുപരിസരവും കിണറും തോടും പുഴയുമെല്ലാം തെല്ലും മലിനമാകാതിരിക്കാൻ കണ്ണിൽ എണ്ണയൊഴിച്ചവർ കാത്തിരുന്നു- ജാഗ്രതയോടെ കാത്തിരുന്നു.

പഴയ ഗ്രാമീണ ജീവിതത്തിൽ ശുചിത്വബോധം ആരും അടിച്ചേൽപ്പിച്ചതല്ല. അത് താനെ ഉണ്ടായതാണ്. വ്യക്തിശുചിത്വം മാത്രമല്ല പരിസര ശുചിത്വവും, പുലർച്ചെ ഉണർന്നാലുടൻ പരപ്രേരണയില്ലാതെ മുറ്റം വൃത്തിയാക്കുന്നതിൽ തുടങ്ങും ശുചീകരണ പ്രവർത്തനം. മുറ്റത്തിനു തണലേകി തൊടിയിൽ മരങ്ങളില്ലാത്ത വീടുകളുണ്ടായിരുന്നില്ല പണ്ട്. അവയുടെ പഴുത്തതും ഉണങ്ങിയതുമായ ഇലകൾ വീണു കൊണ്ടേയിരിക്കും. രാവിലെയും വൈകിട്ടും രണ്ടുനേരമായി അത് തൂത്ത് വീട്ടുമുറ്റം കണ്ണാടിപോലെയാക്കും. ജൈവാവശിഷ്ടങ്ങളിൽ കന്നുകാലികൾക്ക് തിന്നാവുന്ന അങ്ങനെ പോകും. അല്ലാത്തവ മറ്റു തരത്തിലും.

പ്ലാസ്റ്റിക് എന്ന അത്ഭുതം പ്രചാരത്തിൽ വന്നിരുന്നില്ല. അതിനാൽ അവയെക്കുറിച്ച് ആധിവേണ്ടായിരുന്നു. പൊട്ടുന്ന കണ്ണാടി ചില്ലായിരുന്നു ഒരു അധികപ്പറ്റ് വസ്തു. മറ്റാർക്കും ഉപദ്രവമാകാതെ അത് പുരയിടത്തിന്റെ മൂലയിൽ നിക്ഷേപിക്കും. എലിയുടെയും  പാമ്പിന്റെയും മാളങ്ങളിൽ പ്രതിരോധമായും അവ വെച്ചിരുന്നു. പുല്ലുവളർന്ന് കാടാകാതെയും മാരകമായ കളനാശിനികളാൽ പുല്ലിനെ ഉന്മൂലനം ചെയ്യാതെയും സന്തുലിതമായി സൂക്ഷിച്ചു പോന്നു.

മുറ്റം തൂത്തുകഴിഞ്ഞാൽ നല്ല പച്ചച്ചാണകം വെള്ളത്തിൽ കലക്കി മുറ്റത്തും വീടിന്റെ ഇറയത്തും തളിക്കും. വീടിനകവും മുറ്റവും തൂത്തിറക്കി ചാണകവെള്ളം തളിച്ച് ശുദ്ധിയാക്കണം എന്ന കാര്യത്തിൽ കുടുംബത്തിലെ മുത്തശ്ശിമാർക്കും കാരണവന്മാർക്കും നിർബന്ധമുണ്ടായിരുന്നു. അടുപ്പിലെ ചാരം വാരി മാറ്റി തലേദിവസം ഭക്ഷണം പാകം ചെയ്തതും ഭക്ഷണം കഴിച്ചതുമായ പാത്രങ്ങളെല്ലാം കിണറിനുസമീപത്തായി

അക്കാലത്ത് വീടിന്റെ തറ വെറും തറ തന്നെയായിരുന്നു. ചാണകം മെഴുകിയ തറ, ഇന്നത്തെപ്പോലെ വില കൂടിയ വെർട്ടിഫൈഡ് ടൈൽസോ, മാർബിളോ ആയിരുന്നില്ല.

നട്ടിട്ടുള്ള വാഴച്ചുവട്ടിലാകും. ഇവയെല്ലാം കഴുകിവൃത്തിയാക്കി അടുക്കളയിൽ തിരികെ എത്തിക്കുന്നതോടെയാണ് അടുക്കള സജീവമാകുന്നത്. അടുപ്പിലെ ചാരം അഥവാ വെണ്ണീറാണ് പാത്രം കഴുകുന്നതിനുള്ള ഡിറ്റർജന്റ്. വാൽക്കിണ്ടി, ലോട്ട, മൊന്ത എന്നിവ ദിവസവും കഴുകി വൃത്തിയാക്കി വെള്ളം നിറച്ച് പൂമുഖപ്പടിയിൽ വയ്ക്കും. ഇവയിൽ നോക്കിയാൽ കണ്ണാടിയിലെന്ന പോലെ മുഖം പ്രതിബിംബിക്കണം എന്നതാണ് പഴയകാല നിഷ്ഠ.

കിണറും പരിസരവും ശുചിയായി സൂക്ഷിക്കുന്നതിൽ നമ്മുടെ മുൻ തലമുറ മറ്റെന്തിനേക്കാളുമേറെ പ്രാധാന്യം നൽകിയിരുന്നു. കിണർ മാത്രമല്ല, കിണറിന്റെ പരിസരം പോലും എത്ര വെടിപ്പായി സൂക്ഷിച്ചിരുന്നു. വെള്ളം കോരിയെടുത്തു കഴിഞ്ഞാൽ പാളയാകട്ടെ, തൊട്ടിയാകട്ടെ അതു കമഴ്ത്തിവയ്ക്കണമെന്നതായിരുന്നു ചിട്ട. വർഷത്തിലൊരിക്കൽ വെള്ളവും അഴുക്കും ചെളിയുമൊക്കെ നീക്കം ചെയ്ത് കിണർ ഇറച്ച് വൃത്തിയാക്കുക എന്നത് ഒഴിവാക്കാനാവാത്ത കാര്യമായിരുന്നു. ഈ കാര്യത്തിലും ഒരു ഗ്രാമീണ കൂട്ടായ്മയും അയൽപക്ക പാരസ്പര്യവുമുണ്ടായിരുന്നു. കിണർ ശുചീകരിക്കുന്നതും പഴയകാല ഗ്രാമജീവിതത്തിൽ ഒരാഘോഷവും ഉത്സാഹവുമായിരുന്നു.

അക്കാലത്ത് വീടിന്റെ തറ വെറും തറ തന്നെയായിരുന്നു. ചാണകം മെഴുകിയ തറ, ഇന്നത്തെപ്പോലെ വില കൂടിയ വെർട്ടിഫൈഡ് ടൈൽസോ, മാർബിളോ ആയിരുന്നില്ല. ഒന്നോ, രണ്ടോ മാസം കൂടുമ്പോൾ നല്ല പശിമയുള്ള മണ്ണും ചാണകവും ചിരട്ടക്കരിനന്നായി പൊടിച്ചതും ചേർത്ത് സിമന്റ്

# ...എന്ന് വായനക്കാർ

രണ്ടാം ഇടതുമുന്നണി സർക്കാർ വരുന്ന 25 വർഷകാലത്തെ വികസനകാഴ്ചപ്പാടോടുകൂടി നവകേരളം സാക്ഷാത്കരിക്കുന്നതിനു വേണ്ടിയുള്ള ബൃഹത്തായ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്. ജനകീയാസൂത്രണത്തിന്റെ 25 വർഷങ്ങൾ കടന്നുപോകുമ്പോൾ പൂർണതയിലെത്തിയില്ലായെങ്കിലും സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ ഒട്ടേറെ മാറ്റങ്ങൾക്ക് വിധേയമായിട്ടുള്ള സംസ്ഥാനമാണ് കേരളം. സർക്കാർ വിഭാവനം ചെയ്ത ലൈഫ് മിഷൻ, ഹരിതകേരളമിഷൻ, ആർദ്രംപദ്ധതി, വിദ്യാകിരണം എന്നിവയിലൂടെ നവകേരളം സൃഷ്ടിക്കുവാൻ നമുക്ക് സാധിക്കും എന്ന ദൃഢനിശ്ചയം സർക്കാരിനുണ്ട്. 2018 മുതലുള്ള പ്രതികൂല കാലാവസ്ഥയിൽ നിന്നും മഹാമാരികളിൽ നിന്നും നാം കരകയറിയത് ഇച്ഛാശക്തിയുള്ള ഒരു ഭരണകൂടം ഉള്ളതിനാലാണ്. പതിനാലാം പഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നതിനായി ബഹു സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പരിചയപ്പെടുത്തികൊണ്ട് ശ്രീ ഹുസൈൻ മിന്നത്ത് പ്രസിദ്ധീകരിച്ച ലേഖനം അതിന്റെ ഉള്ളടക്കം കൊണ്ടും ശൈലി കൊണ്ടും വളരെ ആകർഷകമായി. ഭാവി തലമുറയ്ക്കുവേണ്ടി ഉത്തരവാദിത്വബോധത്തോടെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചെറുതും വലുതുമായ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. അതുപോലെ തന്നെ 2022-23 വാർഷിക പദ്ധതി നടപടി ക്രമങ്ങൾ സംബന്ധിച്ച് ശ്രീ ദീപു പ്രസിദ്ധീകരിച്ച ലേഖനവും കാലികപ്രസക്തമായിരുന്നുവെന്ന് പറയട്ടെ ചുരുക്കത്തിൽ പഞ്ചായത്ത് രാജ് മാസികയുടെ ഏപ്രിൽ ലക്കത്തിന്റെ ഉള്ളടക്കം കാലികപ്രസക്തവും ഉന്നത നിലവാരം പുലർത്തുന്നതും ആയിരുന്നു. ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാപേർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**കെ. ഓമനക്കുട്ടൻ**
ആലപ്പുഴ

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

ചാലിക്കുന്നതുപോലെ കുഴച്ച ചാന്തുപോലെയാക്കി കൈകൊണ്ട് മെഴുകും. ഉണങ്ങിക്കഴിഞ്ഞാൽ അതൊരഴകായിരുന്നു. ആദ്യത്തെ ഒന്നു രണ്ട് ദിവസങ്ങളിൽ ചാണകത്തിന്റെ നേരിയൊരു ഗന്ധം അനുഭവപ്പെട്ടേക്കാം. പക്ഷേ അത് അരോചകമായ ഒരു ദുർഗന്ധമായി ഒരിക്കലും അനുഭവപ്പെട്ടിരുന്നില്ല. ഓസോൺപാളി ഭൂമിക്കൊരു പ്രതിരോധക്കുടയും രക്ഷാകവചവും ആകുന്നതുപോലെ ചാണകം മെഴുകിയ തറ ഒരു ആരോഗ്യ രക്ഷാകവചമായിരുന്നു. വാതസംബന്ധമായ രോഗങ്ങളുള്ളവർക്ക് അതൊരു ചികിത്സയായിരുന്നു. പരോക്ഷമായി ചാണകത്തിന്റെ ഈ സാന്നിധ്യം രോഗകാരികളായ ചില ബാക്ടീരിയകളേയും മറ്റും ചെറിയൊരളവിലെങ്കിലും പ്രതിരോധിക്കുകയും ചെയ്തിരുന്നു.

മണ്ണിനും മനുഷ്യനും ഭാരമായി മാറുന്നതൊന്നും വീടിന്റെ ചുറ്റുപാടുകളിലേക്കോ, വഴിയോരങ്ങളിലേക്കോ വലിച്ചെറിഞ്ഞിരുന്നില്ല. അങ്ങനെയുള്ള വിനാശകാരികളായ വസ്തുക്കളുടെ ധാരാളിത്തവും ഉപയോഗവും നമ്മെ കീഴ്പ്പെടുത്തിയിരുന്നുമില്ല. ആഹാരസാധനങ്ങൾ പോലും മിച്ചം വരാറില്ല. അഥവാ അൽപ്പമാത്രമായി അധികം വന്നാൽ തന്നെ അത് കന്നുകാലികൾക്കും കോഴികൾക്കും മറ്റും ആഹാരമാകും. ഫ്രിഡ്ജും ഫ്രീസറും നമ്മുടെ ജീവിതത്തെ വല്ലാതെ തണുപ്പിച്ചിരുന്നില്ല അന്ന്. അതിനാൽ ഒന്നും തന്നെ വീണ്ടും വീണ്ടും ചൂടാക്കി കഴിച്ചിരുന്നുമില്ല. എന്തെങ്കിലും അടുക്കള അവശിഷ്ടങ്ങൾ ഉണ്ടെങ്കിൽ അത് തൊടിയിലെ വാഴക്കുഴിയിലോ, ചേനത്തടത്തിലോ ഇടുകയും അത് മണ്ണിന് വളമായി മാറുകയും ചെയ്യും.

അന്ന് ഓരോ വീടും ഒരു ശുചിത്വമിഷനായിരുന്നു. ആഴ്ചയിലൊരു ദിവസം ഡ്രൈ ഡേ ആചരിക്കണമെന്ന് സർക്കാരിന്റെ ശുചിത്വമിഷൻ ഇപ്പോഴിതാ വിവിധ വാർത്താമാധ്യമങ്ങളിലൂടെ നിരന്തരം നമ്മെ ഓർമ്മിപ്പിക്കുന്നു. വർത്തമാനകാല സാഹചര്യത്തിൽ ഇത് കൂടിയേതീരൂ. എന്നാൽ ആരുടെയും പ്രേരണ കൂടാതെ പണ്ടു പണ്ടേ കേരളീയ കുടുംബങ്ങളിൽ നാം ചെയ്തു പോന്നിരുന്ന കാര്യമാണിത്. ഒന്നോ രണ്ടോ ആഴ്ചയിലൊരിക്കൽ വീടിന്റെ പരിസരത്ത് അങ്ങിങ്ങായി കിടക്കുന്ന കരിയിലകൾ, ചപ്പുചവറുകൾ, ഉണങ്ങിയ തൊണ്ടാൻ, ചിരട്ട എന്നിവയെല്ലാം ഒന്ന് രണ്ടു സ്ഥലങ്ങളിലായി കൂട്ടിക്കൂട്ടി തീയിടുന്നു, അല്ലെങ്കിൽ തെങ്ങിൻ തടത്തിൽ പുതയിടുന്നു. ഇപ്പോൾ നാം അതിനെ ഡ്രൈ ഡേ എന്ന് ആലങ്കാരികമായി പറയുന്നു എന്നേയുള്ളൂ.

മുമ്പ് നാം വീടിനുപുറത്തുമാത്രം ചെയ്തിരുന്ന കാര്യങ്ങളൊക്കെയും ഇപ്പോൾ വീട്ടിനുള്ളിൽ തന്നെ ചെയ്യുന്നതാണ് പുതിയകാലത്തിന്റെ ശീലം. പല്ലുതേയ്ക്കുന്നതും പ്രഭാതകൃത്യങ്ങളെല്ലാം ചെയ്യുന്നതും കുളിക്കുന്നതും വസ്ത്രം കഴുകുന്നതും പാത്രം കഴുകുന്നതുമെല്ലാം വീട്ടിനുള്ളിൽ തന്നെയാണ്. കിണറിനടുത്തേയ്ക്ക് നാം പോകുന്നതേയില്ല. ഒരു സ്വിച്ചമർത്തിയാൽ വാട്ടർ ടാങ്കിൽ വെള്ളം നിറയും. പൈപ്പ് തിരിച്ചാൽ വെള്ളം സുലഭം, ആർക്കും ഒന്നിനും നേരമില്ല. ഒരുപാട് ജോലിത്തിരക്കുകൾക്കിടയിൽ വീടിന്റെ പരിസരത്തിറങ്ങുവാനും പരിസരം വൃത്തിയാക്കുവാനും എവിടെയാണ് നേരം? മുറ്റം കോൺക്രീറ്റ് ചെയ്ത് ദിവസവും മുറ്റം തൂക്കുന്ന ജോലി ഒഴിവാക്കുകയും ചെയ്തു. പണ്ട് നാം സ്വമേധയാ ആവശ്യബോധത്തോടെ ചെയ്തുപോന്നിരുന്ന പല ജീവിതനന്മകളും ഇന്നിതാ സർക്കാരിന്റെ ശുചിത്വമിഷനും നിരവധി ഏജൻസികളും നമ്മെ നിരന്തരം ഓർമ്മിപ്പിക്കേണ്ടിവരുന്നു.

ശുചിത്വം പാലിക്കുകയും, വീടും പരിസരവും ശുചിയാക്കിയിടുകയും, മാലിന്യങ്ങൾ പൊതു ഇടങ്ങളിലേക്കും, ജലാശയങ്ങളിലേക്കും വലിച്ചെറിയാതിരിക്കുകയും വേണമെന്നത് ഒരു സർക്കാർ ഉത്തരവിലൂടെ അനുസരിക്കയും അനുസരിപ്പിക്കുകയും ചെയ്യേണ്ട കാര്യമല്ല. അത് ജീവിതചര്യയുടെ ഭാഗമാകണം, അത് മറന്നുകൂടാതെ ശീലമായി മാറണം. കേരളം രോഗാതുരമാകാതിരിക്കാൻ അതൊരു മറുമരുന്നാണ്. □

## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

# പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) May 2022
Annual Subscription ₹120, Published on 20 May 2022 RNI. No. : 7959/61

Printed & Published by H. Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Kowdiar P.O., Thiruvananthapuram - 695 003, Kerala. Editor: H. Dineshan IAS